കേരള സർക്കാർ

ജനുവരി 2021

# ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം



എ.ഡി.ഡി.എൽ ബയോ സേഫ്റ്റി ലെവൽ II ലാബ് ഉദ്ഘാടനം



നാട്ടാനകൾക്ക് കോവിഡ് കാലത്ത് ഖരാഹാര വിതരണം



ജനുവരി 2021

# ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം

*ചീഫ് എഡിറ്റർ*
**ഡോ.കെ.എം.ദിലീപ്**
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

*എഡിറ്റർ*
**ഡോ.മീര അൺവിൻ ആന്റണി**
അസിസ്റ്റന്റ് ഡയറക്ടർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

*അസോസിയേറ്റ് എഡിറ്റേഴ്സ്*
**ഡോ. ജി.ആർ. ഹരികൃഷ്ണകുമാർ**
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

**ഡോ. ബേബി ജോസഫ്**
ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ
സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രം, പാലോട്.

**ഡോ. ലൈബി പോളിൻ**
അഡിഷണൽ ഡയറക്ടർ (പ്ലാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. ടെറൻസ്.ബി.റെമഡി**
അഡിഷണൽ ഡയറക്ടർ (എ.എച്ച്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

*അംഗങ്ങൾ*
**ഡോ. മാഹീൻ. എം**
ഡെപ്യൂട്ടി ഡയറക്ടർ (ഇ)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. എസ്. ജയചന്ദ്രൻ**
ഡെപ്യൂട്ടി ഡയറക്ടർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

**ഡോ. ഷജിൽ എ.എച്ച്**
അസിസ്റ്റന്റ് ഡയറക്ടർ (പ്ളാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. അനൂപ്. ആർ**
വെറ്ററിനറി സർജൻ
മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ
തിരുവനന്തപുരം

**ഡോ. ഗണേഷ്. ജി**
വെറ്ററിനറി സർജൻ II, (പ്ളാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്

**ഡോ. നായർ ശ്രീജമുരളീധരൻ**
വെറ്ററിനറി സർജൻ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

**ഡോ. ബിമൽ ആർ.എസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
മൃഗസംരക്ഷണ വകുപ്പ്

*കവർ ഫോട്ടോ*
**ഡോ. അനൂപ് ആർ**
*ഡിസൈൻ & ലേ ഔട്ട്*
communiqué.tvm

*രചനകളുടെ ഉത്തരവാദിത്തം പൂർണ്ണമായും ലേഖകരുടേതുമാത്രമാണ് – സർക്കാരിന്റേതല്ല.*

സംസ്ഥാന സർക്കാർ മൃഗസംരക്ഷണ മേഖലയ്ക്ക് നൽകി വരുന്ന പിന്തുണ വിലമതിക്കാനാകാത്തതാണ്. പ്രളയം തകർത്ത കേരളത്തെ പുനർ നിർമ്മിക്കുന്ന ശ്രമകരമായ ദൗത്യം ഏറ്റെടുക്കുമ്പോളാണ് കോവിഡ്-19 മഹാമാരിയും വന്നു ചേർന്നത്. ഈ പ്രതിസന്ധികളെ അതിജീവിക്കുന്നതിൽ ഏറെ ആശ്രയിക്കാൻ കഴിയുന്ന മേഖലകളിൽ പ്രധാനപ്പെട്ടതാണ് മൃഗപരിപാലനം.

സർക്കാർ ഇടപെടൽ ശക്തമാക്കിക്കൊണ്ട് ഉല്പാദന വർദ്ധനവും വരുമാനം ഉയർത്തുന്നതുമായ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടു. ജീവനോപാധികൾ സൃഷ്ടിക്കുന്നതിനുള്ള വിവിധ പദ്ധതികൾ, ഉല്പാദന വർദ്ധനവിനായി ഫാമുകളുടെ ശാക്തീകരണ പ്രവർത്തനങ്ങൾ, സുഭിക്ഷ കേരളം പദ്ധതി, റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ഭാഗമായി ഏറ്റെടുത്ത വരുമാനദായക സംരംഭങ്ങൾ തുടങ്ങിയവ ശ്രദ്ധേയമായ പ്രവർത്തനങ്ങളായിരുന്നു. കർഷകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനവും ഏറ്റെടുത്തു. മൃഗസംരക്ഷണത്തിന്റെ ഭാഗമായുള്ള വെറ്ററിനറി സേവനം ഇദംപ്രഥമമായി 24 മണിക്കൂറും ലഭിക്കുന്നതിനുള്ള അവസരം സംസ്ഥാനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ സാധ്യമാവുകയും ചെയ്തു. രാത്രികാല മൃഗചികിത്സാ സേവനം മുഴുവൻ ബ്ലോക്കുകളിലും ഏർപ്പെടുത്തി. കുറഞ്ഞ ചെലവിൽ കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി വ്യാപകമാക്കുകയും കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി മേഖലയിലെ സർക്കാർ സംവിധാനം പുന:ക്രമീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

ഗുണമേൻമയുള്ള പാൽ, മുട്ട, മാംസം എന്നീ ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നുള്ളത് ആരോഗ്യമുള്ള സമൂഹത്തെ നിലനിർത്തുന്നതിന് അനിവാര്യമാണ്. കർഷകന്റെ വരുമാന വർദ്ധനവ് സാധ്യമാക്കി ഗുണമേൻമയുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടികളാണ് നാം ഏറ്റെടുക്കേണ്ടത്. അതിലേയ്ക്ക് മൃഗസംരക്ഷണ മേഖലയെ പ്രയോജനപ്പെടുത്തുന്നതിന് കൂട്ടായി പരിശ്രമിക്കാം. മൃഗപരിപാലനത്തെ ഉൾപ്പെടുത്തി കാർഷിക-മത്സ്യ മേഖലകൾക്ക് സഹായകമാ കുന്ന പരിസ്ഥിതി സൗഹൃദ ജീവജാലകം തുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ 2021 പുതുവർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി കൂട്ടിച്ചേർത്ത് ഏറ്റെടുക്കുക തന്നെ ചെയ്യും.



ഡോ.കെ.എം.ദിലീപ്

## ഉള്ളടക്കം


05 ആരണ്യം മുതൽ അലയാഴിവരെ വികസന തേരോട്ടം

09 കുരുന്നു കൈകളുടെ പരിലാളനയിൽ

12 വനജീവിതം അതിജീവനം

17 പക്ഷിപ്പനി കരുത്തും കരുതലും

21 കുളമ്പ് രോഗ നിയന്ത്രണ പദ്ധതി

26 ഓ ഇത് സിമ്പിളല്ലയോ

32 സറ - ക്ഷീരമേഖലയിലെ വില്ലൻ

36 സ്കൂൾ പൗൾട്രി ക്ലബ് പുതുമാതൃകയിൽ

39 സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD)

42 ചിത്രശലഭം എന്ന അപൂർവ പ്രതിഭാസം

46 പ്രകൃതിയുടെ കലവറയിൽ

49 വിളക്കണയാത്ത മൃഗാശുപത്രികൾ

50 എത്നോ വെറ്ററിനറി പ്രാക്ടീസ് അഥവാ പാരമ്പര്യ മൃഗാരോഗ്യ സംരക്ഷണം

56 അളവൊത്ത കുളമ്പുകളും ഉല്പാദന ക്ഷമതയും

57 വേനൽക്കാല പരിരക്ഷ പക്ഷിമൃഗാദികൾക്കും

59 മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ

61 തിരുവനന്തപുരം മൃഗശാലയിലൂടെ

65 കർഷകമനസ്സുമായി ജനസേവനം

68 ശാസ്ത്രീയമായ പന്നിവളർത്തൽ

75 കുരിശുമലയിലെ വിജയഗാഥ


# ആരണ്യം മുതൽ അലയാഴിവരെ വികസന തേരോട്ടം




**അഡ്വ. കെ. രാജു**
വനം-മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് മന്ത്രി


അസ്തമിക്കുന്ന ഒരു വെറും പകലല്ല വികസനം എന്ന് തെളിയിച്ചു കഴിഞ്ഞു കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. കഴിഞ്ഞ നാലര വർഷക്കാലം കൊണ്ട് പ്രകടനപത്രികയിൽ പറഞ്ഞിരുന്ന എല്ലാ കാര്യങ്ങളും എണ്ണിയെണ്ണി നടപ്പിലാക്കി ജനവിശ്വാസം ആർജ്ജിക്കുവാൻ കഴിഞ്ഞുവെന്നതാണ് ഈ സർക്കാരിന്റെ പ്രധാന നേട്ടം.

പരമ്പരാഗത-കാർഷിക-വ്യവസായ-വിദ്യാഭ്യാസ-മൃഗസംരക്ഷണ മേഖലകളിലൊക്കെയും സമാനതകളില്ലാത്ത മുന്നേറ്റം നടത്തി സാധാരണക്കാരുടെ ഹൃദയങ്ങളിൽ ഇടം നേടാൻ കഴിഞ്ഞു എന്നതാണ് ഇക്കാലയളവിലെ ചാരിതാർത്ഥ്യജനകമായ കാര്യം. മഹാമാരി കാലത്ത് വിതരണം ചെയ്ത ഭക്ഷ്യകിറ്റുകളും, ഈ ഗവൺമെന്റിന്റെ തുടക്ക കാലം മുതൽ ഇരട്ടിയായി വർദ്ധിപ്പിച്ച ക്ഷേമപെൻഷനുകളും വികസനത്തിനായി ഉപയോഗിച്ച കിഫ്ബി ഫണ്ടുകളുമൊക്കെ ഈ സംസ്ഥാനത്തിന്റെ പൊതുപുരോഗതിയിൽ കാര്യമായ ഇടം നേടി. രോഗ-പ്രളയ പ്രതിസന്ധികളിൽ പാവപ്പെട്ടവരോട് എന്നും തോളോട് തോൾ ചേർന്ന് നിന്ന് ഈ സർക്കാരിന്റെ പ്രതിബദ്ധത തെളിയിക്കാൻ കഴിഞ്ഞത് വലിയ നേട്ടമായി ഞാൻ കാണുന്നു. രണ്ടു കണ്ണുകൾക്കിടയിൽ മൂക്കുള്ളത് കണ്ണാടി വയ്ക്കാനാണെന്നും ഒരു നദിക്കിരുപുറവും കരകളുള്ളത് പാലം കെട്ടാനാണെന്നുമുള്ള പൊള്ളയായ വികസന സങ്കല്പങ്ങളത്രയും വലിച്ചെറിഞ്ഞ് ജനപക്ഷ വികസനമാണ് ഈ സർക്കാർ കൊണ്ടുവന്നത്. അതുകൊണ്ടു തന്നെയാണ് ജനലക്ഷങ്ങൾ ഇന്നും സർക്കാരിനെ വിശ്വാസത്തിലെടുക്കുന്നത്. ഭാവനാപൂർണ്ണമായ ആസൂത്രണം ഓരോ രംഗത്തും ഉണ്ടായിരുന്നു. എന്റെ വകുപ്പിൽ ഉദ്യോഗസ്ഥരെയും തദ്ദേശ സ്വയം ഭരണ ജനപ്രതിനിധികളെയും ഒക്കെ വിശ്വാസത്തിലെടുത്ത് നടപ്പിലാക്കിയ ഏതാനും നിർണ്ണായക വികസന മുഹൂർത്തങ്ങൾ ഇത്തരുണത്തിൽ ഓർത്തുകൊള്ളട്ടെ.

കാടാണ് നമ്മുടെ ജീവൻ നിലനിർത്തുന്നത്. വനത്തെ സ്വാഭാവിക വനമായി തന്നെ കണ്ട് നടത്തുന്ന സത്യസന്ധമായ വികസന പ്രവർത്തനങ്ങളാണ് വനം വകുപ്പിൽ നടന്നത്. വനവിസ്തൃതിയുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകി. വനത്തിന് പുറത്തുള്ള വനാവരണത്തിന്റെ കാര്യത്തിലും ശ്രദ്ധയുണ്ടായിരുന്നു. ലക്ഷക്കണക്കിന് വൃക്ഷത്തൈകൾ വനത്തിൽ വച്ച് പിടിപ്പിച്ച് വനത്തിനുള്ളിലെ സ്വാഭാവിക വനം നിലനിർത്തുവാൻ കഴിഞ്ഞു. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം




എക്കാലത്തെയും വലിയ തലവേദനയായിരുന്നു. വന്യജീവി ആക്രമണം മൂലം മരിച്ചു പോകുന്ന സാധാരണക്കാർക്ക് നൽകുന്ന നഷ്ടപരിഹാരം ഇരട്ടിത്തുകയായി വർദ്ധിപ്പിച്ച സർക്കാരാണിത്. അഞ്ച് ലക്ഷമായിരുന്ന തുക പത്ത് ലക്ഷമാക്കി. നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നിബന്ധനകൾക്ക് വിധേയമായി വെടിവെച്ച് കൊല്ലുവാൻ അധികാരം നൽകിയതോടെ കർഷകരുടെ ജീവനോപാധികളാണ് കാത്തുസൂക്ഷിച്ചത്. പാമ്പുകടിയേറ്റുള്ള മരണം വനത്തിനുള്ളിലാണെങ്കിൽ അതിന് ചികിത്സാ സഹായം നൽകി. പാമ്പു പിടുത്തത്തിന് ചില ക്രമവും ചിട്ടയും ഏർപ്പെടുത്തി. വിഷം സംഭരിച്ച് വിൽക്കുന്നവരും ഇഴജീവികളെ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവർക്കും കനത്ത താക്കീത് നൽകി. 525 ജീവനക്കാർക്കാണ് ശാസ്ത്രീയമായ പാമ്പ് പിടുത്തത്തിന് പരിശീലനം നൽകിയത്.

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്ന സ്ഥാപനം എല്ലാവർക്കും അറിയാം. വർഷങ്ങളായി പൂട്ടിക്കിടന്ന ഈ സ്ഥാപനത്തിന്റെ 3030 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് അവിടെയത്രയും സ്വാഭാവിക വനം വച്ച് പിടിപ്പിച്ചത് ചരിത്രനേട്ടമാണ്. യൂക്കാലിയും, അക്വേഷ്യയും തുടങ്ങി പ്രകൃതി സൗഹൃദമല്ലാത്ത വൃക്ഷങ്ങളെയല്ല സർക്കാർ ഇതിനായി ആശ്രയിച്ചത്. വനത്തിനുള്ളിൽ താമസിക്കുന്നവർ വലിയ സംഘർഷമനുഭവിക്കുന്നവരാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും മരണഭയത്തിൽ നിന്നും രക്ഷനേടാൻ ഒരു നല്ല പുനരധിവാസ പദ്ധതി ഏർപ്പെടുത്തി. ഒരു കുടുംബത്തിന് 15 ലക്ഷം രൂപ ചെലവിൽ വീട് വച്ച് നൽകുന്നു. ഇതിനായി റീബിൽഡ് കേരളയിൽ നിന്നും 125 കോടി രൂപ മാറ്റി വച്ചു. വൃക്ഷങ്ങളെയല്ല സർക്കാർ ഇതിനായി ആശ്രയിച്ചത്. 1970 ന് മുമ്പ് വനഭൂമി കൈയേറിയവർക്ക് പട്ടയം നൽകുന്നതിൽ ചില തർക്കങ്ങളുണ്ടായി. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് അത് പരിഹരിക്കുവാൻ കഴിഞ്ഞു.

കാട്ടിൽ മാത്രമല്ല നാട്ടിലുമുണ്ടായി വികസന തേരോട്ടം. നാട്ടാന പരിപാലന ചട്ടം കർശനമായി നടപ്പിലാക്കാൻ കഴിഞ്ഞു. 490 ഓളം വരുന്നുണ്ട് ഇപ്പോൾ കേരളത്തിലെ നാട്ടാനകളുടെ സംഖ്യ. കോവിഡ് കാലത്ത് ആനകൾക്കും വളർത്തു മൃഗങ്ങൾക്കും തീറ്റ നൽകുവാൻ 5 കോടി രൂപയാണ് മാറ്റി വച്ചത്. ലോകത്തിലെ ഏറ്റവും വലിയ ആന പരിപാലന കേന്ദ്രമായി അധികം താമസിയാതെ തിരുവനന്തപുരത്തുള്ള കോട്ടൂർ മാറും. കിഫ്ബിയിൽ നിന്നും 125 കോടി രൂപ ഇതിനായി മാറ്റിവച്ചിട്ടുണ്ട്. കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണം തന്നെ ലോക ശ്രദ്ധനേടി കഴിഞ്ഞു. കോന്നിയിൽ ആന മ്യൂസിയവും കാപ്പുകാട് ആന പരിപാലന കേന്ദ്രവുമൊക്കെ ഗജക്ഷേമം മുൻനിർത്തിയുള്ള നേട്ടങ്ങളാണ്. വെറും 12 ഏക്കറായിരുന്ന തൃശൂർ മൃഗശാല സുവോളജിക്കൽ പാർക്ക് ആവുകയാണ്. പുത്തൂരിലെ 350 ഏക്കർ സ്ഥലത്ത് 350 കോടി രൂപ ചെലവാക്കി അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ മൃഗശാലയായി അത് മാറും. ഈ സർക്കാരിന്റെ കാലത്ത് തന്നെ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കും. 36 ഏക്കർ വരുന്ന തിരുവനന്തപുരം മൃഗശാലയിൽ പുതിയ മൃഗങ്ങളെ കൂടി ഉൾപ്പെടുത്തി നവീകരിക്കും.

സമുദ്രതീരത്ത് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചതാണ് വലിയൊരു നേട്ടം. പ്രകൃതിസൗഹൃദ സംസ്ഥാനത്തിനായി വനംവകുപ്പ് അക്ഷീണം യത്നിക്കുന്നുണ്ട്.

പാവപ്പെട്ടവരുടെ ആശ്രയമായ മൃഗസംരക്ഷണ മേഖലയിൽ സ്ഫോടനാത്മകമായ മാറ്റങ്ങളാണ് ഈ ഗവൺമെന്റ് കൊണ്ടുവന്നത്. വർഷങ്ങളായി മുടങ്ങിക്കിടന്ന വകുപ്പ് പുനസംഘടനയുടെ രൂപരേഖ പൂർത്തിയായി കഴിഞ്ഞു. കർഷകർക്കും ഉദ്യോഗസ്ഥർക്കും ഉപയോഗപ്രദമായ രീതിയിൽ അത് ഉടൻ നടപ്പിലാക്കും. മൃഗചികിത്സാ സേവനത്തിന് 152 ബ്ലോക്കുകളിലും രാത്രികാല മൃഗചികിത്സാ സംവിധാനം സജ്ജീകരിച്ചതിലൂടെ കർഷകരുടെ വലിയ വിശ്വാസം ഈ ഗവൺമെന്റിന് നേടുവാൻ കഴിഞ്ഞു. 31 വെറ്ററിനറി പോളി ക്ലിനിക്കുകൾ 24 മണിക്കൂറും സേവനം നൽകുന്നവിധം സജ്ജമാക്കുവാൻ സാധിച്ചു. ഇതോടൊപ്പം ജില്ലാതല കെമിക്കൽ ലാബുകൾ, മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രികൾ, ടെലി വെറ്ററിനറി സർവ്വീസ് യൂണിറ്റുകൾ, സംസ്ഥാനതല മുഖ്യ രോഗനിർണ്ണയ കേന്ദ്രം, സാംക്രമിക രോഗവിശകലന യൂണിറ്റ്, കന്നുകാലി ഉൽപ്പന്ന പരിശോധന ലബോറട്ടറി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് & വെറ്ററിനറി ബയോജിക്കൽസ് ഇവയൊക്കെയും നവീകരിക്കുവാൻ കഴിഞ്ഞു. പ്രളയം മൂലം ഉരുക്കളെ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡം പ്രകാരം 21.99 കോടി രൂപ കൊടുത്ത സർക്കാരാണിത്. പ്രകൃതി ദുരന്തവും ആകസ്മിക നഷ്ടവും മൂലം ഉരുക്കളെ നഷ്ടപ്പെടുന്നവർക്ക് കുറഞ്ഞ പ്രീമിയത്തിൽ സമഗ്ര കന്നുകാലി ഇൻഷുറൻസും ഏർപ്പെടുത്തി. സംസ്ഥാനത്ത് പ്രതിവർഷം ജനിക്കുന്ന രണ്ട് ലക്ഷത്തോളം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ നൽകി ഒന്നാന്തരം പൈക്കളാക്കി മാറ്റുവാൻ കന്നുകുട്ടി പരിപാലന -ഗോവർദ്ധിനി പദ്ധതികൾ നടപ്പിലാക്കി.

കൊല്ലത്തെ ആയൂർ തോട്ടത്തറയിൽ നവീന ഹാച്ചറി നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചത് പൗൾട്രി രംഗത്തെ ഒരു വലിയ മുന്നേറ്റമായി. ആഴ്ചയിൽ മുപ്പതിനായിരം കോഴികുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഈ സ്ഥാപനത്തിനായി 5.8 കോടിയോളം രൂപയാണ് ചെലവഴിച്ചത്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വഴി ധാരാളം പദ്ധതികൾ ഈ രംഗത്ത് കൊണ്ടുവരുവാൻ കഴിഞ്ഞു. കെപ്കോ ആശ്രയ പദ്ധതി വിധവകളായ വനിതകൾക്ക് കോഴിയും കൂടും തീറ്റയും നൽകുന്ന പദ്ധതിയാണ്. കെപ്കോ വനിതാമിത്രം വഴി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ആയിരം വനിതാ ഗുണഭോക്താക്കൾക്ക് സഹായം ചെയ്യാൻ കഴിഞ്ഞു. സ്കൂൾ വിദ്യാർത്ഥികൾക്കായി കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതിയും നഗരപ്രദേശത്തിലെ വനിതകൾക്ക് കോഴിയും, തീറ്റയും, മരുന്നും കൂടുമൊക്കെ നൽകുന്ന നഗരപ്രിയ പദ്ധതിയും വർദ്ധിച്ച ആവേശത്തിലാണ് കേരളം സ്വീകരിച്ചത്. ഇറച്ചിക്കോഴി ഉൽപ്പാദനത്തിൽ വിപുലമായ ഇടപെടൽ നടത്തുവാൻ കേരള ചിക്കൻ പദ്ധതിക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. ബഹുരാഷ്ട്ര കുത്തകകളും അന്യസംസ്ഥാന കമ്പനികളും ഇറച്ചിക്കോഴി വില നിയന്ത്രിക്കുന്ന കേരളത്തിൽ അതിന് കടിഞ്ഞാണിടാൻ കഴിയുകയെന്നാൽ ചില്ലറക്കാര്യമല്ല.

വിവിധ കാരണങ്ങളാൽ പ്രയാസമനുഭവിക്കുന്ന കർഷകർക്ക് എന്നും താങ്ങായിരുന്നു ഈ സർക്കാർ. മൃഗസംരക്ഷണ മേഖലയിൽ കർഷകർ എടുക്കുന്ന ദീർഘകാല ലോണുകളുടെ പലിശയിനത്തിൽ അയ്യായിരം രൂപ വരെ പരിധി നിശ്ചയിച്ച് സബ്സിഡി നൽകുന്ന സ്കീംഞങ്ങൾ നടപ്പിലാക്കി. പ്രളയം കനത്ത നാശനഷ്ടം സൃഷ്ടിച്ച മേഖലയുടെ പുനരുജ്ജീവനത്തിനായി 77 കോടി രൂപയുടെ ജീവനോപാധി സഹായ പാക്കേജ് പ്രഖ്യാപിച്ചു.

ജന്തുജന്യ രോഗനിയന്ത്രണ പദ്ധതിക്കായി പ്രത്യേക ശ്രദ്ധ ഇക്കാലത്തുണ്ടായി. കുളമ്പുരോഗ നിർമ്മാർജ്ജനവും താറാവ് വസന്ത, കോഴി വസന്ത തുടങ്ങിയ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധവും ശക്തിപ്പെടുത്തി. എല്ലാ ജില്ലകളിലും ആടുവളർത്തൽ യൂണിറ്റുകൾ തുടങ്ങാൻ യൂണിറ്റൊന്നിന് ഒരുലക്ഷം രൂപ ധനസഹായം നൽകി. കൊമേഴ്സ്യൽ ഗോട്ടറി, ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് എന്നിങ്ങനെ ആട് വളർത്തൽ യൂണിറ്റുകൾ യഥേഷ്ടം പെരുകുവാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കി. മാംസാവശ്യത്തിനായി മൂരിക്കുട്ടികളെ വളർത്തുന്ന പദ്ധതി രൂപം നൽകി.

പൊതുമേഖലാ സ്ഥാപനങ്ങളായ ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിലൂടെയും മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിലൂടെയും കേരള ഫീഡ്സിലൂടെയും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ കേരളത്തിന്റെ ചരിത്രത്തിൽ ഇടം നേടുന്നവയാണ്. 2008 ൽ രൂപം നൽകിയ കാലികമല്ലാത്ത കന്നുകാലി പ്രജനന നയം 2018 ൽ പരിഷ്ക്കരിച്ചു. എല്ലാ ജനുസ്സുകളുടെയും ബീജ

മാത്രകൾ ഗവൺമെന്റ് മൃഗാശുപത്രികൾ വഴി ലഭ്യമാക്കുവാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. നാടൻ പശു വളർത്തലിന് സഹായവും പുരസ്കാരവും നൽകി. കുടുംബശ്രീ മുഖേനയുള്ള തീറ്റപ്പുൽ കൃഷി വ്യാപകമാക്കി. കാലോചിതമായ ഭ്രൂണമാറ്റ പദ്ധതിയും ഓണാട്ടുകരയിലെ നാടൻ പശു ഹബ്ബുമൊക്കെ വലിയ മുന്നേറ്റങ്ങളാണ്. അടുത്തു തന്നെ ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ ഇറക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നുണ്ട്.

കൊല്ലത്ത് നീണ്ടകര മുതൽ ആലപ്പുഴ തോട്ടപ്പള്ളിയിൽ വരെ വ്യാപിച്ച് കിടക്കുന്ന ഓണാട്ടുകരയുടെ പ്രത്യേകത കണക്കിലെടുത്ത് പോത്ത് വളർത്തുന്നതിനായി ഒരു ബൃഹത് പദ്ധതിക്കാണ് ഈ സർക്കാർ രൂപം നൽകിയത്. രണ്ടായിരത്തോളം പോത്തിൻ കിടാങ്ങളെ ഇതിനകം തന്നെ ഓണാട്ടുകരയിൽ വിതരണം ചെയ്തുകഴിഞ്ഞു. കേരളമാകെ ശ്രദ്ധിക്കപ്പെട്ട ഒരു പദ്ധതിയായിരുന്നു ഇത്.

സ്വകാര്യ കമ്പനികളോട് തീറ്റവില വർദ്ധനയ്ക്കെതിരെ പടപൊരുതിയ സർക്കാരാണിത്. കോഴിക്കോട് തിരുവാങ്ങൂരും, ഇടുക്കി അരീക്കുഴയും കാലിത്തീറ്റ ഫാക്ടറികൾ പുതുതായി തുടങ്ങി. കേരള ഫീഡ്സ് തൊടുപുഴയിൽ കാലിത്തീറ്റ, കോഴിത്തീറ്റ, ആടുതീറ്റ ഫാക്ടറി സ്ഥാപിച്ചു. മലപ്പുറം, മൂർക്കനാട് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയ്ക്കായി 10.02.2021 ന് തറക്കല്ലിട്ടു. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്ന പൊതുമേഖലാ സ്ഥാപനത്തെ ജീവസുറ്റതാക്കുവാൻ കഴിഞ്ഞത് മറ്റൊരു വലിയ നേട്ടമാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറച്ചി പായ്ക്കറ്റിലാക്കി കൊണ്ടുവന്ന് റീപായ്ക്ക് ചെയ്ത്








വിൽക്കുന്ന സംവിധാനത്തിന് അറുതി വരും. അമ്പതോളം മാംസോല്പന്നങ്ങൾ ഇപ്പോൾ എം.പി.ഐ സ്വന്തമായി പുറത്തിറക്കുന്നുണ്ട്. കൊല്ലം ഏരൂരിൽ പതിമൂന്നര കോടി മുടക്കി ആരംഭിക്കുന്ന മൂല്യവർധിത മാംസോല്പന്ന സംസ്കരണ പ്ലാന്റ് സംസ്ഥാനത്തിന്റെ അഭിമാന സ്ഥാപനമാകും എന്നതിൽ തർക്കമില്ല.

പക്ഷിപ്പനി താണ്ഡവമാടിയ കോട്ടയം, ആലപ്പുഴ ജില്ലകളിൽ കർഷകർക്കുണ്ടായ നഷ്ടം യാഥാർഥ്യബോധത്തോടെവിലയിരുത്തിഅർഹമായ നഷ്ടപരിഹാര തുക നൽകുന്നതിന് സത്വര നടപടി സ്വീകരിച്ചു.

രാജ്യമെമ്പാടും കർഷക സമരങ്ങൾ നടക്കുന്ന ഇക്കാലത്ത് കർഷകരെ കൊള്ളയടിക്കുന്ന എല്ലാ നിയമങ്ങളോടും എതിർത്തു നിൽക്കുന്ന സർക്കാരാണിത്. കാർഷിക മേഖലയിലെ കോർപറേറ്റുകളോടും സ്വകാര്യ മൂലധനക്കാരോടും സന്ധി ചെയ്യാൻ തയ്യാറല്ല. കൃഷിക്കാർ സംശയത്തോടെ നോക്കുന്ന എന്തിനേയും പുനഃപരിശോധിക്കുക തന്നെ ചെയ്യും. കോവിഡ് മഹാമാരി സംഹാര താണ്ഡവമാടുന്ന ഇക്കാലത്ത് ഈ മേഖലയിലെ പാവപ്പെട്ടവർക്ക് കൈത്താങ്ങായി അവരോടൊപ്പം നിൽക്കുവാൻ ഈ സർക്കാർ എന്നുമുണ്ടാകും. എപ്പോഴുമുണ്ടാകും. ◆





# കുരുന്നു കൈകളുടെ പരിലാളനയിൽ

**ഡോ. ലീന പോൾ**
വെറ്ററിനറി സർജൻ,
വെറ്ററിനറി ഡിസ്പെൻസറി
തൃക്കളത്തൂർ

ജീവിതം കരുപ്പിടിപ്പിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ മലയാളികൾ കൃഷിയേയും മൃഗസംരക്ഷണത്തേയും കുടഞ്ഞെറിഞ്ഞ് നമ്മുടെ കൃഷിസംസ്ക്കാരം തിരുത്തിക്കുറിച്ചത് തെറ്റായിപ്പോയി എന്ന് മനസ്സിലാക്കിത്തന്നത് കൊറോണ എന്ന കുഞ്ഞൻ വൈറസാണ്.

ഉല്പാദകനിൽ നിന്നും പൂർണമായും ഉപഭോക്താവായി മലയാളി മാറിയ കാലത്തേക്കൊന്ന് എത്തി നോക്കാം.

ഉപ്പ് തൊട്ട് കർപ്പൂരം വരെ പാൽ, മുട്ട, ഇറച്ചി അടക്കം മലയാളികൾക്കായി ട്രക്കുകളിൽ ഒഴുകിയെത്തിത്തുടങ്ങിയ കാലം....

സ്വന്തം കാലിൽ നിൽക്കാനാവുന്നതു വരെ ജീവിതോപാധി ആയിരുന്ന കൃഷിയും മൃഗസംരക്ഷണവും പിന്നീട് ഒരു ബുദ്ധിമുട്ടായും ശല്യമായും മാറുന്നത് നമ്മൾ കണ്ടു നിൽക്കേണ്ടി വന്ന കാലം...

ടൈലിട്ട മുറ്റത്ത് കോഴിക്കാഷ്ടം വീഴുന്നതിൽ മനംനൊന്ത മലയാളി കോഴിവളർത്തലിനോട് റ്റാറ്റാ പറഞ്ഞു.

'കാശു കൊടുത്താൽ മുട്ട കിട്ടുമല്ലോ, പിന്നെ എന്തിനീ പൊല്ലാപ്പ്'' എന്ന് നെടുവീർപ്പിട്ടു മലയാളി...

''ചാണകം മണക്കുന്നോ, എന്നാൽപ്പിന്നെ നിർത്തിയേക്കാം, പാക്കറ്റ് പാൽ ഉണ്ടല്ലോ'' എന്ന ചിന്തയിൽ പശുവളർത്തലിനോട് സുലാൻ പറഞ്ഞതും മലയാളി തന്നെ...

നമ്മൾ വളരുന്നതിനൊപ്പം കൃഷിയും മൃഗസംരക്ഷണവും വളരേണ്ടതിന്റെ ആവശ്യകത നമ്മളറിഞ്ഞത് കൊറോണക്കാലത്ത് മാത്രമാണല്ലോ.

എന്നാൽ പഠനത്തോടും ജോലിയോടും ഒപ്പത്തിനൊപ്പം കൃഷിയും മൃഗസംരക്ഷണവും മുന്നേറിയാൽ മാത്രമേ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരൂ എന്ന തിരിച്ചറിവിൽ ദീർഘവീക്ഷണത്തോടെ 2006ൽ മൃഗസംരക്ഷണ വകുപ്പ് ഒട്ടേറേ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിത്തുടങ്ങി.

മൃഗസംരക്ഷണ മേഖലയിൽ താൽപ്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കേണ്ടത് കാലത്തിന്റെ ആവശ്യകതയാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് 2007ൽ മൃഗസംരക്ഷണ

വകുപ്പ് സ്കൂൾകുട്ടികൾക്കായി 'വിജ്ഞാന വ്യാപനവും പരിശീലനവും' എന്ന പദ്ധതിയുടെ ഭാഗമായി രണ്ടു പദ്ധതികൾ കേരളത്തിന് സമർപ്പിച്ചു.

1) അനിമൽ വെൽഫെയർ ക്ലബ് ഇൻ സ്കൂൾ

2) റൂറൽ ബാക്ക് യാർഡ് പൗൾട്രി ഡവലപ്പ്മെന്റ് ത്രൂ സ്കൂൾസ് അഥവാ സ്കൂൾ പൗൾട്രി ക്ലബ് എന്നിവയായിരുന്നു കുട്ടികൾക്കായുള്ള പദ്ധതികൾ.

## അനിമൽ വെൽഫെയർ ക്ലബ്

സ്കൂളുകളിലെ അധ്യാപക രക്ഷാകർതൃ സമിതിയുടെ മേൽനോട്ടത്തിൽ മൃഗസംരക്ഷണ മേഖലയിൽ താൽപ്പര്യമുള്ള കുട്ടികളെ കണ്ടെത്തി ക്ലബ് രൂപീകരിക്കലാണ് ആദ്യ പടി. ഓരോ പദ്ധതിക്കും മൃഗസംരക്ഷണ വകുപ്പ് 50,000 രൂപ വകയിരുത്തിക്കൊണ്ട് കോഴി, താറാവ്, ആട്, മുയൽ തുടങ്ങിയവയിൽ ഉചിതമായത് തെരഞ്ഞെടുത്ത് ക്ലബ് അംഗങ്ങൾക്ക് വളർത്തുവാനായി നൽകുന്നു. ഇതിൽ നിന്നു ലഭിക്കുന്ന ആദായം അധ്യാപക രക്ഷാകർതൃസമിതിയ്ക്കും ക്ലബ് അംഗങ്ങൾക്കുമായി വിഭജിക്കാവുന്നതാണ്. മൃഗങ്ങളെ വളർത്തുന്നതിനൊപ്പം തന്നെ കുട്ടികളുടെ വരുമാന ശീലവും വളർത്തുന്നതിനായി ലക്ഷ്യമിട്ടു കൊണ്ടാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.



മൃഗങ്ങളെ പരിപാലിക്കുമ്പോൾ കുട്ടികളിൽ അനുകമ്പയും സഹാനുഭൂതിയും സഹജീവികളോട് നൽകേണ്ട പരിഗണനയുമൊക്കെ വളരുന്നതും നാടിനുത്തമരായ പൗരന്മാരായി അവർ മാറുന്നതും ഈ പദ്ധതിയിലൂടെ മൃഗസംരക്ഷണ വകുപ്പ് ലക്ഷ്യമിട്ടു. മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉൾപ്പെടുത്തിയ പ്രശ്നോത്തരി, പെയിന്റിങ്ങ് മത്സരം, പ്രബന്ധാവതരണം, ഉപന്യാസ രചന മുതലായ മത്സരങ്ങൾ പദ്ധതിയുടെ ഭാഗമായി നടത്തപ്പെടുന്നു. എറണാകുളം ജില്ലയിൽ നാല് സ്കൂളുകളിലായാണ് 2019 - 20 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

## സ്കൂൾ പൗൾട്രി ക്ലബ്

കോഴിവളർത്തലിൽ താൽപര്യമുള്ള അപ്പർ പ്രൈമറി ക്ളാസിലെ 50 കുട്ടികളെ തിരഞ്ഞെടുത്ത് പൗൾട്രി ക്ലബ് രൂപീകരിക്കുന്ന ചുമതല അധ്യാപക രക്ഷാകർതൃ സമിതിയ്ക്കും അദ്ധ്യാപകർക്കുമുള്ളതാണ് . സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറിയിൽ നിന്നും 5 മുട്ടക്കോഴിക്കുഞ്ഞുങ്ങളും അവയ്ക്കുള്ള തീറ്റയും വിറ്റാമിനുകളും നൽകിക്കൊണ്ടാണ് അടുക്കളമുറ്റത്തെ കോഴിവളർത്തലിലേക്ക് കുട്ടികളെ ആകർഷിക്കുന്നത്. ആകെ 32,500 രൂപയാണ് ഒരു പൗൾട്രി ക്ലബിനായി വകയിരുത്തിയിട്ടുള്ള ഫണ്ട്. ഓരോ ജില്ലയിലും നൂറോളം സ്കൂളുകളിലാണ് മൃഗസംരക്ഷണ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നത് .

പായിപ്ര ഗ്രാമപഞ്ചായത്തിലേക്ക് ആദ്യമായാണ് ആനിമൽവെൽഫയർ ക്ലബ് അനുവദിച്ച് കിട്ടുന്നത്. പായിപ്ര ഗ്രാമപഞ്ചായത്തിന്റെ തിലകക്കുറിയാണ് ഏക ഗവ: ഹയർ സെക്കൻററി വിദ്യാലയമായ ഗവ: ഹയർ സെക്കൻററി സ്കൂൾ, പേഴക്കാപ്പിള്ളി. ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തപ്പെടുന്ന ഈ വിദ്യാലയത്തിലാണ് മൂവാറ്റുപുഴ സബ്ജില്ലയിലെ ഗവൺമെൻറ് വിദ്യാലയങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ വിദ്യ അഭ്യസിക്കുന്നത്. കേരളത്തിന്റെ അഭിമാന താരകങ്ങളായ ഡോ.പി.ബി സലീം, ഡോ.പി.ബി. നൂഹ് എന്നീ രണ്ട് കളക്ടർമാരെ ഭാരതത്തിന് സമ്മാനിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. 1951ൽ ആരംഭിച്ച പേരും പെരുമയുമുള്ള ഈ സർക്കാർ സ്കൂളിൽ അനിമൽ വെൽഫെയർ ക്ലബ് 2019 ഒക്ടോബറിൽ രൂപീകരിക്കപ്പെട്ടു. പേഴയ്ക്കാപ്പിള്ളി ഗവ.ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും അധ്യാപകരക്ഷാകർതൃ സമിതി അംഗങ്ങളും രക്ഷകർത്താക്കളും പായിപ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയും അടങ്ങിയ വൻജനാവലിയെ സാക്ഷിനിർത്തി ജില്ലാ പഞ്ചായത്ത് മെംബറും യുവ സംവിധായകനുമായ ശ്രീ എൻ.അരുൺ ക്ലബിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. പായിപ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ആലീസ്. കെ.ഏലിയാസ് അദ്ധ്യക്ഷത വഹിച്ച വർണശബളമായ ചടങ്ങിൽ രണ്ട് കുട്ടികൾക്ക് 6 മാസം പ്രായമുള്ള ആട്ടിൻകുഞ്ഞുങ്ങളേയും പത്ത് കുട്ടികൾക്ക് മുയൽക്കുഞ്ഞുങ്ങളേയും 53 പേർക്ക് 5 വീതം ഗ്രാമശ്രീ മുട്ടക്കോഴി കുഞ്ഞുങ്ങളേയും സമ്മാനിക്കുകയുണ്ടായി. ആട് വളർത്തൽ, മുയൽ വളർത്തൽ കോഴി വളർത്തൽ എന്നിവയിൽ പല പ്രാവശ്യം ട്രയിനിംഗ് നൽകി. കൂടുകളെല്ലാം ഒരുക്കി കുട്ടികളെ മൃഗപരിപാലനത്തിനായി പരിപൂർണ്ണ സജ്ജരാക്കിയതിന് ശേഷം മാത്രമാണ് കുട്ടികളുടെ കയ്യിലേക്ക് ഈ ഓമനമൃഗങ്ങളെ നൽകിയത്. പേഴക്കാപ്പിള്ളി സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ കുതിര സവാരി പരിശീലകനും ട്രെയിനറും ആയ ശ്രീ റഫീഖ്, തന്റെ 'ബർത്ത് ഡേ ബോയ്' എന്ന കുതിരയെയും കുതിര സവാരിയെയും കുട്ടികൾക്ക് പരിചയപ്പെടുത്തിയത് ഏവരിലും കൗതുകമുണർത്തി. കുതിര പരിപാലനത്തെക്കുറിച്ചും കുതിര സവാരിയെക്കുറിച്ചും ശ്രീ റഫീഖ്. സി.ബി. കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും വേണ്ടി നടത്തിയ ക്ലാസ്സ് വേറിട്ട അനുഭവമായി. പേഴയ്ക്കാപ്പിള്ളി സ്കൂളിന്റെ മൈതാനത്തിൽ ഉയർന്ന കുതിരക്കുളമ്പടി ക്ലബംഗങ്ങളായ കുട്ടികളിൽ മാത്രമല്ല മുഴുവൻ വിദ്യാർത്ഥികളുടേയും ചങ്കിൽ ആവേശം നിറച്ചു. കേരളത്തിലെ വിരലിലെണ്ണാവുന്ന ഇന്റർനാഷണൽ സ്കൂളുകളിൽ മാത്രമുള്ള കുതിരസവാരി സർക്കാർ സ്കൂളിലെ കുട്ടികൾക്ക് സാധ്യമാക്കിയത് ആനിമൽ വെൽഫയർ ക്ലബ് ആണ്. പേഴയ്ക്കാപ്പിള്ളി സ്കൂളിലെ ഓരോ വിദ്യാർത്ഥിയ്ക്കും കുതിരയെ തൊട്ടറിയാൻ അദ്ധ്യാപകർ സൗകര്യമൊരുക്കിയത് ആനിമൽ വെൽഫയർ ക്ലബിന്റെ ഏറ്റവും മികച്ച നേട്ടം തന്നെയാണ്.

കൊറോണയും ലോക്ക്ഡൗണും പുറകെ പുറകെ എത്തിയപ്പോഴും ക്ലബിലെ കുട്ടികൾക്ക് വീട്ടിൽ എന്നും മുട്ട റെഡി . 50 ഗ്രാമുള്ള ഒരു മുട്ടയിൽ നിന്ന് 5.5 ഗ്രാം മാംസ്യവും 48 കലോറിയും ലഭിക്കുന്നു. എട്ട് രൂപയ്ക്ക് നമ്മുടെ നാട്ടിൽ കിട്ടുന്ന മികച്ച പ്രോട്ടീൻ.... ലോക്ക്ഡൗൺ കാലത്ത് സമ്പൂർണ്ണ പോഷകാഹാരം ക്ലബംഗങ്ങൾക്ക് ഉറപ്പാക്കാനായതും ക്ലബിന്റെ നേട്ടമായി കണക്കാക്കപ്പെടുന്നു. കുട്ടികളുടെ ബുദ്ധിവികാസത്തിനും ശാരീരിക വളർച്ചക്കും ആവശ്യമായ പ്രോട്ടീനും വിറ്റാമിനുകളും മുട്ടയിൽ നിന്നും ലഭിക്കുന്നുണ്ട്.

ലോക്ക്ഡൗൺ കാലത്ത് ക്ലബിലെ കുട്ടികൾക്ക് മികച്ച വരുമാന മാർഗ്ഗം കൂടിയായി കോഴിമുട്ടകൾ. മുയൽക്കുഞ്ഞുങ്ങളേയും മുട്ടയും വിറ്റ് പോക്കറ്റ് നിറയ്ക്കാനായി കൊച്ചുമിടുക്കന്മാരും മിടുക്കികളും ഇന്നും ഉൽസാഹിക്കുന്നുണ്ട്. എന്നാൽ ആട്ടിൻകുഞ്ഞുങ്ങൾ മാത്രം വിൽപനയ്ക്കുള്ളതല്ല. ആദ്യത്തെ കുട്ടിയിൽ മാത്രമാണ് ഉടമസ്ഥനവകാശം . രണ്ടാമത്തെ കുട്ടിയെ മുതൽ ക്ലബിലെ മറ്റ് കുട്ടികൾക്ക് നറുക്കെടുപ്പിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന രീതിയാണ് അധ്യാപക രക്ഷാകർതൃസമിതി ആസൂത്രണം ചെയ്തിരിക്കുന്നത് .



ഈ കൊറോണക്കാലത്ത് ക്ലബംഗങ്ങൾക്ക് സെൽഫീ വിത്ത് മൈ പെറ്റ്, ചിത്രരചനാ മത്സരങ്ങൾ, ആനിമൽ വെൽഫയർ ഓർഗനൈസേഷൻ ആയ ദയയോടൊപ്പം ചേർന്നു കൊണ്ടുള്ള വെബിനാർ സീരീസ് എന്നിവയും നടത്തപ്പെടുന്നുണ്ട് .

ഈ ഭൂമിയുടെ അവകാശികൾ നാം മാത്രമല്ലെന്നും സഹജീവികളോട് ദയയും കരുണയും പ്രകടമാക്കേണ്ടത് ആവശ്യമാണെന്നും കുട്ടികളുടെ മനസ്സിലേക്ക് ആണിയടിച്ച് ഊട്ടിയുറപ്പിക്കുന്നതിനായി അദ്ധ്യാപകരും അധ്യാപകരക്ഷാകർതൃ സമിതിയും ഒരുമിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയം തന്നെയാണ്. ◆



# വനജീവിതം അതിജീവനം



**ഡോ. സതീഷ് കുമാർ കെ. കെ**
സീനിയർ വെറ്ററിനറി സർജൻ
വി.പി.സി. മാനന്തവാടി

വയനാട്ടിലെ ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റിയേഴ് മുതൽ രണ്ടായിരത്തി അഞ്ച് വരേയുള്ള കാലം കർഷക ആത്മഹത്യകളാൽ അടയാളപ്പെടുത്തപ്പെട്ട ഒരു ദുരന്തകാലമായിരുന്നു. കാർഷികവിളകളുടെ വിലത്തകർച്ചയും കാലാവസ്ഥാവ്യതിയാനത്തിന്റെ അനന്തരഫലമായ വിളനാശവും മൂലം കടക്കെണിയിലായി നിരാശരായ അനവധികർഷകർ ആത്മഹത്യയിൽ അഭയം തേടിയ ഇരുണ്ട ഒരു കാലഘട്ടം. ദുരിതങ്ങളുടെ ആ ഇരുട്ടിൽ നിന്ന് വയനാട്ടിലെ കർഷകരെ കൈപിടിച്ച് ജീവിതത്തിന്റെ വെളിച്ചത്തിലേക്ക് നടത്തിയത് വളർത്തു മൃഗങ്ങളായിരുന്നു. നാണ്യവിള കൃഷികൾ നൽകിയ താത്കാലികമായ അമിതലാഭത്തിൽ കണ്ണ് മഞ്ഞളിച്ച് കർഷകർ കൈയ്യൊഴിഞ്ഞ ഉപവരുമാനമാർഗ്ഗമായിരുന്ന മൃഗസംരക്ഷണ മേഖല പ്രധാന തൊഴിൽ മേഖലായാകുകയും വരുമാനം നിലച്ച് പട്ടിണിയിലായിപ്പോയ ആയിരക്കണക്കായ കുടുംബങ്ങൾക്ക് വളർത്തു മൃഗങ്ങൾ നിത്യവരുമാനത്തിനുള്ള മാർഗ്ഗമാവുകയും കുടുംബങ്ങളിൽ പട്ടിണിയില്ലാതാവുകയും ചെയ്തു.

ആ കാലയളവിൽ മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിയ വിദർഭ മോഡൽ പുനരധിവാസ പദ്ധതികൾ വയനാട്ടിൽ ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യചെയ്ത പുൽപ്പള്ളി മുള്ളൻകൊല്ലി പഞ്ചായത്തുകളിൽ വലിയ മാറ്റങ്ങളുണ്ടാക്കി. പാടേ തകർന്നുപോയ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ അത് കൂടുതൽ തകർച്ചയിൽ നിന്ന് അടിയന്തിരമായി തടയുകയും കാലക്രമേണ അതിനെ വളർച്ചയിലേക്ക് നയിക്കുകയും ചെയ്തു. കുരുമുളക് കൃഷിക്കും, ധനികകർഷകർക്കും, മഹീന്ദ്രാ ജീപ്പുകൾക്കും പ്രസിദ്ധമായിരുന്ന മുള്ളൻ കൊല്ലിയും പുൽപ്പള്ളിയും പശുവിന്റേയും പാലിന്റേയും പേരിൽ അറിയപ്പെടാൻ തുടങ്ങി. മുള്ളൻ കൊല്ലി എന്ന ഒരൊറ്റ പഞ്ചായത്തിൽ മാത്രം ആറ് ക്ഷീര സഹകരണ സംഘങ്ങളും പാൽശീതീകരണ ശാലകളും പ്രവർത്തിക്കുന്നുണ്ട് എന്ന ഒറ്റ ഉദാഹരണത്തിൽ നിന്ന് വയനാടൻ ക്ഷീര/മൃഗസരക്ഷണ മേഖലയുടെ പ്രാധാന്യം നമുക്ക് ഊഹിച്ചെടുക്കാവുന്നതാണല്ലോ?

വയനാടൻ ജനസംഖ്യയുടെ പ്രധാന ഭാഗവും ഏർപ്പെട്ടിരിക്കുന്ന ഒരു തൊഴിൽ മേഖലയാണ് ഇന്ന് മൃഗസംരക്ഷണം. മലബാർ മേഖലാ യൂണിയൻ സംഭരിക്കുന്ന പാലിൽ മുഖ്യഭാഗവും വയനാട്ടിലെ ക്ഷീരകർഷകർ ഉത്പാദിപ്പിക്കുന്നതാണ്.

ജില്ലയിലെ ആഭ്യന്തര ഉപഭോഗത്തിനുള്ള മുട്ടയും മാംസവും വയനാട്ടിലെ കർഷകർ തന്നെ ഉത്പാദിപ്പിക്കുന്നവയാണ്. വയനാടൻ കർഷകരുടെ സഹകരണ സംരംഭമായ ബ്രഹ്മഗിരി മാംസസംസ്കരണ ശാലക്ക് വേണ്ടിയുള്ള മാംസ മൃഗങ്ങളേയും ജില്ലയിലെ കർഷകർ തന്നെ ഉത്പാദിപ്പിക്കുന്നു. പ്രാദേശിക സർക്കാരുകൾ എല്ലാ വർഷവും കോടിക്കണക്കിന് രൂപ ഈ മേഖലയിലേക്ക് ചിലവഴിക്കുന്നുണ്ട്. വൻ കിട ഫാമുകൾ തൊട്ട്, ഒറ്റപ്പശുവിനെ പോറ്റുന്ന പരിമിത കർഷകർ വരെ അടങ്ങുന്നതാണ് മേൽപ്പറഞ്ഞ ഉത്പാദകരുടെ ശൃംഖല. മൃഗസംരക്ഷണ രംഗത്തെ വയനാടൻ മികവിനെക്കുറിച്ച് ധാരാളം എഴുതപ്പെട്ടിട്ടുള്ളതാണ് എന്നതിനാൽ ആ വിഷയത്തിലേക്ക് വീണ്ടും കടക്കുന്നില്ല. ഈ കുറിപ്പിലൂടെ പ്രധാനമായും ഉദ്ദേശിക്കുന്നത് അധികമാരും അടയാളപ്പെടുത്തിയിട്ടില്ലാത്ത ഒരു വിഭാഗം വയനാടൻ കർഷകരുടെ ജീവിതത്തെ പരിചയപ്പെടുത്തുവാനാണ്. സമൂഹത്തിന്റെ സാമ്പത്തിക ശ്രേണിയിൽ ഏറ്റവും താഴെനിൽക്കുന്ന, അന്നന്നത്തെ അന്നത്തിന് വളർത്തു മൃഗങ്ങളെ ആശ്രയിക്കുന്ന ജീവിതം തന്നെ മൃഗങ്ങളോടൊപ്പമായ ഒരു വിഭാഗം അതിസാധാരണക്കാരായ മനുഷ്യരുടെ ജീവിതത്തെ ജീവജാലകം വായനക്കാരുടെ മുന്നിലേക്ക് കൊണ്ടു വരിക എന്നതാണ് ഈ എഴുത്തിന്റെ ലക്ഷ്യം.

വയനാട്ടിലെ വനഗ്രാമങ്ങളിലും വനപ്രദേശഗ്രാമങ്ങളിലും ജീവിക്കുന്ന വനവാസികളായ മനുഷ്യരുടെ ജീവിതത്തെക്കുറിച്ചാണ് പറഞ്ഞു വരുന്നത്. രാവിലെ മുതൽ വനപ്രദേശങ്ങളിൽ മൃഗങ്ങളെ മേയാൻ വിട്ട്, അവയോടൊപ്പം വനത്തിൽ തന്നെ ദിവസത്തിന്റെ പ്രധാന സമയം കഴിച്ചു കൂട്ടുകയും അവയിൽ നിന്ന് കിട്ടുന്ന തുച്ഛവരുമാനം കൊണ്ട് ലളിതജീവിതം നയിക്കുകയും ചെയ്യുന്ന ഏതാനും മനുഷ്യരെ നമുക്ക് പരിചയപ്പെടാം. മൃഗങ്ങളെ പോറ്റുന്ന മനുഷ്യർ എന്നല്ല അവരെ വിളിക്കേണ്ടത് ശരിക്കും അത് മൃഗങ്ങൾ പോറ്റുന്ന മനുഷ്യരാണ് അല്ലെങ്കിൽ പരസ്പരം പോറ്റുന്നവരെങ്കിലുമാണ് ഈ പറഞ്ഞ മനുഷ്യരും മൃഗങ്ങളും.

വയനാട് പുൽപ്പള്ളി ദാസനക്കര റോഡിലെ പാക്കം വനത്തിൽ ആടുകളെ പോറ്റുന്ന കാവലൻ ആദിവാസിവിഭാഗത്തിൽ പെട്ട ഒരു കർഷകനാണ്. വെയിൽ തെളിയുന്ന നേരം തൊട്ട് അയാൾ തന്റെ ആടുകളോടൊപ്പം പാക്കം വനത്തിലാണ്. എത്രയോ വർഷങ്ങളായി അയാളുടെ ജീവിതം ആ വിധമാണ്. പതിനഞ്ചോളം ആടുകളുണ്ട് കാവലന്. ഇല്ലികൊണ്ട് ബന്തവസ് ചെയ്ത, അയാൾ തന്നെ നിർമ്മിച്ച കൂടുകളിലാണ് ആടുകളെ രാത്രി പോറ്റുന്നത്. വനസമീപത്താണ് കാവലന്റെ വീട്. ഏത് സമയവും പുള്ളിപ്പുലിയോ നരിയോ വേട്ടക്കിറങ്ങാം. രാത്രികളിൽ പാതിയാണ് ഉറക്കം. ഒരു ചെറുശബ്ദം കേട്ടാൽ തന്നെ ഉണരാനുള്ള ജാഗ്രത വേണം. രാത്രിയിൽ പുലിയാണെങ്കിൽ പകൽ കണ്ണ് വേണ്ടത് ചെന്നായ്ക്കളിലാണ്. ശ്രദ്ധയൊന്നു തെറ്റിയാൽ മതി അവറ്റകൾ ആടുകളെ ആക്രമിച്ച് കൊല്ലും. വല്ലാതെ ഉൾവനത്തിലേക്ക് അതുകൊണ്ട് തന്നെ ആടുകളേയും കൊണ്ട് പോകാറില്ല കാവലൻ. കാട്ടുനായ്ക്കളെ മാത്രമല്ല ഇപ്പോൾ നാട്ട് നായ്ക്കളേയും ഭയക്കണം. പത്ത് വർഷത്തോളമായി



കാവലന്റെ ഈ ഇടയജോലി. മൂന്ന് ആടുകളിൽ തുടങ്ങിയതാണ് ഈ ഇടയ ജീവിതം. ആറ് മാസം കൂടുമ്പോൾ ഒന്നോ രണ്ടോ ആടുകളെ വിൽപന ചെയ്യും അതാണ് പ്രധാന വരുമാനം.

പാക്കത്തെ തന്നെ വട്ടവയൽ കുറുമകോളനിയിലെ ഗോപാലേട്ടന് എൺപത് വയസിന് മുകളിലാണ് ഏകദേശ പ്രായം. പ്രായം എന്ന അക്കത്തേക്കാൾ ആരോഗ്യം എന്ന സംഗതിക്കാണ് വനജീവിതത്തിൽ പ്രാധാന്യം എന്നതിനാലാവണം പ്രായമൊക്കെ കൃത്യമായി അവർക്ക് ഓർത്തു വെക്കാൻ കഴിയാത്തത്. പത്താം വയസിൽ തുടങ്ങിയതാണ് കന്നുകാലികൾക്ക് പുറകേയുള്ള തന്റെയീ സഞ്ചാരം എന്ന് ഗോപാലേട്ടൻ ഓർക്കുന്നു. എരുത്തിൽ നിറയെ കന്നുകാലികളുള്ളതായിരുന്നു കുട്ടിക്കാലം. വയൽ പണിക്കും ഒക്കലിനും വേണ്ട ലക്ഷണമൊത്ത കാളകൾ അനവധിയുണ്ടായിരുന്നു തൊഴുത്തിൽ. നെൽകൃഷിക്കുള്ള വളത്തിനായാണ് അന്ന് പ്രധാനമായും കാലികളെ പോറ്റിയിരുന്നത്. അത്യാവശ്യം കുട്ടികൾക്ക് വേണ്ട ഒന്നോരണ്ടോ തവി കറന്നാലായി. കാട്ടിൽ ജീവിക്കാൻ പോന്ന കഴിവുകളുള്ള നല്ല വയനാടൻ കാലികളായിരുന്നു എല്ലാം. കുറേശ്ശേ കലർപ്പുകൾ വന്നിട്ടുണ്ട് എങ്കിലും ഇന്നും വയനാടൻ കാലികൾ തന്നെയാണ് ഗോപാലേട്ടന്റെ കൈവശം.



കാലിക്കോലും കൊണ്ടുള്ള ആ ജീവിതം ഇപ്പോൾ എഴുപത് കൊല്ലം പിന്നിടുന്നു. കിടാക്കളടക്കം ഇരുപത്തിരണ്ട് പശുക്കളുണ്ട് ഗോപാലേട്ടന്. പശുക്കളിൽ ഒന്നിനെ പോലും കറക്കുന്നില്ല എന്നതാണ് അതിലെ രസം. പശുക്കളെ പോറ്റുന്നത് പ്രധാനമായും കൃഷിക്കുവേണ്ട ചാണകത്തിനാണ് കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ മുളകൊണ്ടുള്ള 'പടാവ്' കെട്ടി അതിലാണ് കാലികളെ രാത്രി പാർപ്പിക്കുക. ആ വയലിലേക്ക് വേണ്ട അത്രയും ചാണകമായി എന്ന് തോന്നിയാൽ പടാവ് അടുത്ത വയലിലേയ്ക്ക് മാറ്റും. അവനവന്റെ ആവശ്യത്തിനുള്ളത് കഴിഞ്ഞാൽ ബാക്കി ചാണകം ആവശ്യക്കാർക്ക് വിൽക്കും, ഇടക്കിടക്ക് ഒന്നോ രണ്ടോ കാളക്കുട്ടികളേയും. ഗോപാലേട്ടന്റേത് പോലുള്ള ഒരാളുടെ ലളിത ജീവിതത്തിന് ആവശ്യമുള്ളത് ആ പശുക്കൾ തരും.

രാവിലെ പത്തരയോടെ കാലികളേയും കൊണ്ട് കാട്ടിലേക്കിറങ്ങിയാൽ പിന്നെ തിരിച്ച് കയറുന്നത് സൂര്യൻ അസ്തമിക്കുമ്പോഴാണ്. ഗോപാലേട്ടന്റെ പശുക്കളും, പശുക്കൾ കാടിളക്കുമ്പോൾ പുറത്ത് ചാടുന്ന ചെറുജീവികളെ ശാപ്പിടാനായി അവയോടൊപ്പം നടക്കുന്ന കൊക്കുകളുടെ കൂട്ടവും ഞാൻ നിത്യവും കാണുന്ന മനോഹരമായ ഒരു കാഴ്ചയാണ്. ഗോപാലേട്ടനേപ്പോലെ തന്നെ പഴയ തലമുറക്കാരനാണ് ചേകാടിയിൽ പെരിയമലയിൽ വെച്ച് കണ്ട് മുട്ടിയ 'വെളുത്ത'. എന്തായാലും വയസ് എൺപത്തഞ്ച് കഴിഞ്ഞു എന്ന് ഉറപ്പുള്ള 'വെളുത്ത' മുള്ളുവക്കുറുമ സമുദായത്തിൽ പെട്ട ആളാണ്. വെളുത്ത പോറ്റുന്നത് കറവപ്പശുക്കളെയാണ്. ഈയിടെയായി അങ്ങനെ പരിഷ്കരിച്ചതാണ്. വെളുത്തയും തന്റെ ബാല്യത്തിൽ തുടങ്ങിയതാണ് കാട്ടിലെ കാലിമേക്കൽ. വനത്തിനുള്ളിലെ വഴികളെല്ലാം അയാൾക്ക് സ്വന്തം കൈരേഖകൾ പോലെ സുപരിചിതം. നമ്മുടേതു പോലെ മലിനപ്പെട്ട സാഹചര്യങ്ങളിൽ ജീവിക്കാത്തത് കൊണ്ടാവണം വാർദ്ധക്യം ക്ഷയിപ്പിക്കാത്ത ആരോഗ്യമുണ്ട് വെളുത്തക്ക്. കാഴ്ചയും കേൾവിയും ഗന്ധവും വനത്തിലെ അതിജീവനത്തിന് ഏറ്റവും അവശ്യം വേണ്ട സംഗതികളാണ്. ഈ പ്രായത്തിലും അവയിൽ ഒരു നെല്ലിടക്ക് ഇടിവ് വന്നിട്ടില്ല മൂപ്പർക്ക്. അതിരാവിലെ പാലുമായി ആനക്കാട്ടിലൂടെ നടക്കണമായിരുന്നു പണ്ട്. ഇപ്പോൾ ക്ഷീര സംഘങ്ങളിൽ ഒക്കെ ചില്ലിംഗ് പ്ലാന്റുകൾ വന്നതു കൊണ്ട് കറവ, പാലളവ് സമയങ്ങളിൽ മാറ്റം വന്നിട്ടുണ്ട് അതുകൊണ്ട് നന്നായി വെളുത്തതിന് ശേഷം ജീവഭയം ഇല്ലാതെ പാലുമായി പോകാം. എല്ലാം നല്ല ആരോഗ്യമുള്ള സങ്കരയിനം പശുക്കളാണ് വെളുത്തയുടെത്, ഇടത്തരം കറവയുള്ളവ. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രതിരോധ കുത്തിവെപ്പുകൾ ഒന്നും ഒഴിവാക്കാറില്ല. കുരങ്ങ് പനി പ്രതിരോധത്തിനുള്ള ചെള്ള് മരുന്നുകൾ ഒക്കെ ഉപയോഗിക്കുന്നുമുണ്ട്. കാട്ടിലെ തീറ്റക്ക് പുറമേ പശുക്കൾക്ക് അൽപം കാലിത്തീറ്റയും നൽകുന്നു.





വൈകി പ്രഭാതഭക്ഷണം കഴിച്ച് ഇറങ്ങിയാൽ പിന്നീട് ഉച്ചയൂണില്ല. കാലികൾ മുളഞ്ഞതിനു ശേഷം സന്ധ്യക്കാണ് പിന്നെ ഭക്ഷണം. ഒരു വടിയും കത്തിയുമാണ് കാട്ടിൽ കാലിനോക്കുന്ന സകലരുടേയും ആയുധങ്ങൾ. ഒരു തൊഴിൽ അടയാളം പോലെ സകലരുടെ കൈയ്യിലും ഉണ്ടാകും അത്. കാട്ടിൽ ഒരു കത്തിയോളം ആവശ്യമുള്ള മറ്റ് ഒരായുധവുമില്ല. വിവരിക്കാൻ കഴിയാത്ത അത്രയും ഉണ്ട് കാട്ടിൽ അതിന്റെ ഉപയോഗങ്ങൾ/ അത്യാവശ്യങ്ങൾ. ചിലരുടെ കൈയ്യിൽ ഒരു കഷണം കയറുകൂടിയുണ്ടാവും. ചിലപ്പോൾ തുണികൊണ്ടുള്ള ഒരു തോൾ സഞ്ചി – മുറുക്കാൻ, ബീഡി ഇത്യാദികൾ സൂക്ഷിക്കാനുള്ളത്. വെള്ളക്കുപ്പികൾ ഒരാളുടെ കൈയ്യിലും കാണാറില്ല എന്നത് ഒരു അത്ഭുതമാണ്. വിശപ്പിനെയെന്നപോലെ ദാഹത്തേയും മറികടക്കാനുള്ള മാർഗ്ഗങ്ങൾകൊക്കെ കാട്ടറിവുകൾ അവരെ സഹായിക്കുന്നുണ്ടാവണം. എല്ലാ കാലികളുടേയും കഴുത്തിൽ അറപ്പ എന്ന് പേരുള്ള മരം കൊണ്ടുള്ള ഒരു മണി കെട്ടിയിട്ടുണ്ടാകും. ഉണങ്ങിയ കുമിൾ മരക്കഷണങ്ങൾ തുരന്ന് ഉണ്ടാക്കുന്നവയാണ് അറപ്പകൾ. കാലികൾ പുല്ല് തിന്നുമ്പോൾ അവ ശബ്ദമുണ്ടാക്കിക്കൊണ്ടിരിക്കും. അവ ദൂരേക്ക് പോയിട്ടില്ലെന്നും അവക്ക് അപകടം പറ്റിയിട്ടില്ലെന്നും ഉറപ്പാക്കാനുള്ള ഒരു വഴിയാണ് അത്. മണി മരംകൊണ്ട് തന്നെയാക്കുന്നത് അത് കാടിന്റെ സ്വാഭാവിക ശബ്ദത്തിൽ നിന്ന് വിത്യസ്തമാവാതിരിക്കാനാണ്. കോട്ടവയൽ അമ്പലത്തിന്റെ പരിസരത്ത് വെച്ച് കണ്ട 'മാത' അൽപം അന്തർമ്മുഖനാണ്. കാട്ട് നായ്ക്ക വിഭാഗത്തിൽ പെടുന്ന മാത തന്റെ ആടുകളെ പോറ്റിയാണ് ജീവിക്കുന്നത്. ഇരുപത്തിരണ്ട് ആടുകളുണ്ട് മാതക്ക് ഇപ്പോൾ. അയാളുടെ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും അവയോടൊത്ത് ജീവിക്കുന്നതുകൊണ്ടാകും, ആടുകളെ വിൽപന ചെയ്യാൻ അയാൾക്ക് സങ്കടമാണ്. തീരെ നിവൃത്തിയില്ലെങ്കിൽ മാത്രം ഒന്നിനെ വിൽക്കുന്നു. പലപ്പോഴും പട്ടിണിയായിരിക്കുമ്പോൾ പോലും തന്റെ വളർത്ത് മൃഗങ്ങളോടുള്ള ആത്മബന്ധം മൂലം അവയെ വിൽക്കാൻ കഴിയാതിരിക്കുക എന്ന ധർമ്മസങ്കടം ഞാൻ മറ്റ് പല ഗോത്രവംശജരിലും മുൻപും കണ്ടിട്ടുണ്ട് എന്നതിനാൽ മാതയുടെ അവസ്ഥ എനിക്ക് വേഗം മനസ്സിലായി.



ചെന്നായ്ക്കളാണ് കാട്ടിൽ ആടുകളുടെ ശത്രു. മറ്റ് പുൽമേടുകളിലെപ്പോലെ കാട്ടിൽ ആട്ടിടയന് അലക്ഷ്യ വിശ്രമം സാധ്യമല്ല, കണ്ണും മനസും പൂർണമായും ആടുകളിൽ സമർപ്പിതമായിരിക്കണം. വനവാസി എന്ന നിലയിൽ





ജീവശ്വാസം പോലെ സദാ നിലനിർത്തേണ്ട ആ ജാഗ്രത കളഞ്ഞു പോകാതിരിക്കനാവണം അപരിചിതരോട് അധികമായി സംസാരിച്ച് നേരം മെനക്കെടുത്താതെ മാത തന്റെ ആടുകളിലേക്ക് തന്നെ ശ്രദ്ധതിരിച്ച് അയാളുടെ ജോലികളിൽ വ്യാപൃതനായത്.

ചേകാടിയിലെ ബാലകൃഷ്ണൻ ചെട്ടി ഒരു റിസോർട്ടിലുണ്ടായിരുന്ന കാവൽ പണി ഉപേക്ഷിച്ചിട്ടാണ് ഏതാണ്ട് മുഴുവൻ സമയ പശുക്കർഷകനായത്. റിസോർട്ടുകളിലെ ഉത്തരവാദിത്തരഹിത ജീവിതങ്ങൾ കണ്ട് സഹികെട്ടിട്ടാണ് താൻ ആ ജോലി വിട്ടത് എന്ന് ബാലകൃഷ്ണൻ പറഞ്ഞു. ഇപ്പോൾ ഏതാണ്ട് ദിവസത്തിന്റെ പകുതിയിലേറെയും സമയം അയാൾ തന്റെ പശുക്കളോടൊപ്പം വനത്തിലാണ്.

'പൊളന്ന' എന്ന വനഗ്രാമത്തിലെ 'കൊണ്ടുവാടിയ' സമുദായത്തിൽ ജനിച്ച സുധൻ പുൽപ്പള്ളി പഴശിരാജാ കോളേജിൽ പ്രീഡിഗ്രി വരെ പഠിച്ചതാണ്. പിന്നെ അത് വിട്ട് കൃഷിയിലേക്കും പശുവളർത്തലിലേക്കും തിരിഞ്ഞു. രൂക്ഷമായ വന്യമൃഗശല്യം മൂലം കൃഷി ഏതാണ്ട് അസാധ്യമായ മട്ടാണ് തന്റെ ഗ്രാമത്തിൽ എന്നും ഇപ്പോൾ കുടുംബങ്ങൾ ജീവിച്ചുപോകുന്നത് പശുക്കളെ പോറ്റിയാണ് എന്നും സുധൻ പറഞ്ഞു.

ലോക്ക് ഡൗൺ കാലത്ത് പണിയില്ലാതാ

യത് മുതൽ ആടുവളർത്തലിലേക്ക് തിരിഞ്ഞ ഉദയക്കര കോളനിയിലെ രാജുവും ചന്ദ്രനും, വനത്തിലെ കാലിമേക്കലിനോടൊപ്പം വിറകും വനവിഭവങ്ങളും ശേഖരിക്കുന്ന കുറുവയിലെ ദേവി, പഞ്ചായത്ത് പദ്ധതിയിൽ പോത്തിൻ കുട്ടികളെകിട്ടിയതിന് ശേഷം എത്രയോ വർഷമായി പോത്തുകളെ വളർത്തുന്ന രാജു എന്നിങ്ങനെ എത്രയെത്ര മനുഷ്യരെയാണ് ഞാൻ ദിവസവും കണ്ട് മുട്ടുന്നത്. ഇവർ മാത്രമോ? ഇവരെപ്പോലെ എത്രയോ മനുഷ്യർ-ജീവിതം



തന്നെ വളർത്ത് മൃഗങ്ങളെ പരിപാലിക്കലായി മാറ്റിയ, അതിൽ നിന്ന് ലഭ്യമാവുന്ന തുച്ഛവരുമാനം കൊണ്ട് തങ്ങളുടെ ജീവിതം പുലർത്തുന്ന അതിസാധാരണക്കാരായ എത്രയോ മനുഷ്യർ. പാല് എന്നാൽ പാക്കറ്റിൽ കിട്ടുന്ന ഒരു വെളുത്ത ദ്രാവകം മാത്രമല്ലെന്നും ആയത് വരുന്നത് ഈ വിധം വഴികളിലൂടെയൊക്കെയാണ് എന്നും അതിന്റെ ഉപഭോക്താക്കളെ ബോധ്യപ്പെടുത്തുവാൻ കൂടിയാണ് ഈ എഴുത്ത്.

മൃഗസംരക്ഷണവകുപ്പിന്റേയും ത്രിതല പഞ്ചായത്തുകളുടേയും മൃഗസംരക്ഷണ പദ്ധതികളെ ചിലപ്പോഴൊക്കെ 'ആട് കോഴി വിതരണങ്ങൾ.' എന്ന് പരിഹസിക്കുന്നവരുടെ അറിവിലേക്ക് കൂടിയാണ് ഈ എഴുത്ത്. ഒരു പശുക്കുട്ടിയോ, രണ്ട് ആടുകളോ പോത്ത് കുട്ടികളോ, പത്ത് കോഴികളോ ഒക്കെ ചില ജീവിതങ്ങളെ മെച്ചപ്പെടുത്തുകയും ചിലപ്പോഴൊക്കെ മാറ്റിമറിക്കുകയും ചെയ്യുന്നുണ്ട് എന്ന് നാം മനസിലാക്കേണ്ടതുണ്ട്. വറുതി കൊണ്ട് ഉണങ്ങിക്കരിയാൻ തുടങ്ങുന്ന അനവധി ജീവിതങ്ങൾ ആ മിണ്ടാപ്രാണികൾ നൽകുന്ന ഇത്തിരി തണലിൽ വീണ്ടും പൊടിക്കുകയും തളിർക്കുകയും ചെയ്യുന്നുണ്ട്. പാൽ, മാംസം, മുട്ട എന്നിങ്ങനെയുള്ളവയുടെ ഉത്പാദനവർദ്ധനവ് എന്നത് കണക്ക് പുസ്തകങ്ങളിലും സ്റ്റാറ്റിസ്റ്റിക് ടേബിളുകളിലും വെറുതേ വന്നു ചേരുന്നവയല്ല എന്നും, ഇത്തരം എത്രയോ പേരറിയാ മനുഷ്യരുടെ ജീവിതമാണ് അത് എന്നും നാം മറന്ന് പോകരുത്.

പശു ഒരു ദൈവമാകുന്നത് അത് ആരാധിക്കപ്പെടുമ്പോഴല്ല മറിച്ച് വിശക്കുന്ന വയറുകൾക്ക് അന്നവും ആശ്വാസവും നൽകുമ്പോഴാണ്.

◆

















# പക്ഷിപ്പനി

## കരുത്തും കരുതലും



**ഡോ. എൻ. അജയൻ**
ജോയിന്റ് ഡയറക്ടർ (റിട്ട.)
മൃഗസംരക്ഷണ വകുപ്പ്
9447324846

കോവിഡെന്ന മഹാമാരിയുണ്ടാക്കിയ മൗനനൊമ്പരങ്ങൾക്കിടയിൽ മറ്റൊരു ദുര്യോഗമായി പക്ഷിപ്പനിയും കടന്നെത്തിയിരിക്കുന്നു. 'ദേശാടനപ്പക്ഷികൾ കരയുകയല്ല,' ചിരിക്കുകയാവാം. കാരണം രോഗം ഇവിടെ എത്തിക്കുന്ന വഴിയിൽ അവരുമുണ്ട്. നവംബർ മുതൽ മാർച്ചുവരെ നമ്മുടെ തണ്ണീർത്തടങ്ങളിൽ എന്നും അവയുണ്ടാകും. കുട്ടനാടൻ പാടശേഖരങ്ങളെ പുളകച്ചാർത്തണിയിക്കുന്ന താറാവുപറ്റങ്ങൾക്ക് ഭീഷണിയായി ഇവയുടെ കാഷ്ഠവും വിസ്സർജ്യങ്ങളുമുണ്ടാകും. ഇക്കുറി പക്ഷിപ്പനി കണ്ടെത്തിയത് ആലപ്പുഴ ജില്ലയിലെ നെടുമുടി, തകഴി, പള്ളിപ്പാട്, കരുവാറ്റ, കൈനകരി പഞ്ചായത്തുകളിലും കോട്ടയം ജില്ലയിലെ നീണ്ടൂരിലുമാണ്. 2021 ജനുവരി 5ന് പക്ഷിപ്പനിയെ ഒരു സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ ദ്രുതകർമ്മസേനയും മറ്റ് സന്നാഹങ്ങളും യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെ കർമ്മനിരതരായി. രോഗപ്രഭവകേന്ദ്രത്തിന് 1 കി.മീറ്റർ ചുറ്റളവിലുള്ള എല്ലാ വളർത്തുപക്ഷികളെയും ഭസ്മീകരിച്ച് സംസ്കരിച്ചു. 10 കി.മീറ്റർ ചുറ്റളവിൽ മൂന്ന് മാസത്തേയ്ക്ക് കർശന നിരീക്ഷണവുമേർപ്പെടുത്തിയിരിക്കുകയാണ്. ജില്ലാ ഭരണകൂടവും അനുബന്ധ വകുപ്പുകളും അവസരത്തിനൊത്തുയർന്നപ്പോൾ സ്ഥിതി നിയന്ത്രണവിധേയമായിട്ടുണ്ട്. 2014 ലെയും 2020ലെയും അനുഭവങ്ങൾ നമുക്ക് കരുത്ത് പകരുന്നവയായിരുന്നു.

പക്ഷിപ്പനി ഒരു പുതിയ രോഗമല്ല. നൂറ്റാണ്ടുകൾക്ക് മുമ്പ് ഇറ്റലിയിലാണ് ഈ രോഗം ആദ്യമായി പ്രത്യക്ഷപ്പെട്ടത്. പക്ഷികളെമാത്രം ബാധിച്ചിരുന്ന ഈ രോഗം 1997 ൽ ഹോങ്കോങ്ങിൽ മനുഷ്യനും പിടിപ്പെട്ടതോടെ ഒരു ജന്തുജന്യരോഗമെന്ന നിലയിൽ ജനശ്രദ്ധ നേടി. 2006 ലാണ് പക്ഷിപ്പനി ആദ്യമായി ഇന്ത്യയിലെത്തുന്നത്. മഹാരാഷ്ട്രയിലെ നന്ദൂർബാൻ, ഇൻഗാവ് ജില്ലകളിലും ഗുജറാത്തിൽ സൂററ്റിലും മധ്യപ്രദേശിലെ ബുർഹാർപൂരിലും പിന്നീട് കൽക്കട്ടയിലും കർണ്ണാടകയിലെ ഹസ്സർഘട്ടയിലും അന്ന് രോഗമെത്തി. ഇപ്പോൾ കേരളത്തിനു പുറമെ ഹിമാചൽപ്രദേശ്, മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഡൽഹി, മഹാരാഷ്ട്ര, ഛത്തീസ്ഗഢ് എന്നിവിടങ്ങളിലാണ് പക്ഷിപ്പ

നി എത്തിയിരിക്കുന്നത്. ജമ്മു- കാശ്മീരിലും ഗുജറാത്തിലും ഉത്തർപ്രദേശിലുമൊക്കെ കാക്കകൾ ചത്തുവീഴുന്നു. രാജ്യത്തെ ഏറ്റവും വലിയ പക്ഷിമാർക്കറ്റായ ഗാസിപൂർ താൽക്കാലികമായി അടച്ചുകഴിഞ്ഞു.

ഏവിയൻ ഇൻഫ്ളുവൻസ, ഏവിയൻ ഫ്ളൂ, ബേർഡ് ഫ്ളൂ എന്നീ പേരുകളിലൊക്കെ അറിയപ്പെടുന്ന പക്ഷിപ്പനി ഒരു വൈറസ് രോഗമാണ്. മനുഷ്യന് ജലദോഷമുണ്ടാക്കുന്ന ഇൻഫ്ളുവൻസാ വൈറസിന്റെ വകഭേദമായ എ വിഭാഗമാണ് രോഗഹേതു. (ഓർത്തോമിക്സോ വൈറിഡേ കുടുംബം) ഇതിലെ ഹീമാഗ്ലൂട്ടിനിൻ (H) ന്യൂറാമിനിഡേസ് (N) എന്നീ രണ്ട് ഗ്ലൈക്കോപ്രോട്ടീൻ ഘടകങ്ങളാണ് പലപ്പോഴും പക്ഷിപ്പനിയുടെ നാമകരണത്തിനാധാരം. Hന്റെ 16 ഉപവിഭാഗങ്ങളിൽ എച്ച് 5, എച്ച് 7, എച്ച്9 എന്നിവയാണ് ഏറെ അപകടകാരികൾ. N, 9 ഉപവിഭാഗങ്ങളാണുള്ളത്. ഉഗ്രപ്രതാപകാരിയായ H5N1 മനുഷ്യനും പക്ഷികൾക്കും അപകടകാരിയാണ്. കൂടാതെ H7N3, H7N9, H9N2 എന്നിവയും മനുഷ്യരിൽ രോഗമുണ്ടാക്കാം. ഇപ്പോൾ കേരളത്തിൽ കണ്ടെത്തിയ H5N8 അത്ര അപകടകാരിയല്ല. 1985ലും 1987ലും കേരളത്തിൽ നിരണം താറാവ് വളർത്തൽ കേന്ദ്രത്തിൽ സമാനമായ പക്ഷിപ്പനി വൈറസ് സ്ട്രെയിനുകൾ മണ്ണുത്തി വെറ്ററിനറി കോളേജിലെ അന്നത്തെ വൈറോളജിസ്റ്റായിരുന്ന ഡോ. സുലോചന കണ്ടെത്തിയിട്ടുണ്ട് എന്നത് ചെറിയ കാര്യമല്ല (H9N2, H9N3, H3N2, H3N?, H9N?)

ലോകരാജ്യങ്ങളിൽ പലയിടത്തും പക്ഷിപ്പനി വൈറസുകൾ എത്തിയിട്ടുണ്ട്. H5N1 ബംഗ്ലാദേശ്, ചൈന, ഈജിപ്റ്റ്, ഇന്തോനേഷ്യ, വിയറ്റ്നാം എന്നിവിടങ്ങളിലെ പേടിസ്വപ്നമാണ്. 2020 ൽ ആസ്ട്രേലിയ, ബൾഗേറിയ, ചൈന, ജർമ്മനി, ഹംഗറി, ഇന്ത്യ, ഇറാഖ്, ഇസ്രായേൽ, കസാഖിസ്ഥാൻ, മെക്സിക്കോ, നൈജീരിയ, ഫിലിപ്പൈൻസ്, പോളണ്ട്, റൊമാനിയ, റഷ്യ, സൗദിഅറേബ്യ, ചെക്കോസ്ലോവാക്യ, തെക്കേ ആഫ്രിക്ക, അമേരിക്ക, വിയറ്റ്നാം എന്നിവിടങ്ങളിലെല്ലാം പക്ഷിപ്പനി വൈറസുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവിടങ്ങളിലേറെയും കണ്ടെത്തിയ പക്ഷിപ്പനി വൈറസ് സ്ട്രെയിൻ കേരളത്തിൽ കണ്ടെത്തിയ H5N8 തന്നെയായിരുന്നുവെന്നതാണ് ഏറെ കൗതുകകരം. പക്ഷിപ്പനി വൈറസുകൾ ആദ്യമായി കണ്ടെത്തിയത് ചൈനയിലാണ്. വൈറസുകളുടെ ജനിതക ഭാവത്തിന്



അനുനിമിഷം ജനിതകമാറ്റം (മ്യൂട്ടേഷൻ) സംഭവിക്കുന്നതിനാൽ രോഗലക്ഷണങ്ങൾക്കും വ്യത്യസ്തതയുണ്ടാകും. ഉഗ്രരൂപിയായ H5N1 നെ അപേക്ഷിച്ച് ഇപ്പോൾ കണ്ടെത്തിയിട്ടുള്ള H5N8 സ്ട്രെയിൻ സാധാരണ ഗതിയിൽ മനുഷ്യന് പകരില്ല. ജനിതകമാറ്റം വന്ന മനുഷ്യ-പക്ഷി ഇൻഫ്ളുവൻസാ വൈറസുകൾ ഉണ്ടാക്കാവുന്ന രോഗം സാർസിനെ (SARS) നെക്കാൾ ഭയാനകമായിരിക്കുമെന്ന് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകുന്നു. പന്നികളാവട്ടെ പക്ഷികളിലും മനുഷ്യരിലും പക്ഷിപ്പനിയുണ്ടാക്കുന്ന വൈറസ് സ്ട്രെയിനുകളുടെ ഒരു മിശ്രിതപാത്രമായി (മിക്സിങ് വെസ്സൽ) വർത്തിക്കാനിടയുണ്ട്. പന്നിയിലൂടെ ഉരുത്തിരിയുന്ന വൈറസ് ഉഗ്രപ്രഹരശേഷിയുള്ളതായിരിക്കും.അത്കൊണ്ട് തന്നെ പന്നി-താറാവ്-കോഴി കൃഷി അഭിലഷണീയമല്ല.

ദേശാടനപ്പക്ഷികളെപ്പോലെ രോഗവാഹകരും രോഗകാരികളുമാണ് കാട്ടുതാറാവുകളും വാട്ടർഫൗളുകളുമെല്ലാം. വളർത്തുപക്ഷികളിൽ താറാവുകൾ, കോഴികൾ, ടർക്കികൾ എന്നിവയെയാണ് സാധാരണ ബാധിക്കുന്നത്. ഈയിടെ രാജസ്ഥാനിലും മധ്യപ്രദേശിലും ഡൽഹിയിലും പക്ഷിപ്പനിയുടെ സൂചന നൽകിയത് കാക്കകളുടെ കൂട്ട മരണമായിരുന്നു. പക്ഷികളെക്കൂടാതെ പന്നി, കുതിര, നീർനായ, തിമിംഗലം, മുയൽ, കടൽസിംഹം എന്നിവയെല്ലാം വൈറസിനു പഥ്യം തന്നെ. 2012 ൽ നേപ്പാളിൽ കാക്കകളിൽ പക്ഷിപ്പനി കണ്ടെത്തിയിരുന്നു.



## രോഗം പകരുന്ന വിധം

രോഗബാധയേറ്റ പക്ഷിയുടെ വിസർജ്ജ്യങ്ങളിലും, മൂക്കിലേയും വായിലേയും സ്രവങ്ങളിലും രോഗാണു കലർന്നിരിക്കും. ഈ പക്ഷികളുമായി അടുത്തിടപഴകുന്നവർക്ക് രോഗസാധ്യതയേറും. പ്രത്യേകിച്ച്, കോഴിഫാമുകളിലെ രോഗാണു കലർന്ന വെള്ളം, കാഷ്ഠം, തീറ്റ, ഉപകരണങ്ങൾ, വസ്ത്രങ്ങൾ എന്നിവയുമായുള്ള സമ്പർക്കം രോഗപ്പകർച്ചയ്ക്ക് കാരണമാകും. ശ്വസനത്തിലൂടേയും രോഗം പകരാം. ഹാച്ചറികളിൽ ഇൻകുബേറ്ററിൽ വിരിയുന്ന കോഴിക്കുഞ്ഞിന് പൊട്ടലുള്ള മുട്ടത്തോടിലൂടേയും രോഗപകർച്ചയ്ക്ക് സാധ്യതയുണ്ട്. രോഗബാധിത പ്രദേശങ്ങളിൽ നിന്നെത്തുന്ന താറാവുകളും/കോഴികളും, വാഹനങ്ങളും, ഉപകരണങ്ങളും മുട്ടയും, മുട്ട പാത്രങ്ങളും, കോഴിവളവുമെല്ലാം രോഗം ദൂരെ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നു.

## രോഗലക്ഷണങ്ങൾ

മനുഷ്യരിൽ പെട്ടെന്നുള്ള കടുത്ത പനി, തലവേദന, ശരീരവേദന, തൊണ്ടവേദന, കടുത്ത ചുമ, കഫത്തിൽ രക്തം, ന്യൂമോണിയയുടെ ലക്ഷണങ്ങൾ, ശ്വാസതടസ്സം എന്നിവ പ്രധാന ലക്ഷണങ്ങളാണ്. ചിലപ്പോൾ ഛർദ്ദിയും വയറിളക്കവും ഉണ്ടാകാം. കോഴി/താറാവുകളിലാവട്ടെ കടുത്ത ക്ഷീണം, തീറ്റയെടുക്കാതിരിക്കുക, മുട്ടയുല്പാദനം കുറയുക, ചെവിയുടെ ഭാഗങ്ങളിലും കണ്ണിലും രക്തപ്പൊട്ടുകൾ എന്നിവ കാണാം. പൂവും ആടയും വിളറി നീലിമ കലർന്ന നിറമാകും. ഇവയിൽ ദ്രാവകം നിറഞ്ഞ പൊള്ളലുകളും പ്രത്യക്ഷപ്പെടാം. ആടയിൽ നീർക്കെട്ട്, ശ്വാസതടസ്സം, കറക്കം, തലതിരിക്കൽ, ഞെട്ടൽ എന്നിവയും കാണപ്പെടും. ശ്വാസകോശ, ദഹനേന്ദ്രിയ, നാഡീ സംബന്ധിയായ ലക്ഷണങ്ങളാണ് മൊത്തത്തിൽ പ്രത്യക്ഷപ്പെടുന്നത്. കോഴികൾ/താറാവുകൾ കൂട്ടത്തോടെ മരണപ്പെടും. ഇതിലൂടെയുള്ള സാമ്പത്തിക നഷ്ടം കനത്തതാണ്.

## പ്രതിരോധവും ചികിത്സയും

മനുഷ്യനിൽ രോഗപ്രതിരോധത്തിനുള്ള വാക്സിൻ കണ്ടെത്താനുള്ള ശ്രമത്തിന് ഏറെക്കുറെ വിജയം കണ്ടിട്ടുണ്ടെങ്കിലും പ്രയോഗത്തിലായിട്ടില്ല. വൈറസുകളുടെ തുടരെത്തുടരെയുള്ള ജനിതകമാറ്റം (മ്യൂട്ടേഷൻ) ഫലപ്രദമായ വാക്സിനു പ്രതിസന്ധി സൃഷ്ടിക്കുന്നു. 48 മണിക്കൂറിനകം കഴിച്ചാൽ ഒസൾട്ടാമിവീർ (OSELTA MIVIR PHOSPHATE) എന്ന മരുന്നാണ് പക്ഷിപ്പനിയ്ക്കുള്ള കുറയെങ്കിലും ഫലപ്രദമായ മരുന്ന്. തുടക്കത്തിൽ ഇവയുടെ ലഭ്യതക്കുറവും ചെലവും പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഈ മരുന്നിനെയും അതിജീവിക്കുവാനുള്ള കഴിവ് എച്ച്5 എൻ1 വൈറസ് നേടിയതായി ചില റിപ്പോർട്ടുകളിൽ കാണുന്നു.

## രോഗബാധ ഒഴിവാക്കാം

വൈറസുകളുടെ ചില പ്രത്യേകതകൾ തിരിച്ചറിയുന്നത് രോഗബാധ ഒഴിവാക്കുന്നതിന്



സഹായകമാണ്. 59 ഡിഗ്രി സെന്റിഗ്രേഡ് ചൂടിൽ 3 മണിക്കൂർ കൊണ്ടും 60 ഡിഗ്രി സെന്റിഗ്രേഡിൽ 30 മിനിറ്റു കൊണ്ടും 70 ഡിഗ്രിയിൽ 15 മിനിറ്റുകൾക്കകവും ഇൻഫ്ളുവൻസ വൈറസ് നശിക്കും. അതിനാൽ തന്നെ കോഴിയിറച്ചിയും മുട്ടയും നന്നായി വേവിച്ച് (70 ഡിഗ്രി സെന്റിഗ്രേഡിനു മുകളിൽ) കഴിയ്ക്കുക. വാട്ടിയ മുട്ടയും, ബുൾസൈയും ഒഴിവാക്കുക. രോഗം നിർണ്ണയിച്ചുകഴിഞ്ഞാൽ മുഴുവൻ താറാവ്/കോഴിപ്പറ്റങ്ങളെയും (1 കിലോമീറ്ററിലുള്ളവ) നശിപ്പിച്ച് കത്തിച്ചുകളയുകയോ കുഴിച്ചുമൂടുകയോ ചെയ്യണമെന്നാണ് ലോകാരോഗ്യ സംഘടനയുടെ പ്രോട്ടോക്കോൾ; 10.കി.മീ. ജാഗ്രതാസോണായി പ്രഖ്യാപിക്കണം. കോഴികളുമായി അടുത്തിടപഴകുന്നത് ഒഴിവാക്കണം. സമ്പർക്കപ്പെടുന്നവർ കൈയ്യുറകളും, മുഖാവരണവും ധരിക്കാൻ ശ്രദ്ധിക്കണം. കൈകൾ സോപ്പ്, സ്പിരിറ്റ്, സാവലോൺ, ഡെറ്റോൾ ഇവയിലൊന്ന് ഉപയോഗിച്ച് വൃത്തിയാക്കണം. രോഗബാധയുള്ള ഫാമുകളിൽ നിന്ന് മറ്റു ഫാമുകൾ സന്ദർശിക്കാതിരിക്കുക, കോഴി ചന്തകളും, അതിർത്തികളിലൂടെയുള്ള കോഴികടത്തലും ഒഴിവാക്കുകയും ചെയ്യണം. കുമ്മായം, ബ്ലീച്ചിങ് പൗഡർ എന്നിവ ഫാമുകളിലും മറ്റും പരിസര അണുനശീകരണത്തിന് ഉത്തമമാണ്. പക്ഷികളിൽ രോഗലക്ഷണം കണ്ടുകഴിഞ്ഞാൽ എത്രയും പെട്ടെന്ന് മൃഗസംരക്ഷണ അധികൃതരെ വിവരം അറിയിക്കുകയും വിദഗ്ധ സേവനം തേടുകയും ചെയ്യുക, കോഴി, കോഴിമുട്ട, അനുബന്ധ ഉല്പന്നങ്ങൾ തുടങ്ങിയവ സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിലൂടെ പരിശോധനയ്ക്ക് ശേഷം മാത്രം കടത്തിവിടാൻ നിർദ്ദേശം നൽകി കഴിഞ്ഞു. രോഗബാധിത പ്രദേശത്തുനിന്നുള്ള കോഴി/താറാവ് കടത്ത് നിരോധിച്ചു കഴിഞ്ഞു. സംസ്ഥാന ദ്രുതകർമ്മസേനയിലെ ടീം കർമനിരതരായിക്കഴിഞ്ഞു. ആരോഗ്യം, തദ്ദേശ ഭരണം തുടങ്ങിയ വകുപ്പുകളും നാട്ടുകാരും പ്രവർത്തനസജ്ജമാണ്.

മൃഗസംരക്ഷണ വകുപ്പ് ഭോപ്പാലിലെ ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസ് ലാബിൽ അയച്ചാണ് സാമ്പിളുകൾ പരിശോധിപ്പിച്ചു രോഗനിർണ്ണയം നടത്തുന്നത്. ആ ലാബിലെ ഫലങ്ങൾക്കാണ് സ്ഥിരത ഉറപ്പാക്കാനാകുന്നത്. തൊണ്ടയിലെ സ്രവം, ക്ലൊയേക്കൽ സ്വാബ്, സിറം സാമ്പിൾ, ടിഷ്യൂ സാമ്പിൾ, ഉണങ്ങാത്ത കാഷ്ഠം, അഞ്ചു ചത്ത കോഴികൾ /താറാവുകൾ എന്നിവയാണ് പരിശോധനയ്ക്കായി ഭോപ്പാലിലേക്ക് അയക്കുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ പാലോടുള്ള ലാബിലും (State Institute for Animal Diseases- SIAD) പക്ഷിപ്പനി നിർണ്ണയ സംവിധാനങ്ങളുണ്ട്. എന്നാൽ അന്തിമ തീരുമാനം ഭോപ്പാലിലേതാണ്. പക്ഷിപ്പനി പോലെയുള്ള മനുഷ്യരിലേക്ക് പകരുന്ന വൈറസ് രോഗങ്ങൾ നിർണ്ണയിക്കുന്നതിന് സംസ്ഥാനത്തിനകത്തുതന്നെ ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസ് ലാബുകൾ സ്ഥാപിക്കേണ്ടത് വർത്തമാനകാലത്തിന്റെ അനിവാര്യതയാണ്. മനുഷ്യരിൽ നിന്നു മനുഷ്യരിലേക്ക് പക്ഷിപ്പനി പകരാനുള്ള സാധ്യതയും തുലോം വിരളമാണ്. ആശങ്കപ്പെടാതിരിക്കുകയും ഏറെ ജാഗ്രത പുലർത്തുകയുമാണ് നമ്മുടെ കടമ. കർഷകരുടെ നഷ്ടപരിഹാരത്തുക ലഭ്യമാക്കാൻ സത്വര നടപടികളായിട്ടുണ്ട്. ശക്തമായ കർഷക ബോധവൽക്കരണവും കർഷകസഹകരണവും ഉണ്ടെങ്കിൽ മാത്രമേ ഈ രോഗനിർമ്മാർജ്ജനപരിപാടി സമഗ്രമാകൂ. തകരുന്ന കോഴിവിപണിയിലും കരുതലും കരുത്തുമായി കോഴി കർഷകർ ഈ പ്രതിസന്ധിയെ അതിജീവിക്കുകതന്നെ ചെയ്യും. ◆







# കുളമ്പ് രോഗ നിയന്ത്രണ പദ്ധതി

*ഗോരക്ഷ മുതൽ ദേശീയ ജന്തു രോഗ നിയന്ത്രണ പദ്ധതി വരെ*



**ഡോ.ഒ.റ്റി.തങ്കച്ചൻ**
ജില്ലാ മൃഗസംരക്ഷണ ഓഫീസർ
ആലപ്പുഴ

ആഗോള തലത്തിൽ കാലി വളർത്തൽ മേഖലയിലും, പന്നി വളർത്തൽ മേഖലയിലും നേരിടുന്ന പ്രധാന തിരിച്ചടി കുളമ്പ് രോഗവും അത് ഏൽപ്പിക്കുന്ന ആഘാതവുമാണ്. നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയും വിഭിന്നമല്ല. ഒരു കൊല്ലം 4000 കോടി രൂപയുടെ നഷ്ടമാണ് കുളമ്പ് രോഗം മൂലം ഉണ്ടാകുന്നത്. കാലികളുടെ മരണം മൂലമുണ്ടാകുന്ന നഷ്ടം കൂടാതെ ഉല്പാദന പ്രത്യുല്പാദന കുറവ് മൂലമുള്ള നഷ്ടവും മാംസവും മാംസോല്പന്നങ്ങളും കയറ്റുമതി ചെയ്യുവാൻ സാധിക്കാത്തതു മൂലമുള്ള സാമ്പത്തിക ഇടിവും ഇതിന് ആക്കം കൂട്ടുന്നു.

കേരളത്തെ സംബന്ധിച്ച് ഇത് ക്ഷീര കർഷകർക്ക് വലിയ ദുരിതമായിരുന്നു. സംസ്ഥാനത്തിന്റെ ഏതെങ്കിലും ഭാഗത്ത് എല്ലാ മാസവും തന്നെ ചെറിയ ചെറിയ പ്രദേശങ്ങളിൽ കുളമ്പ് രോഗം പൊട്ടിപ്പുറപ്പെടുമായിരുന്നു. രോഗം വന്നവയ്ക്ക് ചികിത്സ, രോഗം വരാത്തവയ്ക്ക് റിംഗ് വാക്സിനേഷൻ എന്നിവയും നടത്തിപ്പോന്നു. എന്നാൽ രോഗം ശരിയായി റിപ്പോർട്ട് ചെയ്യാതിരിക്കൽ, ശാസ്ത്രീയ പരിശോധനയുടെയും കൃത്യമായ വാക്സിനേഷന്റെയും റിപ്പോർട്ടിന്റെയും അഭാവം എന്നിവ കുളമ്പ് രോഗ നിയന്ത്രണം പ്രയാസമേറിയതാക്കി. ഇതുപോലെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കൊണ്ട് കാര്യമില്ലെന്നും ശാസ്ത്രീയവും നിയമത്തിൽ അധിഷ്ഠിതമായതും അതോടൊപ്പം പ്രായോഗികവുമായ തലത്തിലുള്ള പ്രവർത്തനങ്ങൾക്ക് മാത്രമേ നമ്മുടെ സംസ്ഥാനത്ത് കുളമ്പ് രോഗം നിയന്ത്രിക്കുവാൻ സാധിക്കയുള്ളു എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരും നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡുമായി വിശദമായ ചർച്ചകൾ നടത്തുകയും അവരുടെ സാങ്കേതിക സാമ്പത്തിക സഹായത്തോടു കൂടി കുളമ്പ് രോഗ നിയന്ത്രണത്തിന് ഒരു പദ്ധതി തയ്യാറാക്കുകയും ചെയ്തു. അതാണ് 'ഗോരക്ഷ' പദ്ധതി. ആയതിൻ പ്രകാരം 27.03.2004 ൽ നാഷണൽ ഡയറി ഡെവലപ്പ്മെന്റ് ബോർഡുമായി സർക്കാർ ധാരണ പത്രം ഒപ്പിട്ടു.

ഗോരക്ഷ പദ്ധതിയുടെ നടത്തിപ്പിന്റെ ആദ്യ പടിയായി സംസ്ഥാനതലത്തിൽ ഒരു പ്രോജക്ട്

മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും, മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി, പഞ്ചായത്ത് വകുപ്പ് സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി, പ്ലാനിംഗ് ബോർഡ് പ്രതിനിധി, മിൽമ ചെയർമാൻ, മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് ഡെവലപ്പ്മെന്റ് ബോർഡ് പ്രതിനിധി, പ്രോജക്ട് കോഓർഡിനേറ്റർഎന്നിവർ അംഗങ്ങളുമാണ്.

പ്രോജക്ടിന്റെ തുടക്കത്തിൽ സംസ്ഥാന തലത്തിൽ അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഉള്ള സംഘവും ജില്ലാ തലത്തിൽ ജില്ലാ കോ ഓർഡിനേറ്റർ, എപിഡെമിയോളജിസ്റ്റ്, ലാബ് ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സമിതികളും രൂപീകരിച്ചു.

കുളമ്പ് രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് **7 പ്രവർത്തനങ്ങളാണ്** പ്രധാനമായും ഉദ്ദേശിച്ചിരിക്കുന്നത്.

1. പ്രതിരോധ കുത്തിവയ്പ്
2. കുത്തിവയ്പ്പിനാവശ്യമായ ജീവനക്കാരുടെ സ്ക്വാഡുകൾ തയ്യാറാക്കൽ
3. കുളമ്പ് രോഗത്തിന്റെ സാംക്രമിക രോഗ ശാസ്ത്രം മനസ്സിലാക്കൽ
4. രോഗം പൊട്ടിപ്പുറപ്പെടുന്ന സാഹചര്യങ്ങൾ കൈകാര്യം ചെയ്യൽ (ഔട്ട് ബ്രേക്ക് മാനേജ്മെന്റ് )
5. സീറോ മോണിറ്ററിംഗ്
6. വിജ്ഞാന വ്യാപനവും ബോധവൽക്കരണവും, പ്രചാരണവും
7. സംസ്ഥാനത്തിനുള്ളിലേയ്ക്കും ജില്ലകളിലേയ്ക്കുമുള്ള മൃഗങ്ങളുടെ സഞ്ചാരം നിയന്ത്രിക്കൽ

1968 ലെ ജന്തുരോഗ നിയന്ത്രണ നിയമം സംസ്ഥാന സർക്കാർ ഭേദഗതി വരുത്തി. കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ് നിർബന്ധമാക്കി. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും, ജില്ലാ കളക്ടർ അധ്യക്ഷനായും ക്ഷീര വികസന വകുപ്പ്, മിൽമ, ക്ഷീര സംഘം പ്രസിഡന്റുമാർ ചെയർ പേഴ്സണായും, വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ കൺവീനറായും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചു.

കന്നുകാലികൾക്കും പന്നികൾക്കും 10 രൂപയും ആടിന് 5 രൂപയുമായിരുന്നു ഫീസ്. ഇവയെ കുത്തിവച്ചതിനു ശേഷം കാതിൽ കമ്മലിടണം.

പദ്ധതിയുടെ പ്രധാന നിർദ്ദേശങ്ങളിലൊന്ന് ആകെയുള്ള കന്നുകാലി/ആടുകളുടെ എണ്ണത്തിന്റെ 85% കുത്തിവയ്പ്പിന് വിധേയമാക്കണം എന്നുള്ളതായിരുന്നു. ആയതിനായി വിവിധ ഘട്ടങ്ങളിൽ പരിശീലന പരിപാടികൾ നടന്നു. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് അംഗങ്ങൾക്ക് ഹൈദരാബാദിൽ വച്ചും മറ്റുള്ളവർക്ക് അതാത് ജില്ലകളിലും വച്ച് പരിശീലനം നൽകി. ഇതിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി ജീവനക്കാർക്ക് വിതരണം ചെയ്തു. അതാത് ദിവസം ചെയ്യുന്ന വാക്സിനേഷന്റെ കണക്ക് അന്നു തന്നെ പഞ്ചായത്ത് താലൂക്ക് തലത്തിൽ അറിയിക്കുകയും, താലൂക്കിൽ നിന്നും അത് ക്രോഡീകരിച്ച് ജില്ലയ്ക്ക് നൽകുകയും ജില്ലയിൽ നിന്ന് സംസ്ഥാന തലത്തിൽ അറിയിക്കുകയും വേണം. കാർഷികോല്പാദന കമ്മീഷണർ, സെക്രട്ടറി, ഡയറക്ടർ എന്നിവർ 5 മണിക്ക് അത് വിശകലനം ചെയ്യുകയും വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും.

ഇന്ത്യയിൽ തന്നെ ആദ്യമായി നടത്തുവാൻ പോകുന്ന പദ്ധതി ആയതിനാൽ പല ഭാഗത്തു നിന്നും എതിർപ്പുകൾ ഉണ്ടായി. പ്രത്യേകിച്ചും കർഷകരിൽ നിന്നും ഫീൽഡ്തല ഉദ്യോഗസ്ഥരിൽ നിന്നും കുത്തിവയ്പ്പിനു ശേഷം പാൽ കുറയുമെന്നും പശു ചത്തുപോകുമെന്നും ചിലർ പറയാൻ തുടങ്ങി. ഫീൽഡ് തല ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ പദ്ധതിയായതിനാൽ വലിയ ആശങ്കയോടും സംശയത്തോടെയുമാണ് വീക്ഷിച്ചിരുന്നത്. ആയതിനാൽ തന്നെ നിരന്തരമായ പരിശീലനങ്ങളും, ബോധവൽക്കരണവും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും, സംശയ നിവാരണങ്ങളും പദ്ധതി തുടങ്ങുന്നതിനു മുൻപ് ആവശ്യമായി വന്നു. ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ സംസ്ഥാന തലത്തിലും, ജില്ലാ പഞ്ചായത്ത് തലത്തിലും വരെ വിവിധ മാധ്യമങ്ങളിലൂടെ നടത്തി.

അടുത്ത ദൗത്യം ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒരു പ്രദേശത്തെ/സംസ്ഥാനത്തെ മുഴുവൻ ഉരുക്കളെയും ഒരുമിച്ച് കുത്തിവയ്ക്കണം എന്നുള്ളതാണ്. ആയതിനായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിലും വാക്സിൻ സൂക്ഷിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. അതുപോലെ തന്നെ ശീതീകരണ ശൃംഖല (Cold Chain Maintenance) നില നിർത്തുകയും വേണം. അതിനായി സംസ്ഥാനത്തിന് ആവശ്യമായ മുഴുവൻ വാക്സിനുകളും ശേഖരിച്ച് സൂക്ഷിക്കുവാൻ തിരുവനന്തപുരം, ആലുവ, തൃശൂർ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ 5 സ്ഥലങ്ങളിൽ വാക് ഇൻ കൂളർ സ്ഥാപിച്ചു. വാക്സിനുകൾ ഹൈദരാബാദിൽ നിന്നും നേരിട്ട് ഈ സ്ഥലങ്ങളിലേയ്ക്ക് എത്തിച്ചു. ഈ സ്ഥലങ്ങളിൽ 24 മണിക്കൂറും ഇലക്ട്രിസിറ്റിജനറേറ്റർ സൗകര്യങ്ങളും ഒരുക്കി. അതിനുശേഷം ജില്ലാ തലം, താലൂക്ക് തലം എന്നിവിടങ്ങളിലും വാക്സിനുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കി. പഞ്ചായത്ത് തലത്തിൽ എല്ലാ മൃഗാശുപത്രികളിലും, റെഫ്രിജറേറ്റർ ഉണ്ടെന്ന് ഉറപ്പ് വരുത്തി. ഫീൽഡ് തല ജീവനക്കാർക്ക് പരിശീലനം ലഭ്യമാക്കി. അവർക്ക് ആവശ്യമായ കൂൾ പെയിൽ, കൈയുറകൾ, സിറിഞ്ച്, സൂചി, ടാഗ്, അടിയന്തിര ആവശ്യങ്ങൾക്ക് ഉള്ള മരുന്നുകൾ എന്നിവ ലഭ്യമാക്കി.



അതിനോടോപ്പം തന്നെ പഞ്ചായത്ത്/വാർഡ് തല നടത്തിപ്പുമായി ബന്ധപ്പെട്ട് രൂപരേഖ തയ്യാറാക്കി. ഒരു വാക്സിനേഷൻ നടത്തിപ്പുകാലം 21 ദിവസമായി നിശ്ചയിച്ചു. ഒരു ദിവസം ചെയ്യേണ്ട കുത്തിവയ്പ്പിന്റെ ടാർജറ്റ് 50 ആയി നിജപ്പെടുത്തി. ഏകദേശം 1000 മൃഗങ്ങളോ അതിൽ താഴെയോ ഉള്ള പഞ്ചായത്തുകളിൽ ഈ പ്രവർത്തനം നടത്തുന്നതിനായി 1 സ്ക്വാഡിനെ നിയമിച്ചു. ഒരു സ്ക്വാഡിൽ ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറും ഒരു അറ്റൻഡറും/ ഒരു സഹായിയും ഉണ്ടാകും. അവർക്ക് യാത്രക്കൂലി/ഇന്ധനം എന്നിവയ്ക്കായി 200 രൂപയും ലഭ്യമാക്കുന്നു. അങ്ങനെ കന്നുകാലികളുടെ എണ്ണം അനുസരിച്ച് സ്ക്വാഡുകളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ നിന്നും ശേഖരിച്ച് താലൂക്ക് തലത്തിൽ ക്രോഡീകരിച്ച് ജില്ലയ്ക്ക് കൈമാറും അവിടെ നിന്നും അതിന് അനുമതി ലഭിക്കും. അങ്ങനെ വാക്സിനുകളും അനുബന്ധ സാമഗ്രികളും ജില്ലയിൽ നിന്ന് താലൂക്കിലേയ്ക്കും താലൂക്കിൽ നിന്ന് അതാത് മൃഗാശുപത്രികളിലേയ്ക്കും മാറ്റി. സ്ക്വാഡുകൾക്ക് പരിശീലനം നൽകി ആവശ്യമായ പരസ്യങ്ങൾ കൊടുത്തു. മൈക്രോ ലെവലിൽ പഞ്ചായത്ത് തലത്തിൽ വരെ പരസ്യം കൊടുത്തു. ഓരോ ദിവസവും ഓരോ സ്ക്വാഡും പോകേണ്ട വാർഡുകൾ തീരുമാനിച്ച് നോട്ടീസ് അടിച്ചു അതാത് വാർഡ് മെമ്പർമാരെ അറിയിച്ചു. അങ്ങനെ ഒരുക്കങ്ങൾ എല്ലാം പൂർത്തിയായി 15/10/2004 ൽ പദ്ധതി ആരംഭിച്ചു. ആദ്യ റൗണ്ടിലെ പ്രവർത്തനങ്ങളിൽ ചില തിരിച്ചടികൾ ഉണ്ടായി.

- ഫീൽഡ് തലത്തിലെ ഉദ്യോഗസ്ഥരുടെ ലഭ്യത കുറവ്, ഉള്ളവരുടെ ആരോഗ്യപ്രശ്നങ്ങൾ
- കർഷകരുടെ നിസ്സഹകരണം.
- കുത്തിവയ്പ്പിനുശേഷം ഉരുക്കൾക്ക് നിരവധി
- അലർജി, പാൽ കുറവ്, മരണപ്പെടൽ എന്നിവയെപ്പറ്റിയുള്ള കുപ്രചരണം.
- സ്ക്വാഡുകൾ തികയാതെ വന്നപ്പോൾ വെറ്ററിനറി സർജൻ, സീനിയൽ വെറ്ററിനറി സർജൻ എന്നിവരെ നിയമിച്ചതിനെ തുടർന്നുള്ള എതിർപ്പുകൾ.
- ചില സ്ഥലങ്ങളിൽ കുളമ്പ് രോഗം പൊട്ടിപ്പുറപ്പെടൽ

മേൽവിവരിച്ച നിരവധി പ്രായോഗിക പ്രശ്നങ്ങൾ ഉണ്ടായി ചിലവയ്ക്ക് ഗർഭം അലസൽ, അലർജി, മരണം എന്നിവ സംഭവിച്ചു. ആയതിനാൽ ഉദ്ദേശിച്ച പോലെ അത് പൂർത്തിയാക്കുവാൻ സാധിച്ചില്ല. 85% കുത്തിവയ്പ്പ് നടത്തുവാൻ സാധിച്ചില്ലെങ്കിലും മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങളിൽ ഒരു വിപ്ലവം സൃഷ്ടിക്കുവാൻ സാധിച്ചു. പദ്ധതിയുടെ രണ്ടാം ഘട്ടം നവംബർ 28/11/2005 മുതൽ 31/12/2005 വരെ കാലാവധിയിൽ പൂർത്തിയാക്കുവാൻ തീർക്കുവാൻ സാധിച്ചു.

അതിനോടനുബന്ധിച്ചു തന്നെ കുത്തിവയ്പ്പിന് മുൻപ് രക്ത പരിശോധന ഇവയൊക്കെ മുറപോലെ നടന്നു. ആദ്യകാലങ്ങളിൽ നിരവധി പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോയെങ്കിലും ഓരോ ഘട്ടം കഴിയുംന്തോറും പദ്ധതി നടത്തികൊണ്ടുപോകുന്നതിന്റെ ബുദ്ധിമുട്ടുകൾ കുറഞ്ഞു കുറഞ്ഞു വന്നു. ജീവനക്കാർ ഓരോ ഘട്ടം കഴിയുന്തോറും വൈദഗ്ദ്ധ്യം നേടിക്കൊണ്ടിരിക്കുന്നു. കർഷകർ കുത്തിവയ്പ്പിന്റെ പ്രയോജനം മനസ്സിലാക്കിയതിനാൽ എതിർപ്പുകൾ ഇല്ലാതായി. 15ാം ഘട്ടമായപ്പോൾ കർഷകർ കുത്തിവയ്പ്പ് ചെയ്യുവാൻ ആവശ്യപ്പെട്ടു തുടങ്ങി. പിന്നീടങ്ങോട്ട് 26ാം ഘട്ടം വരെ സുഗമമായി കൊണ്ടുപോകാൻ സാധിച്ചു. കുളമ്പ് രോഗം നിയന്ത്രിക്കുവാൻ ഇത് വളരെ സഹായകരമായിട്ടുണ്ട്. 27ാം ഘട്ടം ആയപ്പോൾ രാജ്യമൊട്ടുക്ക്

ഒരേ സമയം കുത്തിവയ്പ്പ് നടത്താവുന്ന തരത്തിലേയ്ക്ക് കൊണ്ടുപോയി. അതായത് ഈ പദ്ധതി ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി എന്ന പേരിൽ അറിയപ്പെട്ടു (NADCP – National Animal Disease Cotnrol Project) അങ്ങനെ ദേശീയ തലത്തിലുള്ള കുളമ്പ് രോഗ പ്രതിരോധ കുത്തിവയ്പ്പ് ഒന്നാം ഘട്ടം 2020 ഫെബ്രുവരി 27 മുതൽ മാർച്ച് 23 വരെയാണ് തീരുമാനിച്ചിരുന്നത്. എന്നാൽ കോവിഡ് 19 വ്യാപനം മൂലം ലോക്ക് ഡൗൺ ആയതിനാൽ 11.03.2020 മുതൽ 14.06.2020 വരെ നിർത്തി വച്ചിരുന്നു. 15.06.2020 മുതൽ 15.10.2020 വരെ തുടരുകയും ചെയ്തു. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിക്ക് ഇത് രാജ്യമെമ്പാടും ഒരേ സമയം ചെയ്യുന്നു എന്ന പ്രത്യേകതയുണ്ട്. ആടുകളെ സാങ്കേതിക കാരണങ്ങളാൽ ഒഴിവാക്കി. കൂടാതെ കുളമ്പ് രോഗത്തിനു പുറമേ ബ്രൂസെല്ല രോഗത്തിനെതിരായും പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്.

ഈ പദ്ധതി പ്രകാരം 100% ഉരുക്കളെയും കുത്തിവയ്ക്കാനുള്ള നിർദ്ദേശം ഉണ്ട്. കൂടാതെ കിടാക്കളിൽ 4 മുതൽ 5 മാസം വരെ പ്രായം ഉള്ളവയെ ആദ്യ കുത്തിവയ്പ്പിന് വിധേയമാക്കണം. ഒരു മാസം കഴിഞ്ഞ് ഒരു ബൂസ്റ്റർ വാക്സിനേഷൻ കൂടി നൽകണം. അങ്ങനെ 6 മാസം കൂടുമ്പോൾ പ്രതിരോധ കുത്തിവയ്പ്പുകൾ തുടരണം. അതായത് ഒരു വർഷം രണ്ട് കുത്തിവയ്പ്പ്. മറ്റൊരു പ്രത്യേകത എ ഡി സി പി യിൽ ഒരു വാക്സിനേഷന് 10 രൂപ നിരക്കിൽ കർഷകരുടെ പക്കൽ നിന്നും ഫീസ് ഈടാക്കിയിരുന്നത് ഇപ്പോൾ സൗജന്യമാണ്. വാക്സിനേഷന് മുൻപ് ഉരുക്കൾക്കെല്ലാം വിരബാധയ്ക്ക് മരുന്ന് കൊടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

എ ഡി സി പി തുടങ്ങുന്നതിനു മുൻപ് എല്ലാ മാസവും സംസ്ഥാനത്ത് എവിടെയെങ്കിലും ചെറുതും വലുതുമായ കുളമ്പ് രോഗ ബാധകൾ, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഉണ്ടാകുമായിരുന്നു. ഭയങ്കരമായ പൊട്ടിപ്പുറപ്പെടൽ ഓരോ നാലു വർഷം കൂടുന്തോറും കണ്ടുവരാറുണ്ടായിരുന്നു. ഇപ്പോൾ കുളമ്പു രോഗം റിപ്പോർട്ട് ചെയ്യുന്നതേ ഇല്ല, എന്നുള്ളത് വസ്തുതയാണ്. സർക്കാർ വിഭാവനം ചെയ്യുന്നത് 2025 ഓടെ കുളമ്പ് രോഗം നിർമാർജ്ജനം ചെയ്യാൻ നമുക്ക് കഴിയുമെന്നും, 2030 ഓടെ നമ്മുടെ മാംസ ഉൽപ്പന്നങ്ങൾ യൂറോപ്പും മറ്റും കീഴടക്കും എന്നുള്ളതുമാണ്.

കഴിഞ്ഞ 26 ഘട്ടങ്ങളിലെ നിരന്തരമായ ബോധവൽക്കരണത്തിലൂടെയും വിജ്ഞാന വ്യാപന പ്രവർത്തനത്തിലൂടെയും പ്രതിരോധ കുത്തിവയ്പ്പിന്റെ പ്രയോജനം കർഷകർ മനസ്സിലാക്കിയിട്ടുണ്ട്. പല കർഷകരും കുളമ്പു രോഗം വന്ന പശുക്കളുടെ ദുരിതം നേരിട്ട് അനുഭവിച്ചവരാണ്. അതിനാൽ തന്നെ ഇപ്പോൾ 100% ജനകീയമായാണ് ഈ പദ്ധതി നടത്തിക്കൊണ്ട് പോകുന്നത്. ക്ഷീര സംഘങ്ങൾ, വിവിധ തലത്തിലുള്ള ജനപ്രതിനിധികൾ എന്നിവരുടെ നിർലോഭമായ സഹകരണവും ഇപ്പോൾ ഈ പദ്ധതി വിജയമാക്കുവാൻ സഹായിക്കുന്നുണ്ട്.




**1999 മുതൽ 14 വർഷത്തെ കുളമ്പ് രോഗ ബാധ സ്ഥിരീകരിക്കുന്ന വിവരം**

| വർഷം | കുളമ്പുരോഗ ബാധ | അസുഖം ബാധിച്ചവയുടെ എണ്ണം | മരണ നിരക്ക് |
|---|---|---|---|
| 1998-1999 | 804 | 19,205 | 1178 |
| 1999-2000 | 255 | 7714 | 741 |
| 2000-2001 | 45 | 850 | 5 |
| 2001-2002 | 45 | 487 | 11 |
| 2002-2003 | 283 | 19207 | 1424 |
| 2003-2004 | 132 | 1888 | 92 |
| 2004-2005 | 19 | 446 | 66 |
| 2005-2006 | 16 | 125 | 2 |
| 2006-2007 | 14 | 154 | 5 |
| 2007-2008 | 9 | 40 | 1 |
| 2008-2009 | 48 | 312 | 0 |
| 2009-2010 | 5 | 1684 | 9 |
| 2010-2011 | 9 | 72 | 0 |
| 2011-2012 | 8 | 197 | 2 |

◆




***ഡോ.ബാബുരാജ്***
*ഡെപ്യൂട്ടി.ഡയറക്ടർ, എം.എസ്.വി.എച്ച്*
*കുടപ്പനക്കുന്ന്*



**ഡോ. ഡി. ഷൈൻകുമാർ**
അസി. ഡയറക്ടർ
എൽ.എം.ടി.സി, കൊട്ടിയം

# ഓ ഇത് സിമ്പിളല്ലയോ

കൊറോണ യുഗത്തിൽ പത്ത് കാശുണ്ടാക്കാൻ സിമ്പിളായ മാർഗമായിരുന്നു അരുമലോകം എന്ന് നാം കണ്ടതാണ്. ലോക് ഡൗൺ കാലത്ത് മറ്റെല്ലാ ബിസിനസ്സുകളും തകർന്നടിഞ്ഞപ്പോൾ പെറ്റ് വിപണിയിൽ ഒരു വമ്പൻ കുതിച്ചു കയറ്റമായിരുന്നു. അകലെയുള്ളതിനല്ല അരികിലുള്ളതിനാണ് വിലയെന്ന തിരിച്ചറിവും അതോടെ ഉണ്ടായി. അരുമ പ്രജനന രംഗത്ത് നല്ല ബ്രീഡർമാർ ഉണ്ടായാൽ ഒരിക്കലും അവസാനിക്കാത്ത ഈ എന്റർടെയിൻമെന്റ് വ്യവസായത്തിൽ അവർക്കൊരു സ്ഥാനമുണ്ടാകും എന്നുറപ്പാണ്. അത്തരം സാങ്കേതികതകൾ നവയുഗത്തിൽ വെറ്ററിനേറിയന്മാരും അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്.

പതിവ് അരുമലോകമല്ല ഇന്നുള്ളത്. പിറവി മുതൽ മനുഷ്യന്റെ സന്തത സഹചാരികളായിരുന്ന നായ്ക്കൾ മുതൽ പരിണാമ ശാസ്ത്രജ്ഞന്മാരെ അത്ഭുതപ്പെടുത്തിയ വലിയ പല്ലികളായ ഇഗ്വാന വരെ ഇന്ന് അരുമ ലോകത്തുണ്ട്. ഈ രംഗത്ത് ഹരമായി കൊണ്ടിരിക്കുന്ന ചില പുതുതാരങ്ങളെ പരിചയപ്പെടുത്തുകയാണ്.

## പൂച്ചക്കാര്യം വെറും മ്യാവു കാര്യമല്ല

കടുവയുടെ പരമ്പരയിൽപെടുന്നവർ. മണം രുചിച്ചറിയാൻ നാവ് തുറന്ന് വച്ചിരിക്കുന്നവർ. ചാടുമ്പോഴും നടക്കുമ്പോഴും മേനി മറിയാതെ സഹായിക്കുന്ന വാലുള്ളവർ. സ്വന്തം ഉയരത്തിന്റെ ആറ് മടങ്ങ് ചാടുന്നവർ. വഴിവീതി അളക്കാൻ കൊമ്പൻ മീശയുള്ളവർ, സ്വയം ചൂട് നൽകുന്ന പുതപ്പിലുറങ്ങുന്നവർ. എങ്ങനെ ഉയർന്നാലും നാല് കാലിൽ വീഴുന്നവർ. ഭൂകമ്പം, സുനാമി തുടങ്ങിയവ പ്രകൃതി പ്രതിഭാസങ്ങൾ നേരത്തെ തിരിച്ചറിയാനുള്ള അതീന്ദ്രിയ ജ്ഞാനമുള്ളവർ. അങ്ങനെയെന്തെല്ലാം എന്തെല്ലാമാണ് പൂച്ചകളുടെ വിശേഷണങ്ങൾ.





എന്നാൽ പണ്ടേപോലെ പാല് കട്ടുകുടിക്കുന്ന കള്ളിപ്പൂച്ചകളല്ല ഇന്നുള്ളത്. ജന്മം കൊണ്ട് ഇറാൻകാരാണ്. ഇറ്റലിയിലെ പിയട്രോ ഡെല്ല വാലി എന്ന ലോകസഞ്ചാരി മെസപ്പൊട്ടോമിയൻ പർവ്വതനിരകളിൽ നിന്നും എത്തിച്ച **പേർഷ്യൻ പൂച്ചകൾ** ആണ് ഇന്ന് താരങ്ങൾ. മിണ്ടാപ്പൂച്ചകളാണ് അവർ. എങ്കിലും കലമുടയ്ക്കാറില്ല. തുളുമ്പുന്ന കവിളും, മഞ്ചാടി മൂക്കും വലിയ മീശകളും നീണ്ട രോമങ്ങളുമുണ്ട്. കനത്ത പാദങ്ങളുണ്ടെങ്കിലും വലിയ ചാട്ടക്കാരല്ല. പേർഷ്യൻ പൂച്ചകൾ വിപണിയിൽ ഹരമാകാൻ പല കാരണങ്ങളുണ്ട്. സന്തോഷം വന്നാൽ വാലാട്ടും. മ്യാവു ശബ്ദം യജമാനനുമായി ആശയവിനിമയത്തിനാണ്. ആക്രമണകാരികളല്ല. വേട്ടയാടുന്ന മൂഡിൽ മീശ മുമ്പിലോട്ടെത്തും. പേടിച്ചാൽ അത് പിന്നിലേക്കും. കോട്ടുവായ ഒരു ആശയവിനിമയ മാർഗ്ഗമാണ്. ഒപ്പം കൂടുതൽ പ്രാണവായു ഉള്ളിലേക്കും ഉച്ഛ്വാസവായു പുറത്തേക്കും ചെല്ലും. ക്യാറ്റ് ഫാൻസിയേഴ്സ് അസ്സോസിയേഷനാണ് പൂച്ചകളുടെ വ്യവസ്ഥാപിത ലൈസൻസിംഗ് ഏജൻസി.

രുചിയില്ലെങ്കിൽ എത്ര വിശന്നാലും കഴിക്കാത്തവരാണ് പേർഷ്യൻ പൂച്ചകൾ. മുറികളിൽ താമസിച്ചാൽ രണ്ട് ദശാബ്ദത്തോളം ജീവിതകാലം ഉണ്ട്. പ്രഭാതത്തിലും പ്രദോഷത്തിലും സജീവമാകുന്ന പേർഷ്യൻ പൂച്ചകളിൽ സമീപകാലത്ത് ഹരമായ ചില മാതൃകകൾ നോക്കാം.

മൂക്കിന്റെ സ്ഥാനമാണ് ചില മാതൃകകളെ വേർതിരിക്കുക. നെറ്റിയിൽ നിന്ന് മൂക്ക് ഉള്ളിലേക്ക് കയറിയാൽ അത് എക്സ്ട്രീം പഞ്ചാണ് (Etxreme Punch). മൂക്കും നെറ്റിയും ഒരേ ലംബത്തിൽ നിന്നാൽ അത് സെമി പഞ്ചാണ്(Semi Punch). നെറ്റി അല്പം പുറത്തേക്ക് തള്ളി നിന്നാൽ ഡോൾ ഫെയ്സും (Doll Face), തള്ള് കുറഞ്ഞാൽ സെമി ഡോളു (Semi Doll) മാണ്.

വർണ്ണപ്പകർച്ചയുടേയും, നിറവിന്യാസത്തിന്റേയും കാര്യത്തിലും ചില മാതൃകകൾ ഉണ്ട്. പൂർണ്ണ സ്വർണ്ണപ്പട്ട് മേനിക്കാരെ കാലിക്കോ (Calico) എന്നാണറിയപ്പെടുന്നത്. കടുംശ്യാമ വർണ്ണം മേനിയാകെ പടർത്തുന്നവർ ടോർടോയിസ് ഷെല്ലുമാണ് (Tortoise Shell). നെറ്റിയിലേയും ചെവിയിലേയും നിറം വാലിലെത്തിക്കുന്നവർ പൊതുവെ വാൻ (Van) എന്നാണറിയപ്പെടുന്നത്. വാൻ വിവിധ വിഭാഗത്തിലുണ്ട്. ഇരട്ടവർണ്ണം ചേർന്നെത്തിയാൽ അവരെ ബൈകളർ ക്യാറ്റ്/പൈ ബാൾഡ് ക്യാറ്റ് (Bicolor cat/Piebald cat) എന്നാണറിയപ്പെടുന്നത്. ഇതിൽ റെഡ് & വൈറ്റും, ക്രീം & വൈറ്റും, ഓറഞ്ചും, ജിൻജറുമൊക്കെ വരും. നീലക്കണ്ണുള്ളവരെ പൊതുവെ ഫ്ളെയിം പോയിന്റ് എന്നും അറിയപ്പെടുന്നു.

## നല്ല പ്രജനനത്തിന് നല്ല തീറ്റ

എത്ര വിശന്നാലും രുചിയുള്ള തീറ്റയില്ലെങ്കിൽ ആഹാരമേ കഴിക്കാത്തവരാണ് പേർഷ്യൻ പൂച്ചകൾ. മുട്ട പുഴുങ്ങിയത്, ചിക്കൻ/ബീഫ്, ക്യാരറ്റ്, ഗ്രീൻപീസ്, ഉരുളക്കിഴങ്ങ്, മത്തൻ ഇവ ചേർത്താണ് പൂച്ചകൾക്കായി തീറ്റയുണ്ടാക്കുക. നന്നായി അരച്ചതിന് ശേഷം അതിൽ സാൽമൺ ഓയിലും, ക്രീമി ട്രീറ്റ്സ് എന്ന വിപണിയിൽ ലഭ്യമായ ഫ്ളേവർ ക്രീമും ചേർക്കണം.





## പരിചരണം പ്രധാനം

ചെവിയും കണ്ണുകളുമാണ് പേർഷ്യൻ പൂച്ചകളുടെ അഴക്. പട്ടുരോമങ്ങൾ ദിനംപ്രതി ഗ്രൂമിംഗിന് വിധേയമാക്കും. ചെവി നോർമൽ സലൈൻ ഉപയോഗിച്ച് വൃത്തിയാക്കിയ ശേഷം ഒന്നോ രണ്ടോ തുള്ളി സാലിസിലിക് ആസിഡ് ഇയർ ക്ലെൻസർ ഒഴിക്കണം. പുറത്ത് ചെറു മർദ്ദത്താൽ അതിനെ ഉള്ളിൽ ലയിപ്പിക്കണം. പിന്നീട് ഇയർബഡുകൾ ഉപയോഗിച്ച് അത് വൃത്തിയാക്കണം. കണ്ണിരൊഴുകാൻ സാദ്ധ്യതയുള്ള ചാലുകളിലെല്ലാം നോർമൽ സലൈൻ ഉപയോഗിച്ച് വൃത്തിയാക്കണം. ലിറ്റർ ബോക്സിലെ ഘടകങ്ങൾ ബേക്കിംഗ് സോഡയും ക്ലേയുമാണ്. അകത്ത് നെറ്റ് ഷീറ്റ് പിടിപ്പിച്ച് അതിൽ ക്ലംമ്പിംഗ് എന്ന പേരിൽ വിപണിയിൽ ലഭ്യമായ ക്യാറ്റ് ലിറ്റർ നിരത്തിയാൽ ഹൗസ് ബ്രേക്കിംഗ്



എളുപ്പമായി. അമ്പതാം ദിവസം മൾട്ടി കമ്പോണന്റ് വാക്സിൻ(herpes,pavo,calci) നൽകണം. ഇരുപത്തിയൊന്നാം ദിവസം ആവർത്തിക്കണം. തൊണ്ണൂറാം ദിവസം പേവിഷ പ്രതിരോധ വാക്സിൻ നൽകണം. ബ്രോങ്കോ ഡയലൈറ്ററും (Asthalin) നോർമൽ സലൈനും ഉപയോഗിച്ചുള്ള നെബുലൈസേഷൻ ദിവസവും വേണം. പ്രത്യേക ക്യാറ്റ് ബോക്സിൽ പൂച്ചയെ കയറ്റിയ ശേഷം ടവൽ കൊണ്ട് പൊതിഞ്ഞാണ് നെബുലൈസേഷൻ നടത്തുക.

ആണ്ടിൽ രണ്ട് പ്രസവങ്ങളാണ്. 8 മുതൽ 12 വരെ കുഞ്ഞുങ്ങളുണ്ടാകും. 6 ആഴ്ച തുടർച്ചയായി പാൽ കുടിപ്പിക്കണം. പാൽ കുറഞ്ഞാൽ മിൽക്ക് റീപ്ലേസറിനെ പകരക്കാരാക്കാം. അഞ്ചക്ക സംഖ്യകളിലാണ് നല്ല പൂച്ചകളുടെ വില തുടങ്ങുക. സി.എഫ്.എ രജിസ്ട്രേഷൻ കൂടി കിട്ടിയാൽ വില അതിലുമേറും.

## മുഗ്ദമനോഹരം ചാരുസംഗീതം

ചലിക്കുന്ന അധരങ്ങളാൽ മാധുര്യമാർന്ന കൊഞ്ചൽ പൊഴിക്കുന്ന തത്തകളെ ആർക്കാണ് മറക്കാനാകുക. സ്വരതാളങ്ങൾക്കൊപ്പം കഴുത്ത് ചലിപ്പിക്കുന്ന ഈ സൗന്ദര്യറാണികൾ അരുമലോകത്ത് വിസ്മയഭരിതമായ പ്രകടനങ്ങൾ കാഴ്ചവയ്ക്കുന്നവരാണ്. വർഷത്തിൽ മൂന്നോ നാലോ മുട്ടകളേ കിട്ടുകയുള്ളു എങ്കിലും ലക്ഷങ്ങൾ വിലയുണ്ട് എന്നതാണ് വിദേശ തത്തകളുടെ മഹിമ. വിപണി പ്രിയരായ ചിലരെ നോക്കാം.

## ആഫ്രിക്കൻ ചാര തത്ത

മിമിക്രിക്കാരെ തോൽപ്പിക്കുന്ന ശബ്ദാനുകരണ സാമർത്ഥ്യമുള്ളവരാണ് ചാര തത്ത. അതുകൊണ്ട് തന്നെ പെറ്റ് ഷോകളിൽ ശ്രദ്ധാകേന്ദ്രമായി മാറും. വലിയ കളികൾ ഇഷ്ടപ്പെടുന്ന ഇവർക്ക് ഏവിയറികളാണ് യോജിച്ചത്. ഒറ്റയ്ക്കുള്ള കൂടാണെങ്കിൽ 59 x 59 x 63 സെന്റീമീറ്റർ അളവാണ് അഭികാമ്യം. ആറാം വയസ്സിൽ പ്രായപൂർത്തിയാകുന്ന ചാരതത്തകൾക്ക് മുള





പ്പിച്ചതോ, കുതിർത്തതോ ആയ ധാന്യങ്ങൾ തന്നെയാണ് മുഖ്യതീറ്റ. പുറം വാൽ മെറൂൺ നിറത്തോട് കൂടിയ റ്റിമിനേ എന്നൊരു വ്യത്യസ്ത വിഭാഗവും ചാര തത്തകളിലുണ്ട്. വർഷത്തിൽ 25 മുട്ടകൾ. അടവിരിയൽ ദൈർഘ്യം 28-30 ദിവസം.

## മക്കാവ് തത്തകൾ

മോഹന സൗന്ദര്യം കൊണ്ട് ഹൃദയഹാരിയാണ്. പ്രകൃതിയുടെ കലാനൈപുണ്യം സർവ്വവൈഭവത്തോടും കൂടി സമന്വയിപ്പിച്ച വർണ്ണതീഷ്ണമായ മേനി. ഏറ്റവും വലുപ്പം കൂടിയതും നീലവർണ്ണമുള്ളതുമായ ഹയസിന്ത് മക്കാവ്, മിലിട്ടറി മക്കാവ്, മാരിവിൽ ചന്തമുള്ള സ്കാർലെറ്റ് മക്കാവ്, കഴുത്തിൽ മഞ്ഞ വളയങ്ങൾ വീഴുന്ന യെല്ലോ കോളേഡ് മക്കാവ്, നീലയും സ്വർണ്ണവും ഇടകലർന്ന മേനിയുള്ള ബ്ലൂ & ഗോൾഡ് മക്കാവ്, ഹാൻസ് മക്കാവ് എന്നിവരാണ് പ്രശസ്തർ. വർഷത്തിൽ 3-4 മുട്ടകൾ. 24-28 ദിവസം അടവിരിയൽ ദൈർഘ്യം. ആൺപെൺ തിരിച്ചറിയൽ മാർഗ്ഗം ഡി.എൻ.എ സെക്സിംഗിലൂടെ.

## ആമസോൺ തത്തകൾ

പതുപതുത്ത പച്ചയുടെ സൗന്ദര്യം കൊണ്ട് അനുഗ്രഹീതർ. യജമാനനോട് ഇത്രയും സ്നേഹവും സ്വാർത്ഥയും പ്രകടിപ്പിക്കുന്ന മറ്റ് തത്തകളില്ല. മേനിയിൽ ഹരിതത്തിന്റെ നിറഭേദങ്ങൾ സൃഷ്ടിക്കുന്നവരാണ് ആമസോൺ സുന്ദരിമാർ. യെല്ലോ ഫ്രണ്ടഡ്, ഓറഞ്ച് വിംഗ്ഡ്, യെല്ലോ നാപ്ഡ്, ഗ്രീൻ ചീക്ക്ഡ്, വൈറ്റ് ഫ്രണ്ടഡ്, മീലി, എന്നീ വിവിധയിനങ്ങൾ ഇവരിലുണ്ട്. വർഷത്തിൽ 2-4 മുട്ടകൾ. 25-28 ദിവസം അടവിരിയൽ ദൈർഘ്യം. ആൺപെൺ തിരിച്ചറിയൽ മാർഗ്ഗം ഡി.എൻ.എ സെക്സിംഗിലൂടെ.

## ആഫ്രിക്കൻ ലൗബേർഡുകൾ

ചെറുവാലോടു കൂടിയ കൊഴുത്തുരുണ്ട സുന്ദരി തത്തകൾ. പച്ചയും മഞ്ഞയും, നീലയും



കറുപ്പും, ചുവപ്പുമൊക്കെയായി തീഷ്ണവർണ്ണങ്ങളുടെ പെരുമ. 13-15 സെന്റീമീറ്റർ വരെ വലുപ്പം. തലയുടെ വലുപ്പം, ചുണ്ടിന്റെ ചുരുളൻ ആകൃതി, ഇടുപ്പെല്ലിന്റെ അകലക്കുറവ് എന്നിവ നോക്കി ആൺകിളിയെ പരിചയസമ്പന്നർക്ക് തിരിച്ചറിയാം. പീച്ച് ഫേസ്ഡ്, മാസ്ക്ഡ്,(blue masked, yellow masked, black cheeked) മോവ് (mauve), വൈറ്റ് മാസ്ക്ഡ്, ഫിഷർ ലൗ ബേർഡ് എന്നിങ്ങനെ വിവിധയിനങ്ങൾ.

## കൊക്കറ്റൂ

തലയിൽ വർണ്ണച്ചാർത്തിന്റെ വിശറിപ്പൂവുകൾ അലങ്കരിക്കുന്ന തത്തകളാണ് കൊക്കറ്റൂകൾ. കളിപ്പാട്ട കൈവണ്ടി വലിക്കുവാനും, ഇന്ദ്രജാല വിദ്യകളൊരുക്കുവാനും നന്നായി പരിശീലിപ്പിക്കാവുന്ന ഇവയെ സർക്കസ് തത്തകൾ എന്നാണ് അറിയപ്പെടുന്നത്. ഗന്ധകനിറമുള്ള തലപ്പൂവാണ് പ്രസിദ്ധം. ചലിപ്പിക്കാൻ കഴിയുന്ന തലപ്പൂവുകൾ ഇവരുടെ മേനിഭാഷ തന്നെയാണ്. ലെസ്സർ സൾഫർ ക്രസ്റ്റഡ്, ഗ്രേറ്റർ സൾഫർ ക്രസ്റ്റഡ്, മൊളൂക്കൻ, അംബ്രല്ല, ഗോഫിൻസ്, ഗ്യാല, ബീഡ് ബീറ്റർ, പാം എന്നിങ്ങനെ വിവിധയിനങ്ങൾ.

## കൊനൂർ തത്തകൾ

ആൾക്കൂട്ടങ്ങളോടിണങ്ങിയ സുന്ദരി തത്തകൾ. വലിയ ആരാധക വൃന്ദമുള്ള കൊനൂറുകൾക്ക് ഇപ്പോൾ വിപണിയിൽ വലിയ പ്രിയ



മുണ്ട്. കുടുംബത്തിൽ ആരുമായും ഇണങ്ങുന്നത് കൊണ്ട് വലിയ ആരാധക വൃന്ദം. സൺ കൊനൂർ ആണ് ഒരു സാധാരണ മാതൃക. ബ്ലൂ ത്രോട്ടഡ്, ബ്ലൂ ക്രൗണ്ഡ്, മെറൂൺ ബില്ലീഡ്, നന്ദേ, വൈറ്റ് ഐഡ് എന്നിങ്ങനെ വിവിധയിനങ്ങൾ.

### പക്ഷിപ്രജനനം

കോളനി ബ്രീഡിംഗും, കേജ്ബ്രീഡിംഗുമാണ് പക്ഷികളിൽ പ്രജനന രീതികൾ. ഇതിൽ കേജ് ബ്രീഡിംഗാണ് നിയന്ത്രിത ശാസ്ത്രീയ പ്രജനനമായി അവലംബിക്കാവുന്നത്. നാലാം മാസം തന്നെ പ്രായപൂർത്തിയാകുമെങ്കിലും മിക്ക തത്തകളിലും ഒരു വയസ്സിൽ പൂവനെയും ഒമ്പതാം മാസം പിടയെയും ഇണചേർക്കാം. സ്വതന്ത്രമായി വിഹരിക്കാനുള്ള ഫ്ളൈറ്റ് കേജുകളാണ് ഇണയെ കണ്ടെത്താൻ നല്ലത്. ഒരറ്റത്ത് നിന്നും മറ്റേയറ്റത്തേക്ക് പറക്കാനുള്ള സമയം 8 സെക്കന്റ് എന്നതാണ് കൂടിന്റെ യഥാർത്ഥ നീളമാകേണ്ടത്. മറ്റ് വളർത്തു പക്ഷികളിൽ നിന്ന് വ്യത്യസ്തമായി ഇണകൾ സ്വരമാധുരിയിലൂടെ തിരിച്ചറിയപ്പെടുന്നില്ല. പരസ്പരം കണ്ടാണ് ബന്ധമുണ്ടാകുക. കാണാതിരുന്നാൽ ഈ ബന്ധം (bonding) അറ്റുപോവുകയും ചെയ്യും. ഫ്ളൈറ്റ് കേജിൽ ഒരു സ്വയംവരത്തിന്റെ രൂപത്തിൽ ഇണകൾ കൊക്കുരുമ്മുമെങ്കിലും നിയന്ത്രിത (selective) പ്രജനനത്തിന് വേണ്ടി ക്ഷമയോടെയുള്ള നിരീക്ഷണത്തിന്റെ ആവശ്യമുണ്ട്. നല്ലയിണകളെ തെരഞ്ഞെടുത്താൽ അവരെ ബ്രീഡിംഗ് കേജിലേക്ക് ഒറ്റയ്ക്കൊറ്റക്ക് മാറ്റാം. 18 ശതമാനം പ്രോട്ടീനുള്ള മൃദുതീറ്റ ഈ സമയം നല്ലതാണ്. കഴുകിയുണക്കിയ തിനയും, കണവനാക്കും, തുളസിയിലയും, മല്ലിയിലയും, ചീരയിലയുമൊക്കെ കൂടാതെ മൃദുതീറ്റ നിർബന്ധമായും നൽകണം. മധുരക്കിഴങ്ങ്, സൂര്യകാന്തി കുരു, സോയാബീൻ, വെളുത്തുള്ളി എന്നിവ പുഴുങ്ങിയരച്ച് തോടോടുകൂടി പുഴുങ്ങിയ മുട്ട ഉടച്ചുണക്കിയതുമായി ചേർത്ത് ഒലിവെണ്ണയും, യീസ്റ്റും, ക്യാരറ്റ് ജ്യൂസും, തേനും, ജീവകമിശ്രിതവും ഒരു നുള്ള് ഉപ്പുമൊക്കെ ചേർത്ത് സ്വാദിഷ്ടമായ മൃദു ആഹാരം ഉണ്ടാക്കാം. ബ്രീഡിംഗ് കേജിൽ ആദ്യമേ തന്നെ ഇണകളെ ഒരുമിച്ചിടരുത്. നാല് ദിവസം പ്രത്യേക കേജുകളിൽ പാർപ്പിച്ച ശേഷം അഞ്ചാം ദിവസം പ്രഭാതത്തിൽ പൂവനെ പിടയുടെ കേജിലേക്ക് ഇടണം. വിജയകരമായ പ്രജനനത്തിൽ അനുബന്ധമായി ഘടിപ്പിച്ചിരിക്കുന്ന അടയിരിക്കൽ കൂട്ടിലേക്ക് (nest box) പിട മാറുകയായി. പൂവന്റെ സാന്നിദ്ധ്യവും കൂട്ടിലെ ഇരുട്ടുമൊക്കെ മുട്ടയിടലിന് പ്രേരകമാകും. മിക്ക പക്ഷികളിലും അടയിരിക്കുന്ന ജോലി പിട തന്നെ ഏറ്റെടുക്കും. പ്രാവിലും, ബഡ്ജറിഗറിലുമൊക്കെ ഒരാഴ്ചയോളം തള്ളക്കിളി അതിന്റെ ആമാശയഭിത്തിയിൽ നിന്നുണ്ടാകുന്ന പോഷകസമൃദ്ധമായ ദ്രാവകം (crop milk) ആണ് കുഞ്ഞുങ്ങൾക്ക് തീറ്റയാക്കുക.

### കാശ്മീരി ഗോട്ട്/Cashmere Goat

ആടുകൾ പലതുണ്ടെങ്കിലും കാശ്മീരി ഗോട്ടാണ് ഇപ്പോൾ താരം. കാശ്മീർ എന്നാൽ നമ്മുടെ കാശ്മീർ അല്ല. ചൈനക്കാരാണ് ഇവർ. ചങ്താങ്ങി എന്നും കാശ്മീർ പഷ്മിന എന്നും പേരുണ്ട്. പൂർണ്ണ വെള്ളരോമരാജിയും കറുപ്പും വെളുപ്പും ഇടകലർന്ന രോമരാജിയുമുള്ള ഇവർക്ക് 155 ദിവസം ഗർഭകാലമാണ്. വർഷത്തിൽ കുട്ടിയൊന്ന് ഉറപ്പാണ്. ആറക്ക സംഖ്യകളിലാണ് വില തുടക്കം. ചൈനയിലെ ഗാൽസു പ്രവിശ്യയിലെ ഹെക്സി, ഇറച്ചിക്കും തുകലിനും വേണ്ടി ഉപകരിക്കുന്ന മംഗോളിയ, ബുയാൻ മലകളിലെ ലയണി, ഷാൻസി പ്രവിശ്യയിലെ ലിച്ചങ്, ലുലിയാംഗ് എന്നിവ ഇവരിലെ പ്രശസ്തരായ ഇനങ്ങളാണ്.



### പിഗ്മി മർമ്മോസെറ്റ്

Pigmy Marmoset/Callithirix jacchus

ബ്രസീലിലെ മദീര നദീതീരത്താണ് ലോകത്തിലെ ഏറ്റവും ചെറിയ കുരങ്ങിന്റെ ജനനം. ഇന്ന് ലോകമാകെ അരുമളാണ് മർമ്മോസെറ്റ്. ആൺകുരങ്ങിന് ഏറിയാൽ 260 ഗ്രാം ഭാരമേയുള്ളു. 19 സെന്റീമീറ്റർ ഉയരവും. എല്ലാവരോടും കളിയാണ് പിഗ്മിക്ക്. ചെവിയിലെ രോമവർണ്ണമനുസരിച്ച് വൈറ്റ് ഇയർ എന്നും ബ്ലാക്ക് ഇയറെന്നും ചില മാതൃകകളുണ്ട്. നെറ്റിയിലെ ഉയർന്ന ശ്യാമരോമങ്ങളുള്ള ബ്ലാക്ക് ടഫ്റ്റഡും ഇവരിലെ ഇനമാണ്. 12 വർഷം ആയുർദൈർഘ്യമുള്ള മർമ്മോസെറ്റുകൾ 143-144 ദിവസം ഗർഭകാലമുണ്ട്. ഒന്നരവർഷത്തിലാണ് പ്രായപൂർത്തി.



### ഷുഗർ ഗ്ലൈഡർ (Sugar Glider/Petarus Breviceps)

അരുമ വിപണിയിലെ രാജാക്കന്മാരാണ് ഇപ്പോൾ ഷുഗർ ഗ്ലൈഡർ. തേനും പൂമ്പൊടിയും കള്ളുമൊക്കെ ധാരാളം കുടിക്കുന്ന മധുരപ്രിയർ. പറക്കുന്ന അണ്ണാനോട് സമമായ രൂപം. നേർത്ത ചാരനിറം മുതൽ തവിട്ടു നിറം വരെ ആണ് മേനി വർണ്ണം. ഷോട്ട് ഹെഡഡ് റോപ്പ് ഡാൻസർ എന്നറിയപ്പെടുന്ന ഇവരുടെ ചന്തവും ചലനവും ഒന്നു വേറെ തന്നെയാണ്. പ്രത്യേക തരം ഗന്ധങ്ങളോട് പേടിയുള്ളവരാണ് ഷുഗർ ഗ്ലൈഡർ. 17 ദിവസമാണ് ഗർഭകാലം. ഒരു പ്രസവത്തിൽ മൂന്ന് മുതൽ നാല് കുഞ്ഞുങ്ങൾ വരെയുണ്ടാകാം. ആകർഷകമായ നയനങ്ങളുള്ള ഷുഗർ ഗ്ലൈഡർ ആരുമായും നന്നായി ഇണങ്ങും. അതുകൊണ്ടു തന്നെ ആരാധകർ വർദ്ധിച്ച് വരുന്നു.





### ഗ്രീൻ ഇഗ്വാന (Iguana iguana)

മെക്സിക്കോയിലാണ് ലോകത്തെ ഏറ്റവും വലിയ പല്ലിയിനമായ ഇഗ്വാനയുടെ ജനനം. മദ്ധ്യ അമേരിക്കയിലും കരീബിയൻ ദ്വീപുകളിലുമൊക്കെ വിഹാരം. 20 വർഷത്തോളം നീണ്ട ആയുസ്സുണ്ടിവർക്ക്. ആൺ ഇഗ്വാനയ്ക്ക് നാല് കിലോ തൂക്കമെത്താം. തവിട്ടു നിറത്തിലുള്ള കോമൺ ഇഗ്വാനയും, അമേരിക്കൻ ഇഗ്വാനയെന്നറിയപ്പെടുന്ന ഗ്രീൻ ഇഗ്വാനയുമാണ് ഇപ്പോൾ പ്രശസ്തരായ ഇനങ്ങൾ. ധാന്യങ്ങളും, ചെറു ഇറച്ചി കഷണങ്ങളും ഒക്കെ കഴിക്കുമെങ്കിലും ചെമ്പരത്തി പൂവിനോടും, ചെമ്പരത്തി ഇലയോടുമാണ് പ്രണയം. മുട്ടയിട്ട് പെരുകുന്ന ഇവർ ഒറ്റത്തവണ 20 മുതൽ 70 വരെ മുട്ടകളിടും.

### മനസ്സുണ്ടെങ്കിൽ മടി നിറയ്ക്കാം

ഏത് അരസികന്റേയും ഹൃദയത്തിലേയ്ക്ക് സ്നേഹത്തിന്റെയും സൗന്ദര്യത്തിന്റേയും സന്ദേശങ്ങളയയ്ക്കുന്നവരാണ് അരുമകൾ .അവരുയർത്തുന്ന കനക കൂതൂഹലങ്ങളത്രയും  വരുമാനമാണ്. വിനോദ വ്യവസായത്തിന്റെ ഭാഗമായി മാറിയ പെറ്റ് വിപണി കാലത്തോടൊപ്പം സഞ്ചരിക്കുന്നു , അല്പം യുക്തിയും പഠനവും നല്ല നിരീക്ഷണവുമുണ്ടെങ്കിൽ ഈ രംഗത്ത് ആർക്കും വിജയിക്കാം. പ്രജനന തന്ത്രങ്ങളെന്ന അറിവാണ് ഇവിടെ വിജയത്തിന്റെ താക്കോൽ അരുമ മേഖല സാങ്കേതിക വൈദഗ്ദ്ധ്യം അദൃശ്യമായി ആവശ്യപ്പെടുന്ന കാലമാണ്. കണ്ടു പോകാതെ കൊണ്ടുപോകാൻ കഴിയുന്നതിലാണ് മിടുക്കെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ◆



# സറ - ക്ഷീരമേഖലയിലെ വില്ലൻ


**ഡോ. അനിറ്റ പി. എൽ**
എം.വി.എസ്.സി. സ്കോളർ
ഇന്ത്യൻ വെറ്ററിനറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ബറേലി.



**ഡോ. പി.എ.സൈറ**
വെറ്ററിനറി സർജൻ,
ഞാറക്കൽ ഗ്രാമപഞ്ചായത്ത്


ഞങ്ങളുടെ പഞ്ചായത്തിലെ ക്ഷീര കർഷകനായ രാമേട്ടന്റെ ഫോൺ വിളിയുടെ ശബ്ദം കേട്ടാണ് ഞാൻ അന്ന് പുലർച്ചെ ഉറക്കത്തിൽ നിന്നും ഞെട്ടിയുണരുന്നത്. രാമേട്ടൻ വളരെ അസ്വസ്ഥനായിരുന്നു. കാര്യമന്വേഷിച്ചപ്പോൾ തന്റെ അരുമയായ സുന്ദരി പശുവിന്റെ മൂക്കിൽ നിന്നും രക്തം വരുകയും മരണവെപ്രാളം കാണിക്കുന്നതായും പറഞ്ഞു. രാമേട്ടന്റെ വാക്കുകളിൽ നിന്ന് എന്താണ് പശുവിന് സംഭവിച്ചിട്ടുണ്ടാകുകയെന്നു ഊഹിക്കാനാവാത്ത ടെൻഷനിൽ അരമണിക്കൂറിനുള്ളിൽ തന്നെ ഞാൻ അവിടെ പാഞ്ഞെത്തി. യാത്രയിൽ സുന്ദരിപശുവിന്റെ ഇടയ്ക്കിടെയുള്ള വിശപ്പില്ലായ്മയും അതിന്റെ ചികത്സയും എന്റെ മനസ്സിൽ മിന്നിമറഞ്ഞു. തൊഴുത്തിൽ എത്തുന്നതിനു മുമ്പേ രാമേട്ടന്റെ നിലവിളിയാണ് കേൾക്കാനായത്. സുന്ദരിപശു ഞങ്ങളെ വിട്ടു പോയിരുന്നു. ഇൻഷുറൻസ് പരിരക്ഷയുള്ളതിനാൽ മരണകാരണം അറിയുന്നതിനായി, അവിടെ അടുത്ത് താമസിച്ചിരുന്ന പിജി വിദ്യാർത്ഥിനിയുടെ സഹായത്തോടെ പോസ്റ്റ്മോർട്ടം ആരംഭിച്ചു. കരൾ, ശ്വാസകോശം, ആമാശയം എന്നിവയിൽ ചെറിയ വ്യതിയാനങ്ങൾ മാത്രമേ കണ്ടെത്താൻ സാധിച്ചുള്ളൂ. തുടർ അന്വേഷണത്തിന് വേണ്ട സാമ്പിളുകൾ ശേഖരിച്ചു ഞങ്ങൾ അവിടെ നിന്നു യാത്രയായി. ഹീമോപ്രോട്ടോസോവൻ ഒന്നും തന്നെ രക്തസാമ്പിളിൽ നിന്നും കണ്ടെത്താനായില്ല. മഞ്ഞ പതപതപ്പുള്ള ചാണകത്തിൽ നിന്നും ദഹിക്കാത്ത ധാന്യമണികളും പുല്ലിന്റെ അവശിഷ്ടങ്ങളും കണ്ടതൊഴിച്ചാൽ വിരബാധ ഒന്നും ഉണ്ടായില്ലാതാനും. ഒരു നിഗമനത്തിൽ എത്തിച്ചേരാനാവാതെ ഞങ്ങൾ ആശങ്കയിലായി.

തുടർ ദിവസങ്ങളിൽ രാമേട്ടൻ ഡിസ്പെൻസറിയിലെ സ്ഥിരം സന്ദർശകനായി. കാരണമറിയാത്ത വയറിളക്കം, വിശപ്പില്ലായ്മ, കാലുവേദന, പാലുകുറവ്, എന്നീ ലക്ഷണങ്ങൾ പല പശുക്കൾ കാണിച്ചുകൊണ്ടിരുന്നു. ഇത് അങ്ങനെ വിട്ടാൽ പറ്റില്ലല്ലോ. രാമേട്ടന്റെ തൊഴുത്തിലെ പശുക്കളുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ ഞങ്ങൾ തീരുമാനിച്ചു. ചത്തുപോയ സുന്ദരിപശുവിന്റെ ചാണകസാമ്പിൾ പോലെ മറ്റു ചില പശുക്കളുടെയും ചാണകത്തിൽ ദഹിക്കാത്ത തീറ്റയുടെ അവശിഷ്ടങ്ങൾ കണ്ടത് ഒരു സൂചനയായി തോന്നി. രക്തപരിശോധനയിൽ തൊഴുത്തിലെ 2 പശുക്കൾക്ക് മാത്രമാണ് ഹീമോപ്രോട്ടോസോവൻ കണ്ടെത്താനായത്. ആയതിനാൽ ഒരു നിഗമനത്തിലേക്ക് എത്തിച്ചേരാൻ അപ്പോഴും ഞങ്ങൾക്ക് ആയില്ല.

ആയിടെ അകിടുവീക്കമുള്ള ഒരു പശുവിനെ ചികത്സിക്കാനായി രാമേട്ടന്റെ വീട്ടിൽ എത്തിയപ്പോഴാണ് പശുക്കൾക്കു കൊടുക്കുന്ന തീറ്റ എന്റെ ശ്രദ്ധയിൽപ്പെടുന്നത്. ഹൈഡ്രോപോണിക്സ് രീതിയിൽ വളർത്തിയ ചോളച്ചെടിയും (നാരുകൾ നന്നേ കുറഞ്ഞവ) ബീയർ വേസ്റ്റും വെള്ളത്തിൽ കലക്കിയ കാലിത്തീറ്റയുമായിരുന്നു രാമേട്ടന്റെ പശുക്കളുടെ തീറ്റ. മുമ്പ് പലതവണ തീറ്റയെ കുറിച്ച് രാമേട്ടനോട് ചോദിച്ചിരുന്നെങ്കിലും ചോളചെടിയെ പറ്റിയോ ബിയർ വേസ്റ്റിനെ പറ്റിയോ ഒന്നും പറഞ്ഞിരുന്നില്ല. പുറത്തു നിന്നും വാങ്ങി നൽകിയിരുന്ന തീറ്റപ്പുൽ പകുതിയിലധികം കുറച്ചുവെന്നതും അന്നാണ് മനസിലായത്.

ഇന്നത്തെ സാഹചര്യത്തിൽ ലാഭം മുൻനിർത്തി ഉയർന്ന പാൽ ഉത്പാദനത്തിനായി സാന്ദ്രീകൃതാഹാരം അമിതമായി കൊടുത്തു വരുന്ന രീതിയാണ് കണ്ടുവരുന്നത്. തീറ്റപുല്ലാകട്ടെ വളരെ കുറവും . കന്നുകാലികൾ സ്വാഭാവികമായും തീറ്റപ്പുൽ ദഹിപ്പിക്കാൻ ശേഷിയുള്ളവരാണ്. ഒരു പശുവിന്റെ ജനിതക മികവ് ഏറ്റവും നന്നായി പ്രകടിപ്പിക്കുവാൻ ആവുന്നത് അതിന്റെ ആമാശയത്തിലെ ആദ്യ അറയായ റൂമെന്റെ ആരോഗ്യത്തെ ആസ്പദമാക്കിയാണ്. ഇതിനായി ശുഷ്ക പദാർത്ഥങ്ങളുടെ അടിസ്ഥാനത്തിൽ പശുവിന്റെ തീറ്റയിൽ പുല്ല്, വൈക്കോൽ, സൈലേജ് എന്നിവയടങ്ങിയ പരുഷഹാരം 40 ശതമാനവും കാലിത്തീറ്റ, ധാന്യങ്ങൾ, പിണ്ണാക്ക് എന്നിവയടങ്ങിയ സാന്ദ്രീകൃതഹാരം 60 ശതമാനവും ഉൾപെടുത്തേണ്ടതുണ്ട്. സാന്ദ്രീകൃതഹാരമാണ് പരുഷഹാരത്തേക്കാൾ എളുപ്പത്തിൽ ദഹിക്കുന്നത്. അന്നജം അടങ്ങിയ സാന്ദ്രീകൃതഹാരത്തിന്റെ അളവ് തീറ്റയിൽ കൂടുമ്പോൾ ബാഷ്പക അമ്ലങ്ങൾ അഥവാ വൊളടൈൽ







ഫാറ്റി ആസിഡുകൾ ( VFA) അധികമായി രൂപപെടുകയും റൂമെൻ pH സാധാരണയായി വേണ്ട 6.8–7.2 എന്നതിൽ നിന്നും താഴുകയും ഇത് നാരുകളുടെ ദഹനത്തെ ബാധിക്കുകയും ചെയ്യുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ നാട്ടിലേക്ക് കൊണ്ടുവരുന്ന പശുക്കളിൽ അകാരണമായ നിരവധി രോഗലക്ഷണങ്ങൾ കണ്ടു വരുന്നുണ്ട്. ഇത് ക്ഷീരകർഷകനെയും വെറ്ററിനറി ഡോക്ടറെയും ഒരു പോലെ ആശങ്കയിൽ ആഴ്ത്തുന്നു. വിശപ്പില്ലായ്മ, ക്ഷീണം, മെലിയൽ, വയറിളക്കം, കാലുവേദന, പനി, അകിടുവീക്കം ഒക്കെ ഇവയിൽ ചിലതാണ്. ഒളിഞ്ഞു നിന്ന് ക്ഷീരമേഖലയുടെ നട്ടെല്ല് ഒടിക്കുന്ന സബ് ആക്യൂട്ട് റൂമിനൽ അസിഡോസിസ് അഥവാ 'സറ 'ആണ് ഈ കഥയിലെ വില്ലൻ.

സബ് ആക്യൂട്ട് റൂമിനൽ അസിഡോസിസ് പിടിപെടുമ്പോൾ, റൂമെൻ pH 3 മണിക്കൂറിൽ 5.2–5.5 വരെ താഴുകയും ചികിത്സ കൂടാതെ തന്നെ പൂർവ്വ സ്ഥിതിയിൽ ആവുകയും ചെയ്യുന്നു. ആയതിനാൽ ഈ രോഗം നിർണായിക്കാൻ വളരെ പ്രയാസമാണ്. പരുഷാഹാരങ്ങൾ വേണ്ടത്ര ഉൾപ്പെടുത്താതെ അമിതമായി സാന്ദ്രീകൃതാഹാരം കൊടുക്കുന്ന പശുക്കളിൽ ആണ് ഈ അവസ്ഥ കാണപ്പെടുന്നത്. വി.എഫ്.എ ആമാശയത്തിലെ പാപ്പില്ല വഴി ആണ് ആഗിരണം ചെയ്യപ്പെടുന്നത്. വിരലുകൾ പോലെയുള്ള പാപ്പില്ല പ്രതല വിസ്തീർണ്ണം കൂട്ടുവാനും സഹായിക്കുന്നു. ബാഷ്പക അമ്ലത്തിന്റെ അധിക ശേഖരണവും ലാക്ടിക് അമ്ലത്തിന്റെ വ്യതിയാനവും പശുക്കളുടെ ആമാശയത്തിലെ pH കുറയ്ക്കുവാൻ കാരണമാകുന്നു. ഈ കാരണം കൊണ്ട് പാപ്പില്ലെയിൽ അൾസർ ഉണ്ടാവുകയും തീറ്റയിലെ പോഷകങ്ങൾ ആഗിരണം ചെയ്യാനുള്ള കഴിവ് നഷ്ടമാവുകയും ചെയ്യുന്നു. അങ്ങനെ ആമാശയത്തിലെ അണുക്കൾ രക്തചംക്രമണത്തിലേക്ക് പ്രവേശിച്ച് കരളിൽ എത്തി, കരളിൽ പരുക്കൾ ഉണ്ടാകുന്നു. ഇത് പിന്നീട് മറ്റു ആന്തരിക അവയവങ്ങളിലും എത്തി, അവയിൽ വീക്കമുണ്ടാകുകയും രക്തസ്രാവത്തിന് കാരണമാവുകയും ചെയ്യുന്നു. കൂടാതെ ഹിസ്റ്റമിനുകളുടെ അളവ് കൂടുന്നത് ലാമിനൈറ്റിസിന് കാരണമാകുന്നു.

### 'സറ'യുടെ ലക്ഷണങ്ങൾ

1. ഇടയ്ക്കിടെയുള്ള വിശപ്പില്ലായ്മ
2. പാൽ ഉത്പാദനത്തിൽ കുറവ്
3. പാൽ കൊഴുപ്പിൽ കുറവ്
4. മെലിഞ്ഞ ശരീരഘടന
5. കാരണം കണ്ടുപിടിക്കാൻ ആവാത്ത വയറിളക്കം. ചാണകം നല്ല മഞ്ഞ നിറത്തിൽ ആവുകയും, പുളിപ്പ് മണവും, പതപതപ്പും ഉണ്ടാവുകയും ചെയ്യുന്നു. ദഹിക്കാതെ തീറ്റ അവശിഷ്ടങ്ങൾ ചാണകത്തിൽ കാണാൻ സാധിക്കും
6. രക്തധമനികളുടെ വീക്കം
7. അസൈറ്റിസ് അഥവാ മഹോദരം
8. ലാമിനൈറ്റിസ് (കാലുവേദന)
9. ന്യൂമോണിയ
10. വാതം(ആർത്രൈറ്റിസ്)

മേൽപറഞ്ഞ രോഗലക്ഷണങ്ങളിൽ നിന്നും, ആമാശയദ്രാവകത്തിന്റെ pH പരിശോധിച്ചും സബ് ആക്യൂട്ട് റൂമിനൽ ആസിഡോസിസ് നിർണ്ണയിക്കാം.

'സറ'യെ നമുക്ക് ഒരു പരിധി വരെ പ്രതിരോധിക്കാം. വൈക്കോൽ, തീറ്റപ്പുല്ല്, പുല്ലച്ചാർ (silage) എന്നിവ കൃത്യമായ അളവിൽ തീറ്റയിൽ ഉൾപ്പെടുത്തണം. സന്തുലിതമായ ആഹാരരീതി, പ്രോബയോട്ടിക്സ്, പ്രീബയോട്ടിക്സ് , ധാതു ലവണ മിശ്രിതം, ബൈപാസ് ഫാറ്റ് തീറ്റയിൽ ഉൾപെടുത്തുന്നതും സബ് ആക്യൂട്ട് റൂമിനൽ അസിഡോസിസ് തടയുവാൻ സഹായിക്കുന്നു

TMR അഥവാ ടോട്ടൽ മിക്സഡ് റേഷന്റെ പ്രാധാന്യവും ഇവിടെയാണ്. എല്ലാ തരത്തിലും, വിവിധ പ്രായത്തിലും, കറവയിലും ഉൾപ്പെട്ട കന്നുകാലികൾക്കും കിടാരികൾക്കും കൊടുക്കാവുന്ന സമ്പൂർണ കാലിത്തീറ്റ മിശ്രിതമാണ്. പച്ചപുല്ലും വൈക്കോലും നുറുക്കി കാലിത്തീറ്റയോടൊപ്പം ചേർത്ത് നൽകിയാൽ TMR മിശ്രിതത്തിന് തുല്യമായി. ഒരു പശുവിന് കൊടുക്കേണ്ട തീറ്റ 2 നേരം എന്നുള്ളതിനു പകരം 3 നേരമായി നൽകുകയാണെങ്കിൽ ദഹനം കൂടുതൽ സുഖമമാവും. തീറ്റ വെള്ളത്തിൽ കലക്കി നൽകരുത്. കാരണം വെള്ളത്തിൽ കലക്കി നൽകുമ്പോൾ ഉമിനീരിന്റെ ഉത്പാദനം കുറയുന്നതിലൂടെ ഉമിനീരിലെ ബൈകാർബണേറ്റിന്റെ പ്രവർത്തനവും കുറയുന്നു. തീറ്റയോടൊപ്പം വെള്ളം കൊടുക്കുന്ന ശീലം മാറ്റേണ്ടതാണ്. തീറ്റയ്ക്ക് ഒരു മണിക്കൂർ മുമ്പോ പിമ്പോ മാത്രം വെള്ളം കൊടുത്തു ശീലിപ്പിക്കുക. സാന്ദ്രീകൃതഹാരവും പരുഷാഹാരവും കൊടുക്കുന്നതിന്റെ ഇടവേളകൾ ചുരുക്കുക. വേനൽക്കാലത്ത് പശു



ക്കൾക്ക് സൂര്യതപത്തിൽ നിന്നുമുള്ള സംരക്ഷണം വളരെ പ്രധാനമാണ്. ഫാനും ഇടവിട്ട് സ്പ്രിംഗ്ളേഴ്സും ഉപയോഗിക്കുന്നതിലൂടെ സൂര്യാതപം ഒഴിവാക്കാം. കാരണം സൂര്യാതപം അനുഭവിക്കുന്ന പശുവിന്റെ വായിൽ നിന്നും ഒരു പാട് ഉമിനീർ നഷ്ടമാവുന്നു. സോഡാ ബൈകാർബണേറ്റും മഗ്നീഷ്യം ഓക്സൈഡും 2:3 അനുപാതത്തിൽ ഉപയോഗിക്കുന്നതിലൂടെ ബഫറിങ് ആക്ഷൻ ഉറപ്പുവരുത്താം. കടൽസസ്യങ്ങളുടെ (Sea Weed) ഉപയോഗവും നല്ലതാണ്. പ്രസവത്തിന് മൂന്നാഴ്ച മുൻപും ശേഷവുമുള്ള പരിവർത്തനവേളയിലുള്ള പശുക്കളുടെ കൃത്യമായ തീറ്റക്രമവും പരിചരണവും 'സറ'യെ തടയുന്നതിന് സഹായിക്കും. ഇത് വഴി വരും വർഷങ്ങളിലെ കറവകളിലും മികച്ച ഉത്പാദനം ഉറപ്പാക്കാനാവും.

സബ് ആക്യൂട്ട് റൂമിനൽ അസിഡോസിസ് ഏറ്റവും അധികം പ്രാധാന്യം അർഹിക്കുന്നതും സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നതും കാണാമറയത്തു നിന്നുകൊണ്ട് ക്ഷീരമേഖലയെ പിടിച്ചുലയ്ക്കുന്നതുമായ ഒരു ഉപാപചയ വെല്ലുവിളിയാണ്. സറ മൂലം പ്രതിവർഷം പശു ഒന്നിന് 25000 രൂപയോളം സാമ്പത്തിക നഷ്ടം കണക്കാക്കപ്പെടുന്നുണ്ട്. ഇവിടെയാണ് നല്ല രീതിയിൽ വളർത്തിയെടുക്കുന്ന തീറ്റപ്പുല്ലിന്റെ പ്രസക്തി. കേരളീയ സാഹചര്യത്തിൽ കാലിത്തീറ്റയും മറ്റും ഉണ്ടാക്കുന്ന സ്ഥാപനങ്ങൾ പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉണ്ടെങ്കിലും തീറ്റപ്പുൽ കൃഷിക്ക് വേണ്ട രീതിയിൽ പ്രോത്സാഹനം ലഭിക്കുന്നില്ല. ക്ഷീരസംഘടങ്ങളുടെ സഹകരണത്തോടെ 'ഫോഡ്ഡർ ബാങ്ക്' സ്ഥാപിച്ച് കർഷകർക്ക് തീറ്റയോടൊപ്പം തീറ്റപ്പുല്ലും നൽകാൻ മുൻകൈയ്യെടുക്കണം. ഒഴിഞ്ഞു കിടക്കുന്ന തരിശ്ഭൂമികൾ ഇതിനായി വിനിയോഗിക്കാം. സുബാബുൽ, അഗസ്തി, മുരിക്ക്, മുരിങ്ങ തുടങ്ങിയ വൃക്ഷവിളകൾ കൃഷി ചെയ്ത് തീറ്റപ്പുല്ലിന്റെ കുറവ് പരിഹരിക്കാം.

നമ്മുടെ നാട്ടിൽ വർധിച്ചുവരുന്ന ഹീമോപ്രോട്ടോസോവൻ രോഗങ്ങൾ പോലും സറ



മൂലമുണ്ടാകുന്ന രോഗ പ്രതിരോധ ശേഷിക്കുറവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇത് ഏറെ ശ്രദ്ധയർഹിക്കേണ്ട ഒരു വിഷയമാണ്. ആയതിനാൽ ശാസ്ത്രീയപരിപാലനവും കൃത്യമായതീറ്റക്രമവും വഴി പശുക്കളിലെ ആമാശയത്തിന്റെ ആരോഗ്യം സംരക്ഷിക്കുന്നത് 'സറ'യെ തടയുന്നതോടൊപ്പം പശുവിന്റെ ആരോഗ്യവും രോഗപ്രതിരോധ ശേഷിയും മെച്ചപ്പെടുത്തുകയും പാലുത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യും.

*വിവരങ്ങൾക്ക് കടപ്പാട്:*

ഡോ സജിത്ത് പുരുഷോത്തമൻ
(അസി. പ്രൊഫ, അനിമൽ ന്യൂട്രിഷൻ, കോളേജ് ഓഫ് വെറ്ററിനറി ആൻഡ് അനിമൽ സയൻസസ്സ്, മണ്ണുത്തി. Ph: 9447019183)

ഡോ. എം. എസ്. അഷ്കർ
(വെറ്ററിനറി സർജൻ,
ചെറായി ഗ്രാമപഞ്ചായത്ത്.
Ph: 9846432236)

◆



# സ്കൂൾ പൗൾട്രി ക്ലബ്ബ് പുതുമാതൃകയിൽ

പോഷകമൂല്യമുള്ള ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവിപണന മേഖലകളിൽ രൂപപ്പെടുന്ന മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സംവിധാനങ്ങളുടെ അഭാവം, വലിയ പ്രതിസന്ധി സൃഷ്ടിക്കുന്ന ഒരു പ്രശ്നമാണ്. ഇത്തരം പ്രതിസന്ധികളെ മറികടന്ന് ഒരു പുത്തൻ മാതൃക മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ സൃഷ്ടിച്ചിരിക്കുകയാണ് കണ്ണൂർ ജില്ലയിലെ ചെമ്പിലൊട് ഗ്രാമപഞ്ചായത്തിലുള്ള മുതുകുറ്റി യു.പി.സ്കൂൾ. സ്കൂൾ പൗൾട്രി ക്ലബ്ബ് പദ്ധതിയിലൂടെ മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ കോഴിഫാം ആരംഭിച്ച് വിജയഗാഥ രചിച്ച ചരിത്രമാണ് സ്കൂൾ സീഡ് ക്ലബ്ബും മൃഗസംരക്ഷണ വകുപ്പും ചേർന്ന കൂട്ടായ്മയ്ക്ക് പറയാനുള്ളത്. സാധാരണരീതിയിൽ സ്കൂളിലെ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് 5 കോഴിയെ വീതം വീട്ടിലേക്ക് നൽകുന്ന പദ്ധതിയാണ് സ്കൂൾ പൗൾട്രി ക്ലബ്ബ് വഴി കേരളത്തിൽ നടപ്പിലാക്കുന്നത്. ഇതിന് കുട്ടികളെ തിരഞ്ഞെടുക്കുന്നതിനായി സ്കൂളിൽ ചെർന്ന യോഗത്തിൽ തികച്ചു വ്യത്യസ്തമായ ഒരാശയം വിദ്യാർത്ഥികളുടെ ഇടയിൽ നിന്ന് ഉയർന്നു വന്നു. സ്കൂളിൽ ഒരു കോഴിഫാം എന്നതായിരുന്നു ആശയം. 10 വിദ്യാർത്ഥികളുടെ 50 കോഴിക്കുഞ്ഞുങ്ങളെ സ്കൂളിൽ ഒരു ഫാം തുടങ്ങുന്നതിനു വേണ്ടി നൽകാനും പി.ടി.എയുടേയും മാനേജ്മെന്റിന്റേയും സമ്മതത്തോടെ പദ്ധതി നടപ്പിലാക്കാൻ സമ്മതിച്ചു. ഈ ആശയത്തിന് ചെമ്പിലോട് മൃഗാശുപത്രിയിലെ ഡോ:ഷൈനി കെ പൂർണ്ണ പിന്തുണയും സഹകരണവും നൽകിയതിന്റെ ഫലമായി സ്കൂളിന് സ്വന്തമായി ഒരു കോഴിഫാം ഉണ്ടായി. ഒരു കോഴിഫാം സ്കൂളിൽ വിജയിക്കുമോ എന്ന ആശങ്ക പല കോണുകളിൽ നിന്നും ഉയർന്നു വന്നു. ചില പ്രതിസന്ധികൾ ആദ്യഘട്ടത്തിൽ ഉണ്ടായപ്പോൾ ഇതിന് നേതൃത്വം വഹിച്ച അധ്യാപകൻ എന്ന നിലയിൽ വിജയിക്കുമോ എന്ന ആശങ്ക എനിക്കും ഉണ്ടായിരുന്നു. എന്നാൽ പ്രതിസന്ധികളിൽ തോൽക്കാൻ പാടില്ല എന്നും വിജയിക്കും നമ്മൾ, നമ്മുടെ ലക്ഷ്യം നേടുമെന്ന വിദ്യാർത്ഥികളുടെ വാക്കുകൾ ശക്തിയേകി. കുട്ടികളുടെ നിശ്ചയദാർഢ്യത്തിന്റേയും, ആത്മസമർപ്പണത്തിന്റേയും, അധ്വാനത്തിന്റേയും, കൂട്ടായ്മയുടേയും ഫലമായി ആറ് മാസത്തിനുള്ളിൽ മുട്ട ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ച് ചരിത്രം കുറിക്കാൻ സ്കൂളിന് സാധിച്ചു.

**സി.പി. അഭിലാഷ്**
അസിസ്റ്റൻഡ് ടീച്ചർ
മുതുകുറ്റി യു.പി സ്കൂൾ



രാവിലെ 9 മണിക്ക് കുട്ടികൾ അടുത്തുള്ള കടകളിൽ നിന്നും വീടുകളിൽ നിന്നും ശേഖരിച്ച പച്ചക്കറി അവശിഷ്ടങ്ങളുമായി സ്കൂളിൽ എത്തിച്ചേരും. രാവിലേയും പിന്നീട് പഠനം കഴിഞ്ഞ ഇടവേളകളിലും ഫാമിന്റെ പ്രവർത്തനങ്ങളിൽ എന്നോടൊപ്പം സജീവമായി. ആഴ്ചയിൽ 200-ൽ അധികം മുട്ടകൾ ഉച്ചഭക്ഷണ പദ്ധതിയിൽ ആവശ്യമായിരുന്നു. പോഷക പ്രധാനമായ മുട്ടകൾ ഈ പദ്ധതിയിലൂടെ ഉല്പാദിപ്പിക്കാനും മുട്ട കുട്ടികൾക്ക് വിതരണം ചെയ്യാനും സാധിച്ചു. തങ്ങളുടെ അധ്വാനത്തിന്റെ ഫലം എല്ലാകുട്ടികൾക്കും ലഭിക്കുന്നത് സീഡ് ക്ലബ്ബിലെ അംഗങ്ങൾക്ക് ഏറെ സന്തോഷം പ്രദാനം ചെയ്തു. കോഴി കാഷ്ഠം അടക്കമുള്ള കോഴിഫാമിലെ അവശിഷ്ടങ്ങൾ സ്കൂൾ പച്ചക്കറിത്തോട്ടം, സ്കൂൾ നെൽകൃഷി എന്നിവയ്ക്കുള്ള വളമായി ഉപയോഗിച്ചു. കോഴികാഷ്ഠത്തിൽ നിന്ന് ജൈവസത്ത് ഉല്പാദിപ്പിക്കാനും പച്ചക്കറികൃഷിക്ക് ഉപയോഗിക്കാനും ഇതിന്റെ മാതൃക സബ് ജില്ലാ മേളകളിൽ പ്രദർശിപ്പിക്കാനും സമ്മാനം നേടാനും സാധിക്കുകയുണ്ടായി. ഇതു കൂടാതെ പ്രാദേശിക കർഷകർക്ക് വളം വിതരണം ചെയ്യുന്ന പദ്ധതി ആരംഭിക്കാനും സ്കൂൾ സീഡ് ക്ലബ്ബിന്റെ പ്രവർത്തനത്തിന് ചെറിയ വരുമാനമുണ്ടാക്കാനും സാധിച്ചു.

സ്കൂൾ ഉച്ച ഭക്ഷണ പദ്ധതിയുടെ ഭാഗമായി വരുന്ന പച്ചക്കറി വേസ്റ്റും, ഭക്ഷണാവശിഷ്ടങ്ങളും, കുട്ടികളുടെ വീടുകളിൽ നിന്നും അടുത്ത കടകളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറി അവശിഷ്ടങ്ങളും കോഴികൾക്ക് ആവശ്യമായ തീറ്റയായി ഉപയോഗിച്ചപ്പോൾ മാലിന്യം എന്ന പ്രശ്നം സ്കൂളിലും പരിസരത്തും കടകളിലും ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചു. ഈ പദ്ധതിയിലൂടെ കുട്ടികളിൽ



അച്ചടക്കബോധം, സ്വാശ്രയശീലം സഹജീവി സ്നേഹം തുടങ്ങിയ ധാരാളം ഗുണങ്ങൾ വളർത്തിയെടുക്കാൻ സാധിച്ചു.

കഴിഞ്ഞ കണ്ണൂർ ജില്ലാ മൃഗസംരക്ഷണമേളയിൽ ചെമ്പിലോട് മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റാളായി പ്രവർത്തിച്ച മുതുകുറ്റി യു.പി. സ്കൂളിലെ കോഴികളും മുട്ട ഉല്പന്നങ്ങളും ഏറെ ശ്രദ്ധ നേടി. മുട്ട ഉപയോഗിച്ച് ആയുർവേദ മരുന്നുകൾ നിർമ്മിച്ചു നൽകിയത് സ്കൂൾ മാനേജർ കൂടിയായ ശ്രീ. കെ.പി. വേണുഗോപാലൻ വൈദ്യർ ആയിരുന്നു. വ്യത്യസ്ത രോഗങ്ങൾക്ക് പരിഹാരമായുള്ള വിവിധതരം മരുന്നുകൾ പ്രദർശനം കാണാനെത്തിവരിൽ കൗതുകം ജനിപ്പിച്ചു. വിദ്യാർത്ഥികളുടെ വീടുകളിൽ നിന്നും തയ്യാറാക്കിയ 100ൽ അധികം മുട്ട-ഭക്ഷ്യ വിഭവങ്ങളും ബഹു: കെ.കെ.ശൈലജ ടീച്ചറുടെ പ്രത്യേക അഭിനന്ദനവും പരാമർശവും സ്കൂളിനു ലഭിച്ചു. മാതൃഭൂമി സീഡിന്റെ ജില്ലാഹരിത വിദ്യാലയ പുരസ്കാരം സ്കൂളിനെ തേടിയെത്തി.

ചെമ്പിലോട് ഗ്രാമപഞ്ചായത്ത്, മൃഗസംരക്ഷണവകുപ്പ്, കൃഷിവകുപ്പ് എന്നിവയുടെ

Collaborated with SEED and used in MID DAY MEAL at Muthukutty School which attained self sufficiency - Collection of eggs



സഹായത്തോടെ സ്കൂളിൽ കോഴിഫാം, പച്ചക്കറി കൃഷി, നെൽകൃഷി, മീൻവളർത്തൽ, അക്വാപോണിക്സ്, ഹൈഡ്രോ പോണിക്സ്, ഔഷധ സസ്യപരിപാലനം തുടങ്ങി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി പൊതു വിദ്യാഭ്യാസമേഖലയിൽ മാതൃകയായി മാറിയ മുതുകുറ്റി യു.പി. സ്കൂളിൽ 250 ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. എല്ലാ പ്രവർത്തനങ്ങൾക്കും സ്കൂൾ പി.ടി.എയുടേയും മാനേജ്മെന്റിന്റേയും മറ്റ് അധ്യാപകരുടേയും പൂർണ്ണ പിന്തുണയും സഹകരണവും നൽകി വരുന്നു. ◆






# സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD)




പക്ഷി മൃഗാദികളിലെ വിവിധതരം രോഗങ്ങൾ ജന്തുജന്യ രോഗങ്ങൾ തുടങ്ങിയവയുടെ നിർണ്ണയം, നിരീക്ഷണം, നിയന്ത്രണം, ഈ രംഗത്തെ ഗവേഷണം എന്നിവ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പിലെ സംസ്ഥാനതല റഫറൽ ലബോറട്ടറിയാണ് തിരുവനന്തപുരം ജില്ലയിലെ പാലോട് പ്രവർത്തിച്ച് വരുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) അഥവാ സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രം.

കൃത്യവും ത്വരിതവുമായ രോഗനിർണ്ണയം ഉചിതമായ ചികിത്സ ലഭ്യമാക്കുന്നതിനും രോഗം മറ്റുള്ള മൃഗങ്ങളിലേയ്ക്കും മനുഷ്യരിലേയ്ക്കും പടരുന്നത് തടയാനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ഏറ്റവും അത്യാവശ്യമായ ഒട്ടുമിക്ക രോഗ നിർണ്ണയ സൗകര്യങ്ങളും ഇവിടെ ലഭ്യമണ്. മനുഷ്യർക്കും പക്ഷി മൃഗാദികൾക്കും രോഗഭീഷണി ഉണ്ടാക്കുന്ന മാരകമായ രോഗാണുക്കളെ ശാസ്ത്രീയമായി വേർതിരിച്ചെടുത്ത് പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുവാൻ അതീവ സുരക്ഷാ സജ്ജീകരണങ്ങളോട് കൂടിയ ഒരു ബയോസേഫ്റ്റി ലെവൽ II ലാബ് (BSL II Laboratory) ഇവിടെ പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ്, (SIAD) പാലോടിന് NABL (National Board for accreditation of Testing & Calibration Laboratories) അംഗീകാരവുമുണ്ട്.



BSL II Laboratory

രോഗനിർണയ നിരീക്ഷണത്തോടൊപ്പം ഈ മേഖലയിലെ ആധുനിക ഗവേഷണത്തിനും പരിശീലനത്തിനുമുള്ള സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

ഈ സ്ഥാപനത്തിൽ ലഭ്യമായ പ്രധാന രോഗ നിർണ്ണയ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.

### പതോളജി വിഭാഗം

1. പക്ഷികളിലെയും മൃഗങ്ങളിലെയും പെട്ടെന്നുള്ളതും കൂട്ടത്തോടെയുമുള്ള മരണത്തിന്റെ കാരണം കണ്ടെത്തുവാനുള്ള പോസ്റ്റ്മോർട്ടം പരിശോധന.
2. പക്ഷി മൃഗാദികളിലെ കാൻസർ രോഗ നിർണ്ണയം.
3. രക്തത്തിലെ ഹീമോഗ്ലോബിന്റെ അളവ്, രക്താണുക്കളുടെ കൗണ്ട്, വിവിധ തരം എൻസൈമുകളുടെയും, കാൽസിയം, ഫോസ്ഫറസ് തുടങ്ങിയ ധാതുക്കളുടെയും നിർണ്ണയം.
4. ആന്തരിക അവയവങ്ങളിലെ ഹിസ്റ്റോപാത്തോളജി പരിശോധന.

### മൈക്രോബയോളജി വിഭാഗം

1. അകിട് വീക്കം നിർണ്ണയിക്കുവാനും, അനുയോജ്യമായ ആന്റിബയോട്ടിക്കുകൾ

കണ്ടെത്തുന്നതിനുമുള്ള കൾച്ചർ ആൻഡ് സെൻസിറ്റിവിറ്റി ടെസ്റ്റ്.

2. സാധാരണ കണ്ടുവരുന്ന എല്ലാ ബാക്റ്റീരിയൽ രോഗങ്ങളുടെയും കൾച്ചർ പരിശോധന.
3. വെള്ളത്തിലെ ബാക്ടീരിയകളുടെ അളവ് പരിശോധന.
4. ജന്തുജന്യ രോഗങ്ങളായ ആന്ത്രാക്സ്, എലിപ്പനി, (Leptospirosis) ക്ഷയം (Tuberculosis) എന്നിവയുടെ നിർണ്ണയം.
5. പക്ഷികളിൽ സാധാരണമായി കണ്ടുവരുന്ന കോഴി വസന്ത, ഐ.ബി.ഡി (Infectious Bursal Diseases - IBD) ഇൻഫെക്ഷ്യസ് ബ്രോങ്കൈറ്റിസ് (Infectious Bronchitis - IB), Avian influenza (പക്ഷിപ്പനി) എന്നിവയുടെ ദ്രുത പരിശോധന
6. മൃഗങ്ങളിൽ കണ്ടുവരുന്ന പാർവോ വൈറൽ രോഗം, (Canine Distemper) എന്നിവയുടെ ദ്രുത പരിശോധന.
7. പന്നികളിൽ കണ്ടുവരുന്ന ബ്രൂസെല്ലോസിസ്, ക്ലാസ്സിക്കൽ സ്വൈൻ ഫിവർ, പി.ആർ.ആർ.എസ് (Porcine respiratory and reproductory syndrome-PRRS) തുടങ്ങിയ രോഗങ്ങളുടെ എലിസ നിർണ്ണയം.
8. കേരളത്തിലെ ഗവണ്മെന്റ് ഫാമുകളിലെയും പ്രൈവറ്റ് ഫാമുകളിലെയും, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് ഫാമുകളിലെയും ഉരുക്കളുടെ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ക്ഷയം, പാരാ ട്യൂബർകുലോസിസ്, ബ്രൂസെല്ലോസിസ് എന്നീ രോഗങ്ങളുടെ സ്ക്രീനിങ്ങിനുള്ള എലിസ സൗകര്യം.

### പാരാസൈറ്റോളജി വിഭാഗം

1. ഉരുക്കളിൽ പനി, ക്ഷീണം, രക്തം കലർന്ന മൂത്രം, എഴുന്നേറ്റ് നിൽക്കാൻ ബുദ്ധിമുട്ട് എന്നീ ലക്ഷണങ്ങളോടെ പരക്കെ കാണപ്പെടുന്ന തൈലേറിയോസിസ്, ബബിസിയോസിസ്, അനാപ്ലാസ്മോസിസ് എന്നീ രോഗങ്ങൾക്ക് കാരണമായ രക്തത്തിലെ പരാദങ്ങളുടെ നിർണ്ണയം രക്ത സാമ്പിളുകളുടെ പരിശോധനയിലൂടെ നടത്തുന്നു.
2. വിവിധ തരം വിരബാധകളുടെ നിർണ്ണയത്തിനുള്ള പരിശോധന.
3. ബാഹ്യ പരാദങ്ങളുടെ നിർണ്ണയത്തിനായി തൊലിപ്പുറത്തു നിന്നുള്ള സാമ്പിളുകളുടെ പരിശോധന.
4. ബാഹ്യവും ആന്തരികവുമായ പരാദങ്ങളുടെ വംശ നിർണ്ണയം.

### ടോക്സിക്കോളജി വിഭാഗം

1. കാലിത്തീറ്റയിലെയും, കോഴിത്തീറ്റയിലെയും പൂപ്പൽ വിഷ ബാധ നിർണ്ണയം, യൂറിയയുടെ അളവ് നിർണ്ണയം.
2. എലിവിഷം, ഹൈഡ്രോ സൈനിക് ആസിഡ് (HCN) വിഷം എന്നിവയുടെ നിർണ്ണയം.
3. ഉരുക്കളുടെ മരണത്തിന് വരെ കാരണമായേക്കാവുന്ന തീറ്റപ്പുല്ലിലെ നൈട്രേറ്റിന്റെ അംശം നിർണയിച്ച് നൽകുന്നു.

### ബയോടെക്നോളജി വിഭാഗം

1. പക്ഷിമൃഗാദികളിൽ സാധാരണയായി കണ്ടുവരുന്ന അറുപതോളം ബാക്റ്റീരിയൽ, വൈറൽ, ഫംഗൽ, പ്രോട്ടോസോവൽ രോഗങ്ങളുടെ നിർണ്ണയത്തിനുള്ള പി.സി.ആർ (PCR) സൗകര്യം ലഭ്യമാണ്.
2. താരതമ്യേന പുതിയ രോഗങ്ങളായ ലംപിസ്കിൻ ഡിസീസ് (LSD) കുരങ്ങുപനി (KFD), പോർസൈൻ എപ്പിഡെമിക് ഡയേറിയ (PED) എന്നിവ നിർണ്ണയിക്കുവാനുള്ള സൗകര്യം.
3. ആനകളിൽ കണ്ടുവരുന്ന EEHV (Elephant herpes viral infection) കണ്ടെത്തുവാനുള്ള ഇന്ത്യയിലെ ഏക NABL accredited സൗകര്യം ഇവിടെ ലഭ്യമാണ്.
4. മനുഷ്യരിലെ പേവിഷ ബാധ നിർണ്ണയത്തിനുള്ള റിയൽ ടൈം പിസിആർ ടെസ്റ്റിങ്ങും ഡോക്ടർമാരുടെ ആവശ്യപ്രകാരം ഇവിടെ ചെയ്ത് റിപ്പോർട്ട് നൽകുന്നു.





### പേ വിഷരോഗ നിർണ്ണയ ലബോറട്ടറി

1. ത്വരിത ഗതിയിൽ പേ വിഷരോഗ നിർണ്ണയത്തിനുള്ള ലാറ്ററൽ ഫ്ലോ ടെസ്റ്റിംഗ്.
2. മൃഗങ്ങളുടേയും, മനുഷ്യരുടേയും ലോകാരോഗ്യ സംഘടനകൾ (OIE, WHO) നിർദ്ദേശിക്കുന്ന റാബീസ് രോഗ നിർണയത്തിന് 97–98% കൃത്യതയുള്ള DFAT (Direct florescent antibody test) ടെസ്റ്റിംഗിനുള്ള സൗകര്യം ഇവിടെ ലഭ്യമാണ്. 24 മണിക്കൂറിനുള്ളിൽ പേ വിഷബാധ നിർണ്ണയിച്ച് നൽകുന്ന ഈ ടെസ്റ്റിന് ഇവിടെ NABL അംഗീകാരം ലഭിച്ചതാണ്.

### റെസിഡ്യൂ അനലറ്റിക്കൽ ലബോറട്ടറി (Residue Analytical Laboratory)

പാലിലെയും തീറ്റയിലെയും ആന്റിബയോട്ടിക്കുകളുടെ അളവ് നിർണ്ണയിക്കുന്നതിനുള്ള സൗകര്യം ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്.

### സെന്റർ ഫോർ വൈൽഡ് ലൈഫ് സയൻസസ്

വന്യ ജീവികളിലെ രോഗങ്ങളുടെ നിർണ്ണയത്തിനും അവയുടെ പോസ്റ്റ്മോർട്ടം പരിശോധനയ്ക്കും വന്യജീവി രോഗങ്ങളുടെ ഗവേഷണത്തിനുമുള്ള പ്രാധാന്യം മനസ്സിലാക്കി ഇവിടെ പുതിയതായി തുടങ്ങിയതാണ് ഈ സംവിധാനം. മാംസപരിശോധനയിലൂടെ ജീവിയിനങ്ങളെ തിരിച്ചറിയുന്നതിനും ഉള്ള സംവിധാനങ്ങളും ഇവിടെ സജ്ജമാക്കി വരുകയാണ്.

### ഫീൽഡ്തല പരിശോധനകൾ

വലിയതോതിൽ രോഗബാധകൾ പൊട്ടിപ്പുറപ്പെടുമ്പോൾ മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരവും, ജില്ലാ സംവിധാനങ്ങളുടെ ആവശ്യാനുസരണവും വിദഗ്ദ്ധ സേവനം രോഗനിർണ്ണയം, നിരീക്ഷണം, നിയന്ത്രണം എന്നിവയ്ക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസിലെ (SIAD) വിദഗ്ധരുടെ സേവനം അടിയന്തിരമായി ലഭ്യമാക്കുന്നു.



പേ വിഷരോഗ നിർണ്ണയത്തിന് 335/ രൂപയും പ്രൈവറ്റ് ഫാമുകളിൽ നിന്നുള്ള പൂപ്പൽ വിഷബാധാ നിർണ്ണയത്തിന് 160/ രൂപയും ഈടാക്കുന്നത് ഒഴിച്ചാൽ മറ്റെല്ലാ സേവനങ്ങളും സൗജന്യമായാണ് ലഭ്യമാക്കുന്നത്. എല്ലാ പരിശോധനകൾക്കും അതാത് മൃഗാശുപത്രികളിലെ വെറ്ററിനറി ഡോക്ടറുടെയോ ഒരു രജിസ്ട്രേഡ് വെറ്ററിനറി ഡോക്ടറുടെയോ അപേക്ഷയും നാളിതുവരെയുള്ള ചികിത്സാ വിവരങ്ങളും ലക്ഷണങ്ങളിൽ നിന്നുള്ള പ്രാഥമിക നിഗമനങ്ങളും ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർക്ക് ലഭ്യമാക്കേണ്ടതാണ്.

ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് കേന്ദ്ര ഗവൺമെന്റിന്റെയും, കാർഷിക ഗവേഷണ കൗൺസിലിന്റെയും (ICAR) അംഗീകാരങ്ങളും, പുരസ്കാരങ്ങളും പല അവസരങ്ങളിലും ലഭ്യമായിട്ടുണ്ട്. നിലവിൽ വിവിധ ഗവേഷണങ്ങൾക്കും, വിവര സാങ്കേതിക സഹകരണങ്ങൾക്കുമായി National Institute of Veterinary Epidemiology and Disease Informatics (NIVEDI), National Institute of High Securtiy Animal Diseases (NISHAD), Project Directorate on Foot and Mouth Diseases (PD_FMD), Indian Veterinary Research Institute (IVRI), Southern Regional Disease Diagnostic Laboratory (SRDDL), Sree Chithira Thirunal Institute for Medical Science and Technology (SCTIMST), National Institute of Mental Health and Neuro-Sciences (NIMHANS), Rajeev Gandhi Cetnre for Biotechnology (RGCB), Cetnre for Cellular and Molecular Biology (CCMB) തുടങ്ങി ഭാരതത്തിലെ തന്നെ അതതു മേഖലയിലെ ഏറ്റവും മികച്ച സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കുന്ന പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് കേരളത്തിലെ കർഷകർക്കും, മൃഗസംരക്ഷണ സ്ഥാപനങ്ങൾക്കും, ജന്തുജന്യ രോഗ നിയന്ത്രണത്തിനും വന്യജീവി മേഖലയ്ക്കും എല്ലാ സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നതിന് സദാ സന്നദ്ധവും പ്രതിജ്ഞാബദ്ധവുമാണ്. ◆





**ഡോ. അനൂപ്. ആർ**
വെറ്ററിനറി സർജൻ
മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ
കുടപ്പനക്കുന്ന്

# ചിത്രശലഭം എന്ന അപൂർവ പ്രതിഭാസം

ഇന്നുലോകത്തെ എന്നും കൗതുകത്തോടെയും ജിജ്ഞാസയോടെയും കാണുന്നവരാണ് നാം മനുഷ്യർ. നമ്മെ എന്നും ആശ്ചര്യപ്പെടുത്തുന്ന ഒരു കൂട്ടരാണ് പൂമ്പാറ്റകൾ. കുഞ്ഞുന്നാളിൽ ഈ ചെറുപ്രാണിയുടെ പുറകേ പോകാത്തവർ വിരളം. നാം എത്ര ക്ലേശത്തിലായാലും ഒരു പൊട്ടുവെള്ളാട്ടി പൂമ്പാറ്റ (Pshyche butterfly) മുന്നിലൂടെ തത്തിപ്പറന്നു പോകുന്നത് കണ്ടുനിൽക്കാൻ എന്ത് രസമാണ് അല്ലേ. നമ്മെ ഉന്മാദിപ്പിക്കുകയും ഉല്ലസിപ്പിക്കുകയും ചെയ്യുന്ന ഇവയ്ക്ക് ദിവസങ്ങൾ മുതൽ മാസങ്ങൾ മാത്രമാണ് ജീവിത ദൈർഘ്യം എന്ന് അറിയുക. ചിത്രശലഭങ്ങളുടെ ലോകം വളരെ വലുതാണ്, അതിൽ മുന്നൂറ്റി ഇരുപതിൽ അധികം തരം പൂമ്പാറ്റകളെ നമ്മുടെ കേരളത്തിൽ കാണാം. ഏറ്റവും വലിയ ഗരുഡശലഭം (Southern Birdwing) മുതൽ ഏറ്റവും ചെറിയ രത്നനീലി (Grass Jewel) വരെ നീളുന്നു ആ പട്ടിക.) നമ്മുടെ മുന്നിൽ പറന്നു നടക്കുന്ന ചിത്രശലഭം, അതിന്റെ പ്രായപൂർത്തിയായ അഡൽട്ട് രൂപമാണെന്നും ഒരു ചെറു പൊട്ടു പോലുള്ള മുട്ട വിരിഞ്ഞ് ഞുളയ്ക്കും പുഴുവായും പിന്നെ തിളങ്ങും പ്യൂപ്പയായും കാലം കഴിഞ്ഞാണ് ശലഭം ആകുന്നതെന്ന് എല്ലാവർക്കും അറിയാമല്ലോ. എന്നാൽ നമുക്ക് അറിയാത്ത പല രഹസ്യങ്ങളും ഉള്ള വർണ്ണ രാജാക്കന്മാരാണിവർ.



*പൊട്ടുവെള്ളാട്ടി*
*(Pshyche butterfly)*

ചിത്രശലഭങ്ങളുടെ മുട്ട അതിന്റെ പുറത്ത് നിന്നുള്ള വളരെ വലിയ പ്രഭാവമോ ഊക്കമോ നിസ്സാരമായി അതിജീവിക്കും. എന്നാലോ മുട്ടയുടെ ഉള്ളിൽ നിന്നും ഒരു ചെറിയ ചലനം മതി അത് പൊട്ടാൻ. ഇതെങ്ങനെ സംഭവിക്കുന്നുവെന്ന് ശാസ്ത്രലോകം ഇന്നും അമ്പരപ്പോടെയാണ് വീക്ഷിക്കുന്നത്.



*നാരകക്കാളിയുടെ മുട്ട*



*ഗരുഡശലഭം*
*(Southern Birdwing)*



*രത്നനീലി*
*(Grass Jewel)*



*ഇരുതലച്ചി*



*ചുരുൾവാലൻ*



*മണിവർണ്ണൻ*



*വെള്ളിവാലൻ*



*വെള്ളിവരയൻ*

ഇരുതലച്ചി (Monkey Puzzle), ചുരുൾവാലൻ (Fluffy Tit), വെള്ളിവരയൻ( Common Silverline) വെള്ളിവാലൻ (Common Imperial), മണിവർണ്ണൻ (Common Tinsel) പോലുള്ള ചില പൂമ്പാറ്റകളെ കണ്ടാൽ രണ്ട് തല ഉള്ളതായി തോന്നും. അവർക്ക് വർണ്ണാഭവും ശരീരലാഘവമുള്ളതുമായ വാലുകൾ ഉണ്ട്. ഒറ്റനോട്ടത്തിൽ അത് തലയാണെന്ന് തോന്നും. ഇത് ഇരപിടിയന്മാരിൽ (predators) നിന്നും രക്ഷപ്പെടാൻ ഉള്ള ഒരു മാർഗമാണ്. ഇവർ എപ്പോൾ ഇലകളിൽ ഇരുന്നാലും അവരുടെ ചൈതന്യമുള്ള വാലുകൾ ചലിപ്പിച്ചുകൊണ്ടേ ഇരിക്കും അപ്പോൾ ശത്രു വാലിൽ പിടിക്കാൻ ശ്രമിക്കും ആ സമയം ഇവർ പറന്നു രക്ഷപ്പെടും. വാൽഭാഗം നഷ്ട്ടപ്പെട്ട ചിത്രശലഭങ്ങൾ നമുക്ക് ചുറ്റും ഒരു പാട് കാണാൻ സാധിക്കും.



*പൂമ്പാറ്റകളുടെ ദേശാടനം (ഇരവികുളം)*

ചിത്രശലഭങ്ങൾ ദേശാടനം നടത്താറുണ്ട് എന്ന് പറഞ്ഞാൽ നിങ്ങളിൽ പലരും വിശ്വസിക്കില്ല. എന്നാൽ അത് സത്യമാണ്. അതിന്റെ പഠനങ്ങൾ ഇപ്പോഴും നടക്കുകയാണ്. വൻ കാട്ടരുവികളുടെ ഓരത്തും കൂറ്റൻ മല നിരകൾക്കരുകിലും നമുക്കിത് കാണാം. നോർത്ത് അമേരിക്കയിലെ കിലോമീറ്ററുകൾ നീണ്ട മൊണാർക് ചിത്രശലഭങ്ങളുടെ ദേശാടനത്തെ പറ്റി എല്ലാവരും കേട്ടിട്ടുണ്ട്, എന്നാൽ അതിന്റെ വകഭേദം നമ്മുടെ കൊച്ചു കേരളത്തിലും കാണാം എന്നറിയുമോ?

നമ്മുടെ വീട്ടിലെ അലക്കുകല്ലിന്റെ പിൻഭാഗത്തെ നനഞ്ഞ മണ്ണിൽ ചിലപ്പോൾ പല വർണ്ണങ്ങളിലുള്ള പൂമ്പാറ്റകൾ വരാറുള്ളത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ, അവർ അവയുടെ നീണ്ട നാക്ക് (Proboscis) വച്ച് മണ്ണിൽ നിന്ന് എന്തോ വലിച്ച് കുടിക്കുന്നത് പോലെ നമുക്ക് തോന്നും. ഇത് പഡ്‌ലിംഗ് (puddling) എന്ന അപൂർവ പ്രതിഭാസമാണ്. ചിത്രശലഭങ്ങളിൽ, പ്രത്യേകിച്ചും ആൺ പൂമ്പാറ്റകളിൽ ധാതു ലവണങ്ങളുടെ കുറവ് പരിഹരിക്കാനാണ് ഇവർ ഇങ്ങനെ ചെയ്യുന്നത്. ഇത് ഇവർ നനഞ്ഞ മണ്ണിലും(Mud puddling), കെട്ടിടതിട്ടകളിലും എന്തിന് പക്ഷികളുടേയും മൃഗങ്ങളുടെയും മനുഷ്യന്റെയും വിസർജ്യത്തിലും

*പീത-ശ്വേത ചിത്രശലഭങ്ങളുടെ മഡ് പഡ്‌ലിംഗ്*





*ചുട്ടിക്കറുപ്പന്റെ പഡ്‌ലിംഗ്*



*കിളിവാലൻ ചിത്രശലഭങ്ങളുടെ മഡ് പഡ്‌ലിംഗ്*

നാട്ടുമയൂരിയുടെ മഡ് പഡ്‌ലിംഗ്



മഞ്ഞതകരമുത്തികളുടെ പഡ്‌ലിംഗ്





തുള്ളൻശലഭങ്ങളുടെ പഡ്‌ലിംഗ് (പക്ഷിയുടെ കാഷ്ഠം)

വരെ ഈ പ്രക്രിയ നടത്താറുണ്ട്. ''പൂവാടിയാകെ പറന്നു നടന്ന ശലഭ''മെന്നൊക്കെ കാവ്യാത്മകമായി പാടുമ്പോഴും ഇങ്ങനെയൊക്കെയാണ് യാഥാർത്ഥ്യം.

പൂക്കൾ കൊഴിഞ്ഞുപോയ ചില തണ്ടുകളിലോ, പൂമൊട്ടുകളിലോ പൂമ്പാറ്റകൾ പറ്റിപ്പിടിച്ച് അവയുടെ കൈകൾ കൊണ്ട് ചുരണ്ടുന്നത് എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ. ഇത് എന്താണ് എന്നറിയാമോ?. ആൺ പൂമ്പാറ്റകൾക്ക് അവയുടെ ബീജാണുക്കളുടെ സംപ്രാപ്തിക്കായി ആൽക്കലോയിഡുകൾ അനിവാര്യമാണ്. ചെറുതണ്ടുകളിൽ കൈകൾ കൊണ്ടുരച്ച് അവയിൽ നിന്നും ഒഴുകുന്ന ആൽക്കലോയിഡുകൾ നുകരുകയാണ് ഇവർ.



നിലകടുവ പൂമ്പാറ്റകൾ



വരയൻകടുവ പൂമ്പാറ്റ

ചെറുപ്പത്തിലെ എന്റെ ഏറ്റവും വലിയ ഒരു സംശയമായിരുന്നു പൂമ്പാറ്റകൾക്ക് ചിറകിൽ കണ്ണുകളുണ്ടോ എന്നുള്ളത്. പൂമ്പാറ്റകൾക്ക് പുറകിൽ കണ്ണുകളുണ്ടോ എന്ന് സന്ദേഹിച്ചിരുന്ന കുട്ടിക്കാലം എന്നെപ്പോലെ നിങ്ങളിൽ പലർക്കും ഉണ്ടാകുമല്ലോ. ചിറകുകളിലെ കണ്ണ് പോലുള്ള ആകൃതികൾ വച്ച് ഇവ ശത്രുക്കളെ കബളിപ്പിക്കാനാണ് ശ്രമിക്കുന്നത്. ചിറകുകളിലെ ചെതുമ്പലുകളുടെ പ്രത്യേക രൂപ ക്രമം കാരണം കണ്ണുകൾ പോലുള്ള ആകൃതികൾ സൃഷ്ടിക്കപ്പെടുന്നു.

തീക്കണ്ണൻ





പൂങ്കണ്ണി

പൂമ്പാറ്റകളുടെ കണ്ണുകൾ ശ്രദ്ധിച്ചിട്ടുണ്ടോ, അവ നമ്മുടെ കണ്ണുകളെ പോലയേയല്ല. എന്നാൽ ഓരോ പൂമ്പാറ്റയുടേയും കണ്ണുകൾ വ്യത്യസ്തമാണ്. സത്യത്തിൽ നമ്മളുടേതു പോലെ ഒരു കണ്ണ് അല്ല, ഒരു കൂട്ടം കണ്ണുകൾ ചേർന്നതാണ് അവയുടെ കണ്ണുകൾ. കോമ്പൗണ്ട് ഐസ് (Compound Eyes) എന്നാണ് ഇതിന് പറയുക. ഒരായിരം 'Ommatidium' എന്ന ചെറു കണ്ണുകൾ ചേർന്നാണ് വലിയ രണ്ട് കണ്ണുകൾ അവർക്കുള്ളത്. മനുഷ്യനോളം കാഴ്ചശക്തി ഇല്ലെങ്കിലും ചിത്രശലഭങ്ങൾക്ക് നേരിയ ചലനം പോലും വളരെ വേഗം കണ്ടുപിടിക്കാൻ കഴിയും.

വൻചെങ്കണ്ണിയുടെ കണ്ണ്





പൊട്ടുവാലാട്ടി കണ്ണുകൾ



നല്ല തണുപ്പുള്ള ഒരു പുലർകാലം, നിങ്ങൾ രാവിലെ നടക്കാനിറങ്ങുമ്പോൾ വഴിയരികിൽ ചിലപ്പോൾ ഇലയിൽ പറ്റിപ്പിടിച്ച് ചിത്രശലഭങ്ങൾ ചിറകുകൾ മുഴുവനായി വിരിച്ച് അങ്ങനെ ഇരിക്കുന്നത് കാണാം. ഇതാണ് ബാസ്കിംഗ് (basking)എന്ന പ്രക്രിയ. പൂമ്പാറ്റകൾ നമ്മെ പോലെയല്ല അവയുടെ ശരീരതാപം അവർക്ക് സ്വന്തമായി നിയന്ത്രിക്കാനാവില്ല. ഇങ്ങനെയുള്ള ജീവജാലങ്ങളെ പോയിക്കിലോതെർമ്സ് (poikilotherms) എന്ന് വിളിക്കുന്നു. തണുപ്പുള്ള അവസരങ്ങളിൽ അവരുടെ ശരീരതാപം നന്നേ കുറയുന്നു എന്ന് തോന്നുമ്പോൾ അവ ചിറകുകൾ മുഴുവനായി വിടർത്തി സൂര്യനിൽനിന്നുള്ള താപം തന്നിലേക്ക് ആഗീരണം ചെയ്യാൻ ശ്രമിക്കുന്നു, നമ്മൾ മനുഷ്യർ വെയിൽ കായും പോലെ.

ആൺ നാരകക്കാളി ശലഭം



നാട്ടുമയൂരി



ഉച്ചസമയം, ആഹാരം ഒക്കെ കഴിച്ച് വീടിന്റെ ജനാലയിലൂടെ പുറത്തേക്കു നോക്കുമ്പോൾ ആണ് നിങ്ങൾ ചിലപ്പോൾ ശ്രദ്ധിക്കുക ഒരു ചെടിയുടെ ചുറ്റിനും തന്നെ ഒരു പൂമ്പാറ്റ കുറെ നേരമായി വട്ടം ചുറ്റുന്നു ഇടയ്ക്കിടയ്ക്ക് അതിൽ പോയിരിക്കുന്നു, കറങ്ങി നടക്കുന്നു എന്നാൽ ആ ചെടി വിട്ടു പോകുന്നതുമില്ല. നിങ്ങൾ കുറെ നോക്കുന്നു പക്ഷേ ഒരു പൂ പോലും ആ ചെടിയിൽ ഇല്ല. ഇതെന്താണ്!! ആ പൂമ്പാറ്റ അതിന്റെ പ്രജനനത്തിനായി മുട്ട ഇടുകയാണ്. ഓരോ പൂമ്പാറ്റക്കും മുട്ടയിടാൻ അതിന്റേതായ ചെടികൾ ഉണ്ട് ഉദാഹരണത്തിന് നാരകത്തിൽ മുട്ടയിടുന്ന നാരകശലഭം (Common Lime butterfly) ഗരുഡക്കൊടിയിൽ മുട്ടയിടുന്ന ഗരുഡശലഭം (Southern Birdwing), എന്തിനു കൂടുതൽ കറിവേപ്പിലയിൽ മുട്ടയിടുന്ന നാരകക്കാളിയും (Common Mormon), മറ്റും. ഓർക്കുക ഈ ചെടികൾ ഇല്ലാതാകുമ്പോൾ വർണ്ണശബളമാർന്ന ചിത്രശലഭങ്ങളും നമ്മേവിട്ടകലും.



സൂര്യശലഭവും ലാർവ്വയും





വഴന ശലഭവും പുഴുവും





പ്യൂപ്പയിൽ നിന്നും വിരിഞ്ഞിറങ്ങിയ മർക്കട ശലഭം

ചിത്രശലഭങ്ങളുടെ കൂട്ടത്തിൽ മാംസഭോജികൾ ഉണ്ട് എന്ന് പറഞ്ഞാൽ പലരും ആശ്ചര്യപ്പെടും. ഇവരുടെ കൂട്ടത്തിൽ മർക്കടശലഭം (Apefly) എന്നൊരു വിരുതൻ ഉണ്ട് ഈ വിരുതന്റെ ലാർവേ നമ്മുടെ ചെടികളിൽ കാണുന്ന മീലിമൂട്ട (Meli bug) എന്ന ചെറുപ്രാണികളെയാണ് ഭക്ഷിക്കുക. പ്രകൃതിയുടെ വർണ്ണക്കാഴ്ചകളായ ശലഭങ്ങൾ അങ്ങനെയങ്ങനെ, നാമറിയാത്ത എത്രയോ കൗതുക വിശേഷങ്ങളുടെ കലവറയാണ്. ◆





നവാബ് ശലഭവും പുഴുവും




# പ്രകൃതിയുടെ കലവറയിൽ

**ഡോ.മീര അൺവിൻ**
അസിസ്റ്റന്റ് ഡയറക്ടർ, എൽ.എം.ടി.സി.
കുടപ്പനക്കുന്ന്

നാട്ടിൽ ഒരു നിക്ഷേപ സംരംഭം എന്ന നിലയിലാണ് വിദേശത്ത് ജോലി ചെയ്യുന്ന റെയ്മണ്ട് ഫ്രാൻസിസ് കുട്ടമ്പുഴ വന മേഖലയോട് ചേർന്ന് കിടക്കുന്ന 5 ഏക്കർ ഭൂമി വാങ്ങിയത്. ആട്, പശു എന്നിവയ്ക്കായുള്ള ഫാം, ഒപ്പം അവധിക്കാല വിനോദങ്ങളിൽ ഏർപ്പെടുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക എന്നതായിരുന്നു ലക്ഷ്യം. പശു, ആട്, കോഴി എന്നിവയുടെ ഷെഡുകൾ പണി തീർത്ത് പശുക്കളെയും വാങ്ങിയതിനു ശേഷമാണ് അദ്ദേഹത്തിന് വീണ്ടും വിദേശത്ത് പോകേണ്ടതായി വന്നത്. കൊച്ചിയിൽ തന്റെ അയൽവാസിയായ ജോസിനോട് വിവരങ്ങൾ പറഞ്ഞു. ചെറുപ്പം മുതലേ മൃഗങ്ങളെ പരിപാലിച്ചു വന്നിരുന്ന കുടുംബത്തിലെ അംഗമായ ജോസിന്, തന്റെ അയൽക്കാരൻ തുടങ്ങിയ സംരംഭം മുൻപോട്ടു നയിക്കുന്നതിൽ തെല്ലൊന്നുമല്ല സന്തോഷം തോന്നിയത്. കോടനാട് റേഞ്ചിൽ, മേക്കപ്പാല ഫോറസ്റ്റ് ഓഫീസിന് അടുത്തായാണ് ചക്രമാക്കിൽ ഫാംസ് സ്ഥിതി ചെയ്യുന്നത്. ചാരെ ചെറിയൊരു മല, മലമുകളിൽ കുളക്കുന്നിൽ ക്ഷേത്രം, തട്ടേക്കാട് പക്ഷി സങ്കേതം, ഭൂതത്താൻകെട്ട് ഡാം, കുട്ടമ്പുഴ വന മേഖല, കോടനാട് ആന സങ്കേതം പാണിയേലിപൊര് ഇവയെല്ലാം 10-15 കിലോമീറ്റർ ചുറ്റളവിൽ. ചക്രമാക്കൽ ഫാമിന്റെ ടൂറിസം സാധ്യതകൾ കണ്ടെത്താൻ ജോസിന് അധികം ആലോചിക്കേണ്ടി വന്നില്ല. ഹ്യുണ്ടായി കമ്പനിയിൽ സെയിൽസ് മാനേജർ എന്ന ജോലി ഉപേക്ഷിച്ചാണ് ഫാം ടൂറിസം സംരംഭത്തിലേയ്ക്ക് അദ്ദേഹം ഇറങ്ങി ചെല്ലുന്നത്.

പട്ടണ പ്രദേശങ്ങളുടെ തിരക്കിൽ നിന്നും, മലിനമായ അന്തരീക്ഷത്തിൽ നിന്നും മാറി, മൃഗങ്ങൾക്കും, മണ്ണിനും മരങ്ങൾക്കുമൊപ്പം പ്രകൃതിയുടെ മടിയിൽ കുറച്ചു സ്വസ്ഥദിനങ്ങൾ ആഗ്രഹിക്കുന്നവർ നിരവധി പേരുണ്ട്. ഈ കാലയളവിൽ മൃഗങ്ങളുമായി അടുത്ത് ഇടപഴകുവാനും, അവയുടെ പരിപാലനത്തിൽ പങ്കാളികളാകുവാനും ഉള്ള അവസരം, പലരുടെയും പ്രത്യേകിച്ച് പുതുതലമുറയിലെ കുട്ടികളുടെ ജീവിതത്തിൽ വിലമതിക്കാനാവാത്ത അനുഭവമാണ്. പാക്കറ്റിൽ മാത്രം കണ്ടിട്ടുള്ള പാലിന്റെ ഉറവിടം പശുവിന്റെ അകിടാണെന്ന് കണ്ട് അന്തം വിട്ട് നിൽക്കുന്ന കുട്ടിയുടെ ചിത്രമാണ്, ഈ ആശയം കേട്ടപ്പോൾ ആദ്യം മനസ്സിലെത്തിയത്.

ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങളിൽ മുതൽ മുടക്കി, ചക്രമാക്കിൽ ഫാംസിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ സാധിച്ചുവെന്നത് ജോസിന്റെ സംരഭത്തിന്റെ വിജയത്തിന് അടിസ്ഥാനശിലയായി. വനപ്രദേശത്തോട് അടുത്ത് കിടക്കുന്ന 5 ഏക്കർ ഭൂമിയിൽ പശുക്കൾ, ആടുകൾ, കോഴി, താറാവ്, മുയൽ, മത്സ്യം എന്നിങ്ങനെ വൈവിധ്യമാർന്ന ജീവിയിനങ്ങളെ വളർത്തുന്നു. ഇവയ്ക്കാവശ്യമായ പച്ചപ്പുൽ യഥേഷ്ടം ഇവിടെ കൃഷി ചെയ്യുന്നു. ചുറ്റുപാടും പലതരം ഫലവൃക്ഷങ്ങളും പച്ചക്കറികളും കുള്ളൻ തെങ്ങുകളും മറ്റും നട്ടുപിടിപ്പിച്ച് രമ്യമാക്കിയിരിക്കുന്നു. കുടുംബമായി വന്ന് താമസിക്കുവാൻ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ വീട്. അടുത്തുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലോ, മലമുകളിൽ കുളക്കുന്നിൽ ക്ഷേത്ര സന്ദർശനത്തിനോ ആവശ്യമായ സൗകര്യം ഒരുക്കി തരുവാൻ ആതിഥേയർക്ക് എല്ലാ സജ്ജീകരണങ്ങളും ഉണ്ട്. സാഹസിക വിനോദങ്ങളിൽ ഏർപ്പെടണം, എന്നുള്ളവർക്ക് കാട്ടിലേയ്ക്കുള്ള ട്രക്കിങ്ങിനോ, പാണിയേലി പൊരിലോ പോകാനുള്ള സൗകര്യവുമുണ്ട്..

### ആദായം നൽകുന്ന പശുക്കൾ

അൻപതോളം പശുക്കൾ ആണ് ഈ ഫാമിലുള്ളത്. ഇതിൽ 18 എണ്ണം കറവയുള്ളതാണ്. എല്ലാം സങ്കരയിനത്തിൽപ്പെട്ട പശുക്കൾ തന്നെ. ദിവസം 250 ലിറ്റർ പാൽ ലഭിക്കും. ഇവിടത്തെ ആവശ്യത്തിനു എടുക്കുന്ന കുറച്ചു പാലൊഴികെ, ബാക്കി വിപണനം ചെയ്യുന്നത് എറണാകുളം നഗരത്തിൽ ആണ്. ഉറവിടം വ്യക്തമായ, സംശുദ്ധമായ പാൽ എന്ന ഖ്യാതിയുള്ളതിനാൽ, ലിറ്ററിന് 60/ രൂപ നിരക്കിൽ ഫ്ളാറ്റുകൾ, വീടുകൾ എന്നിവ കേന്ദ്രീകരിച്ച് അനായാസം വിപണനം ചെയ്യുവാൻ സാധിക്കുന്നു. കറവയന്ത്രങ്ങൾ ഉപയോഗിച്ചാണ് കറവ. കറവ അവസാനിക്കാറാകുമ്പോൾ, കൈ കൊണ്ട് കറക്കുന്ന രീതിയാണ് അനുഷ്ഠിച്ച് പോരുന്നത്. പെല്ലറ്റ് രൂപത്തിലുള്ള കാലിത്തീറ്റയാണ് നൽകുന്നത്. ഹൈബ്രിഡ് നേപ്പിയർ, CO5 ഇനം വിസ്തൃതമായി കൃഷി ചെയ്തിരിക്കുന്നു. ഇത് ചാഫ് കട്ടറിൽ അരിഞ്ഞ് പൈക്കൾക്ക് യഥേഷ്ടം നൽകുന്നു. പശുക്കൾക്ക് സൗകര്യമായി നിൽക്കാനും, കിടക്കാനും റബ്ബർ മാറ്റുകൾ, മുടക്കമില്ലാതെ ശുദ്ധജലം ലഭിക്കുന്നതിനായി ഓട്ടോമാറ്റിക് ഡ്രിങ്കർ സംവിധാനം, എല്ലാമുണ്ട് ഇവിടെ. നല്ല വായുസഞ്ചാരമുള്ള തൊഴുത്തിൽ പശുക്കൾക്ക് സുഖകരമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി ഫാനുകളും മിസ്റ്റ് സംവിധാനവും ഏർപ്പെടുത്തിയിരിക്കുന്നു. ഇടയ്ക്കൊക്കെ പുറത്തിറങ്ങി നടത്തുവാൻ പ്രത്യേകമായി സജ്ജീകരിച്ചിരിക്കുന്ന പാഡക്കുകൾ (Paddock) ഇവയൊക്കെ പൈക്കളുടെ കുളമ്പിന്റെ ആരോഗ്യത്തിനും പൊതുവേയുള്ള ക്ഷേമത്തിനും ഹേതുവാകുന്നു.

### മാലിന്യ സംസ്കരണം

ചാണകപ്പൊടി, 10 ഗ്രോ ബാഗുകൾ, പച്ചക്കറി തൈകൾ എന്നിവ അടങ്ങിയ കിറ്റ്, 250/ രൂപാ നിരക്കിൽ നഗരത്തിൽ, വിപണനം ചെയ്യുന്നു. കൂടാതെ ചാണകം, മൂത്രം, തൊഴുത്തിൽ നിന്നുള്ള വെള്ളം ഇവ സ്ലറിയായി പുൽക്കൃഷിയ്ക്കും മറ്റു കൃഷികൾക്കും ഉപയോഗിക്കുന്നു.

### ആടുകൾ

അജമാംസത്തിന്റെയും പാലിന്റെയും ആവശ്യകത കൂടുതലായതിനാൽ വിപുലമായ രീതിയിൽ ആടുകളെ വളർത്തുന്നു. മലബാറി ഇനത്തിൽപ്പെട്ട ആടുകളാണ് ഇവിടെയുള്ളത്. ഉയർന്ന തട്ടുകളിലാണ് ഇവയ്ക്കായി ശാസ്ത്രീയമായ രീതിയിൽ കൂടൊരുക്കിയിട്ടുള്ളത്. ഇടയ്ക്കിറങ്ങി നടക്കാനായി തുറസ്സായ ഇടങ്ങ





ളും ഒരുക്കിയിരിക്കുന്നു. ആകെ അറുപതോളം ആടുകൾ, അവയിൽ നാല് മുട്ടനാടുകൾ നാല്പതു പെണ്ണാടുകൾ പല പ്രായത്തിലുള്ള കുട്ടികൾ എന്നിവ ഉൾപ്പെടുന്നു. അന്തർപ്രജനനം (In breeding) ന്റെ ഫലങ്ങൾ ഒഴിവാക്കുന്നതിനായി മുട്ടനാടുകളെ ഇടയ്ക്ക് മാറ്റുന്ന രീതി (rotation) അനുവർത്തിച്ചു പോരുന്നു.

### കോഴികൾ

ബ്രോയിലർ ഇനത്തിൽപ്പെട്ട 500 എണ്ണത്തോളം വളർത്താനുള്ള സൗകര്യം ഒരുക്കിയിരുക്കുന്നു. നാടൻ കോഴികൾ, താറാവ്, കാട, ഗിനിക്കോഴി എന്നീ പക്ഷിവർഗ്ഗങ്ങളും ഉണ്ടിവിടെ.







### മത്സ്യക്കൃഷി

ഈ സ്ഥലത്ത് പ്രകൃത്യാലുണ്ടായിരുന്ന കുളം, മത്സ്യക്കൃഷിയ്ക്ക് അനുയോജ്യമായി ഒരുക്കിയെടുക്കുകയും ചുറ്റും വലകൾ സ്ഥാപിക്കുകയും ചെയ്തു. തിലോപ്പിയ, പിരാനഹ എന്നീ ഇനത്തിൽപ്പെട്ട മീനുകളെയാണ് വളർത്തുന്നത്. അതിഥികളുടെ തീൻമേശയിൽ രുചികരമായ വിഭവം ആയും പുറമേ നിന്നുള്ള ആവശ്യങ്ങൾക്കും ഇവിടെ നിന്നുള്ള മത്സ്യം പ്രയോജനപ്പെടുന്നു. ചൂണ്ടയിടൽ, വല വീശി മീൻ പിടിക്കൽ എന്നിവയ്ക്കായി ഇവിടെ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു. അലസ വിരസ ദിനങ്ങളെ അനർഘനിമിഷങ്ങളാക്കുവാനും കാലങ്ങളോളം ഓർമ്മച്ചെപ്പിൽ സൂക്ഷിക്കാനും ഇവിടെ അനുഭവങ്ങൾ അനവധിയുണ്ട്.

### മുയൽ

കൊച്ചു കുട്ടികളെ വല്ലാതെ ആകർഷിക്കുന്ന ഒരു കൊച്ചു ജീവി, തീൻമേശയിലേക്ക് ഒരു സ്പെഷൽ വിഭവം ഇതൊക്കെയാണിവിടെ മുയലുകൾ. മുയലുകളെയും അവയുടെ കുഞ്ഞുങ്ങളെയും കൺനിറയെ കാണാം. കൈയിലെടുത്ത് താലോലിക്കാം അതോടൊപ്പം കുഞ്ഞുമനസ്സുകളിൽ സഹജീവി സ്നേഹത്തിന്റെ വിത്തുകൾ പാകുകയും ചെയ്യാം. തിരികെ പോകുമ്പോൾ വേണമെങ്കിൽ മുയൽ കുഞ്ഞുങ്ങളെ വാങ്ങിക്കൊണ്ടു പോകുകയും ആവാം.

### സഹായത്തിനായി സൗരോർജ്ജവും

യന്ത്രങ്ങൾ പ്രവർത്തിപ്പിക്കാൻ വൈദ്യുതി കൂടിയേ തീരൂ. യന്ത്രവൽക്കരണത്തിന്റെ ആവശ്യകത ഭാവിയിൽ കൂടുതലുണ്ടാകുമെന്ന് ബുദ്ധിമാനായ ഏതൊരു സംരഭകനും നേരത്തേ തന്നെ മനസ്സിലാക്കും. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി സോളാർ പാനലുകളും അനുബന്ധ സംവിധാനങ്ങളും ചെയ്തിരിക്കുന്നു. വൈദ്യുതി ചാർജ്ജ് പകുതിയായി കുറയ്ക്കുന്നതിന് ഇത് സഹായിക്കുന്നു.

കൃത്യമായ രീതിയിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അഭാവവും, അതുമൂലം അയൽക്കാർക്കും, പരിസ്ഥിതിയ്ക്കും ഉണ്ടാകുന്ന അനേകം ബുദ്ധിമുട്ടുകളും സാധാരണ ഇത്തരം സംരംഭങ്ങൾ തുടങ്ങുമ്പോഴുള്ള പ്രശ്നങ്ങളാണ്. എന്നാൽ കൃത്യമായ രീതിയിൽ മൃഗങ്ങളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനാലും, നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നതിനാലും, പി.സി.ബി, (Pollution Control Board) പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലൈസൻസ് ലഭിക്കുന്നതിന് ചക്രമാക്കിൽ ഫാംസിന് തടസ്സങ്ങളുണ്ടായില്ല.

ഫാമുകളിൽ മൃഗങ്ങളുടെ പരിപാലനത്തിൽ പങ്കുചേരണം എന്നുള്ളവർക്ക് അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാം. കുട്ടികൾക്കും മുതിർന്നവർക്കും പ്രകൃതിയും മൃഗങ്ങളുമായി അടുത്തിടപെടുന്നതിനും, കാട്ടിലേയ്ക്കും, മലയിലേയ്ക്കും ട്രക്കിംഗിനു പോകുന്നതിനും അവസരമുണ്ട്. അവധിക്കാലം ചെലവഴിക്കാനും ഗതകാല സുഖസ്മരണകൾ അയവിറക്കി ഉൻമേഷവാന്മാരാകുവാനും പ്രകൃതിയും മനുഷ്യനും കൈകോർത്തു സജ്ജമാക്കിയിരിക്കുന്ന ഭൗതിക സാഹചര്യങ്ങൾ ഉള്ള ഇടം, അതാണ് ചക്രമാക്കിൽ ഫാംസ്. ◆



# വിളക്കണയാത്ത മൃഗാശുപത്രികൾ



13-ാം പഞ്ചവത്സര പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നായിരുന്നു, രാത്രികാല മൃഗ ചികിത്സാ സൗകര്യം കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ഒരുക്കുക എന്നുള്ളത്. മൃഗാശുപത്രി പ്രവർത്തന സമയത്തിനുശേഷം, പ്രത്യേകിച്ച് രാത്രികാലങ്ങളിൽ, മൃഗങ്ങൾക്ക് അത്യാവശ്യ ചികിത്സ ലഭിക്കാൻ ഉടമകൾ തങ്ങളുടെ നിലയിൽ പരിഹാരം കണ്ടെത്തേണ്ട അവസ്ഥക്ക് മാറ്റം വരണമെന്ന് ഭരണാധികാരികൾക്കും, ഉദ്യോഗസ്ഥർക്കും തോന്നിയതിനെ തുടർന്നുണ്ടായ കൂട്ടായ പ്രവർത്തനഫലമായി, 2012 – 13 കാലയളവിൽ ആദ്യമായി 20 ബ്ലോക്കുകളിൽ രാത്രികാല മൃഗചികിത്സാ സേവനം എന്ന പദ്ധതി സാക്ഷാത്കരിച്ചു. പിന്നീടങ്ങോട്ട് പദ്ധതിയിലുൾപ്പെടുന്ന ബ്ലോക്കുകളുടെ എണ്ണം ഘട്ടം ഘട്ടമായി കൂട്ടി, ഇന്ന് കേരളത്തിലെ 152 ബ്ലോക്കുകളിലും ഇത് യാഥാർത്ഥ്യമായിട്ടുണ്ട്. 105 ബ്ലോക്കുകളിൽ ഈ സേവനം ഇപ്പോൾ ലഭ്യമാണ്. ബാക്കിയുള്ള 47 ബ്ലോക്കുകളിൽ പദ്ധതി 2021, ഫെബ്രുവരി 3-ാം തിയതി ഉദ്ഘാടനം ചെയ്തു. വെറ്ററിനറി ഡോക്ടർമാരുടെയും, മറ്റ് ജീവനക്കാരുടെയും നിയമന നടപടികൾ തുടർന്നു വരുന്നു. കർഷകോൻമുഖവും, ജനോപകാരപ്രദവുമായ പദ്ധതികൾക്കാണ് മൃഗസംരക്ഷണ വകുപ്പ് ഊന്നൽ നൽകുന്നത്, എന്നതിന്റെ മറ്റൊരുദാഹരണം കൂടിയാണ്, ഈ പദ്ധതിയുടെ പ്രവർത്തന സാക്ഷാത്ക്കാരം.

| നിലവിൽ രാത്രികാല സേവനം നൽകുന്ന ബ്ലോക്കുകൾ | ജില്ല |
|---|---|
| നേമം, അതിയന്നൂർ, വെള്ളനാട്, തിരുവനന്തപുരം കോർപ്പറേഷന്, പെരുങ്കടവിള, നെടുമങ്ങാട്, വാമനപുരം, പോത്തൻകോട്, നെയ്യാറ്റിൻകര, ചിറയൻകീഴ് | തിരുവനന്തപുരം |
| കൊട്ടരക്കര, ശാസ്താംകോട്ട, കൊല്ലം കോർപ്പറഷൻ, പുനലൂർ, ഇത്തിക്കര, അഞ്ചൽ, ചടയമംഗലം, ഓച്ചിറ, വെട്ടിക്കവല | കൊല്ലം |
| പന്തളം, കോയിപുരം, കോന്നി, റാന്നി, പറക്കോട്, മല്ലപ്പള്ളി, എലന്തൂർ | പത്തനംതിട്ട |
| ഭരണിക്കാവ്, ആര്യാട്, ചെങ്ങന്നൂർ, അമ്പലപ്പുഴ, തൈക്കാട്ടുശ്ശേരി | ആലപ്പുഴ |
| കട്ടപ്പന, നെടുങ്കണ്ടം, അടിമാലി, തൊടുപുഴ, അഴുത, ഇടുക്കി, ദേവികുളം | ഇടുക്കി |
| ഏറ്റുമാനൂർ, ളാളം, വാഴൂർ, മടപ്പള്ളി, കാഞ്ഞിരപ്പള്ളി, കടുത്തുരുത്തി, പള്ളം, വൈക്കം | കോട്ടയം |
| മൂവാറ്റുപുഴ, നോർത്ത് പറവൂർ, കോതമംഗലം, അങ്കമാലി, വാഴക്കുളം, കൊച്ചി കോർപ്പറേഷൻ, കൂവപ്പടി, മുളന്തുരുത്തി | എറണാകുളം |
| ചാലക്കുട്, മാള (കൊടുങ്ങല്ലൂർ മുൻസിപ്പാലിറ്റി ഉൾപ്പെടെ) അന്തിക്കാട്, തളിക്കുളം, മതിലകം, ചൊവ്വന്നൂർ, കൊടകര | തൃശ്ശൂർ |
| ചിറ്റൂർ, ആലത്തൂർ, പാലക്കാട്, ശ്രീകൃഷ്ണപുരം, മലമ്പുഴ, പട്ടാമ്പി, അട്ടപ്പാടി, ഒറ്റപ്പാലം, മണ്ണാർക്കാട്, നെന്മാറ | പാലക്കാട് |
| കൊണ്ടോട്ടി, പെരുന്തൽമണ്ണ, നിലമ്പൂർ, പൊന്നാനി, മലപ്പുറം, തിരൂർ, വണ്ടൂർ | മലപ്പുറം |
| പേരാമ്പ്ര, കുന്നമംഗലം, ചേളന്നൂർ, കോഴിക്കോട് കോർപ്പറേഷൻ, പന്തലായനി, തൂണേരി, തോടന്നൂർ , കുന്നുമ്മൽ | കോഴിക്കോട് |
| മാനന്തവാടി, സുൽത്താൻ ബത്തേരി, പനമരം, കല്പറ്റ | വയനാട് |
| കൂത്തുപറമ്പ്, ഇരിട്ടി, കണ്ണൂർ, തലശ്ശേരി, പേരാവൂർ, പയ്യന്നൂർ, തളിപ്പറമ്പ്, ഇരിക്കൂർ, പാനൂർ | കണ്ണൂർ |
| പരപ്പ, മഞ്ചേശ്വരം, കാഞ്ഞങ്ങാട്, നീലേശ്വരം, കാസർഗോഡ് | കാസർഗോഡ് |



# എത്നോ വെറ്ററിനറി പ്രാക്ടീസ് അഥവാ പാരമ്പര്യ മൃഗാരോഗ്യ സംരക്ഷണം



**ഡോ. ഇ. കെ. ഈശ്വരൻ**
ഡെപ്യൂട്ടി ഡയറക്ടർ (റിട്ട),
മൃഗസംരക്ഷണ വകുപ്പ്.

മൃഗപരിപാലനം, പ്രത്യേകിച്ച് നാമമാത്ര കർഷകരുടെയും കർഷക തൊഴിലാളികളുടെയും ഒരു വരുമാന മാർഗ്ഗമാണ്. കോവിഡ് മഹാമാരി ഇതര ജീവിത മാർഗ്ഗങ്ങൾ അടച്ചപ്പോൾ മൃഗപരിപാലന മേഖല വലിയൊരു ജനവിഭാഗത്തിന്റെ അതിജീവനത്തിനുള്ള അത്താണിയായിരിക്കുകയാണ്. മൃഗപരിപാലനം ഏറിയ കൂറും ഭക്ഷ്യ ഉൽപാദനവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഭക്ഷണ ലഭ്യതയുടെ ഉറപ്പും (Food Security) സുരക്ഷിത ഭക്ഷണവും (Food Safety) ഒരു പോലെ പ്രധാനമാണ്. അധിക ഉൽപാദനത്തിന് നാം പല നൂതനമാർഗ്ഗങ്ങളും ഉപയോഗിക്കുന്നുണ്ട്. ഇതിനായി സൂക്ഷ്മ പരിപാലനവും, ജന്തുക്ഷേമവും അവയുടെ സ്വസ്ഥത/സുഖവും, കാര്യക്ഷമത കൂടിയ ഭക്ഷണക്രമവും, കാര്യക്ഷമത കൂടിയ ആരോഗ്യ പരിപാലനവും തുടങ്ങി നിരവധി ഉപാധികൾ പ്രയോഗത്തിൽ കൊണ്ടുവന്നിരിക്കുന്നു.

ആരോഗ്യ പരിപാലനത്തിന് വിവിധ പ്രതിരോധ കുത്തിവയ്പുകളും അസുഖങ്ങൾ പ്രതിരോധിക്കാനും ചികിത്സിക്കാനും വിവിധ മരുന്നുകളും മേമ്പൊടികളും ഉപയോഗപ്പെടുത്തി വരുന്നു.

ഈ മരുന്നുകളിൽ അധികവും അലോപ്പതി രാസമൂലകങ്ങളാണ്. ആയുർവേദവും ഹോമിയോയും ഉപയോഗത്തിലുണ്ട്. ഇത്തരം മരുന്നുകൾ ചെലവേറിയതും, കടകളിൽ നിന്നും വാങ്ങി നൽകേണ്ടതുമായതിനാൽ പെട്ടെന്ന് ലഭിക്കാൻ പ്രയാസമാണ്.

ആന്റിബയോട്ടിക്സ്, വിരമരുന്നുകൾ, ചെള്ളിനും മറ്റുമുള്ള വിഷങ്ങൾ തുടങ്ങിയവ പ്രയോഗിക്കുമ്പോൾ പാലിലും, ഇറച്ചിയിലും, മുട്ടയിലും മറ്റും അവയുടെ അവശിഷ്ടം അനവധി ദിവസങ്ങൾ ഉണ്ടാകുകയും അവ ഭക്ഷ്യ യോഗ്യമല്ലാതാകുകയും ചെയ്യും. ചികിത്സാ ചെലവും അസുഖം മൂലമുള്ള ഉൽപാദനക്കുറവും ഉൽപ്പന്നങ്ങൾ ദിവസങ്ങളോളം ഭക്ഷ്യ യോഗ്യമല്ലാതാകുന്നത് കാരണമുള്ള വരുമാനനഷ്ടവും കർഷകർക്ക് വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നുണ്ട്.

ഉൽപാദനം കൂടിയ സങ്കര വർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള വളർത്തു മൃഗങ്ങൾക്ക് പൊതുവെ ആരോഗ്യ പ്രശ്നങ്ങൾ അധികമാണ്. നാടൻ ജനുസ്സുകൾക്ക് അസുഖങ്ങൾ കുറവും കാലാവസ്ഥാ വ്യതിയാന അതിജീവന ശേഷി കൂടുതലും ആണെങ്കിലും കുറഞ്ഞ പാലുൽപാദവും ശരീര ഭാരവും അവയെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്. എന്നാൽ ജൈവക്കൃഷിക്ക് അവ അത്യന്താപേക്ഷിതവുമാണ്.

ഭക്ഷ്യസുരക്ഷാ ആക്ട് പ്രകാരം (നിയമം) ആഹാരസാധനങ്ങളിൽ രാസപദാർത്ഥങ്ങളുടെ സാന്നിധ്യം കർശനമായി ക്രമപ്പെടുത്തിയിട്ടുണ്ട്.

മനുഷ്യനിൽ കാണുന്ന കീടങ്ങളാൽ ഉണ്ടാകുന്ന അസുഖങ്ങളിൽ 64 ശതമാനവും ജന്തുക്കളിലും പൊതുവേ കാണപ്പെടുന്നവയാണ്. പുതുതായി വന്നുകൊണ്ടിരിക്കുന്ന നിപ്പ, കോവിഡ് തുടങ്ങിയ അസുഖങ്ങളിൽ 75 ശതമാനവും ജന്തുക്കളിൽ നിന്ന് വരുന്നവയാണ് (സൂണോട്ടിക്). ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെ അനവധി മരുന്നുകൾ മനുഷ്യനും മൃഗങ്ങൾക്കും ഒന്നു തന്നെയാണ്. മൃഗങ്ങളിലെ ഇവയുടെ അമിത ഉപയോഗവും, ചികിത്സാ സമയത്തും മൃഗജന്യ ഭക്ഷ്യവസ്തുക്കളുടെയും വളങ്ങളുടെയും ഉപയോഗത്തിലൂടെയും, ഇത്തരം മരുന്നുകളെ അതിജീവിക്കാൻ കഴിവുള്ള സൂപ്പർ കീടങ്ങളുടെ ആവിർ ഭാവത്തിന് വഴിയൊരുക്കി വരികയാണ്. ഇത്തരം സൂപ്പർ കീടങ്ങൾ മനുഷ്യരിലും മൃഗങ്ങളിലും ആരോഗ്യസംരക്ഷണത്തിന് വലിയ വെല്ലുവിളി ഉയർത്തുന്നുണ്ട്.

ഇത്തരത്തിൽ രാസമരുന്നുകളുടെ ഉപയോഗം പരമാവധി കുറയ്ക്കാൻ മനുഷ്യരിലും മൃഗങ്ങളിലും ഔഷധ സസ്യ/പ്രകൃതിജന്യ ഇതര വസ്തുക്കൾ ഉപയോഗിച്ചുള്ള പാരമ്പര്യ ആരോഗ്യ പരിപാലന മുറകൾക്ക് വീണ്ടും വലിയ പ്രചാരവും സ്വീകാര്യതയും ലഭിച്ചു തുടങ്ങിയിരിക്കുന്നു. ആയുർവേദ/സിദ്ധ മരുന്നുകൾ മൃഗപരിപാലനത്തിന് ലഭ്യമാണെങ്കിലും അവയുടെ ഉയർന്ന വില ഒരു തടസ്സമാണ്.

വീട്ടിലും വീടിനു ചുറ്റിലും ലഭ്യമായ വസ്തുക്കളാണ് ഈ പാരമ്പര്യ പരിപാലന രീതിയിൽ ഉപയോഗപ്പെടുത്തുന്നത്. പ്രയോഗരീതികളും, ഉപയോഗിക്കുന്ന വസ്തുക്കളും തികച്ചും പ്രാദേശികമാണിവിടെ. അതിനാൽ തന്നെ ഒരേ



ചങ്ങലം പരണ്ട

അനാരോഗ്യ അവസ്ഥയ്ക്ക് വ്യത്യസ്ഥ സ്ഥലങ്ങളിൽ വ്യത്യസ്ഥ ആരോഗ്യസംരക്ഷണ മുറകൾ കണ്ടു വരുന്നു. ഇവയുടെ ഫലപ്രാപ്തിയും വ്യത്യസ്ഥമായാണ് കണ്ടുവരുന്നത്. എന്നാൽ നിലവിലുള്ള മാർക്കറ്റ് സംവിധാനത്തിൽ പല വസ്തുക്കളും മിക്കയിടങ്ങളിലും ലഭ്യമായി തുടങ്ങിയിട്ടുണ്ട്. ഇത് കാര്യക്ഷമത കൂടിയ പ്രയോഗരീതികൾ അനവധി പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സഹായകമായിരിക്കുന്നു.

പാരമ്പര്യ ആരോഗ്യ സംരക്ഷണ പ്രയോഗങ്ങൾക്ക് മനുഷ്യ സമൂഹത്തോളം തന്നെ പഴക്കമുണ്ട്. നിരന്തരമായ നിരീക്ഷണത്തിലൂടെയും, പ്രയോഗത്തിലൂടെയും പ്രകൃതിയിലെ ജീവനുളളതും അല്ലാത്തതുമായ വസ്തുക്കളുടെ ആരോഗ്യ സംരക്ഷണ മൂല്യം മനുഷ്യൻ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ ഒറ്റമൂലി ആയിട്ടുള്ളതും സംയുക്തങ്ങളായിട്ടുള്ളതുമായ പ്രയോഗം ആരോഗ്യ സംരക്ഷണത്തിന് ഉപയോഗപ്പെടുത്തി വരുന്നു.

പാരമ്പര്യ മുറകൾ പ്രധാനമായും പ്രാഥമിക ആരോഗ്യ സംരക്ഷണത്തിനും അസുഖ പ്രതിരോധത്തിനും ഉപയോഗപ്പെടുത്തുന്നു. അതിനാൽ തന്നെ അസുഖത്തിന്റെ രീതിയും വ്യാപ്തിയും ചികിത്സാനന്തര പുരോഗതിയും മൃഗപരിപാലനത്തിൽ ഒരു വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ വിലയിരുത്തേണ്ടതും പാരമ്പര്യ ചികിത്സാ രീതികളുൾപ്പെടെ അനുയോജ്യമായ പരിപാലനമുറ അവലംബിക്കേണ്ടതുമാണ്.

മിക്ക കൂട്ടുകളിലും മഞ്ഞൾ, കുരുമുളക്, ജീരകം, മല്ലി, ചെറിയ ഉള്ളി, വെളുത്തുള്ളി, ഇഞ്ചി, കല്ലുപ്പ്, ശർക്കര എന്നിവ ഘടകങ്ങളാണ്. തുളസി, ആര്യവേപ്പില, കുപ്പമേനി, മൈലാഞ്ചി, കറ്റാർ വാഴ, ചങ്ങലംപരണ്ട, ചുണ്ണാ



മ്പ് എന്നിവയും വ്യാപകമായി ഉപയോഗിച്ചു വരുന്നു. കറിവേപ്പില, കൂവളത്തില, ശംഖു പുഷ്പം തുടങ്ങിയവയും ഉപയോഗപ്പെടുത്തുന്നുണ്ട്. നിരവധി മറ്റു മരുന്നു ചെടികളും മൂല കങ്ങളും ഉപയോഗിക്കുന്നുണ്ട്.

തമിഴ്നാട് വെറ്ററിനറി സർവ്വകലാശാല യും അവരുടെ തഞ്ചാവൂർ ഗവേഷണ പരി ശീലന കേന്ദ്രവും, ബാംഗ്ലൂർ ട്രാൻസ് ഡിസ്പ്ലിനറി ആരോഗ്യശാസ്ത്ര, സാങ്കേതിക വിദ്യാ സർവ്വ കലാശാലയും സംയുക്തമായി, പാരമ്പര്യ മൃഗചികിത്സാ സങ്കേതങ്ങൾ കണ്ടെത്തുകയും രേഖപ്പെടുത്തി വയ്ക്കുകയും ആധുനിക പഠന ഗവേഷണ രീതികൾ അവലംബിച്ച് അവലോകനം ചെയ്ത് കർഷകരുടെ മൃഗങ്ങളിൽ ഫലപ്രാപ്തി നിരീക്ഷിച്ച്, കൂട്ടുകളുടെയും പ്രയോഗരീതികളുടെയും ക്രമവൽക്കരണം കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി വ്യാപകമായി നടത്തി വരുന്നുണ്ട്. കേരളം, കർണ്ണാടകം, തമിഴ് നാട് ഉൾപ്പെടെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ദേശീയ ക്ഷീര വികസന ബോർഡ്, പ്രാദേശിക ക്ഷീര ഉൽപാദക കൂട്ടായ്മകൾ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സഹായത്തോടെയും അംഗീകാരത്തോടെയും മേൽകൂട്ടായ്മ ക്രമവൽക്കരിച്ച പാരമ്പര്യ ചികിത്സാ ക്രമങ്ങൾ കർഷകർക്ക് എത്തിച്ചു നൽകിവരുന്നു. വെറ്ററിനറി ഡോക്ടർമാർ, കർഷകർ തുടങ്ങിയവർക്ക് ഇത് സംബന്ധിച്ച ബോധവൽക്കരണ പരിശീലന പരിപാടികളും നൽകി വരുന്നുണ്ട്.

അസുഖങ്ങൾ തടയുന്നതിനും കുറയ്ക്കുന്നതിനും രാസമരുന്നുകളുടെ ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി ഏകാരോഗ്യം (One Health) എന്ന ആശയത്തിന്റെയും സംരക്ഷ വൈദ്യശാസ്ത്രത്തിന്റെയും (Conservation Medicine) അടിത്തറയുടെ ഭാഗമാകാനും ഈ പാരമ്പര്യമൃഗാരോഗ്യ പരിപാലനത്തിന് ശക്തിയുണ്ട്.

ചില അസുഖങ്ങളും അവയ്ക്കുള്ള ചില പാരമ്പര്യ കൂട്ടുകളും ചുവടെ ചേർക്കുന്നു. മറ്റ് അനവധി കൂട്ടുകൾ പ്രാദേശികമായി പ്രചാരത്തിൽ കാണും. അവയുടെ ക്രോഡീകരണവും സാക്ഷ്യപ്പെടുത്തലും വരും തലമുറയ്ക്കായി നാം ഏറ്റെടുക്കേണ്ട ചുമതലയാണ്. ഈ വിഷയത്തിൽ എന്റെ ഗുരുനാഥന്മാരായ തമിഴ്നാട് വെറ്ററിനറി സർവ്വകലാശാല റിട്ട. ഫാർമക്കോളജി പ്രൊഫസർ പുണ്യമൂർത്തി സാറിനോടും, ബംഗ്ലൂർ ടി.ഡി സർവ്വകലാശാല എമിറേറ്റസ് പ്രൊഫസർ ഡോ. ബാലകൃഷ്ണൻ നായർ സാറിനോടുമുള്ള കടപ്പാടും നന്ദിയും പ്രത്യേകമായി രേഖപ്പെടുത്തുന്നു.

## I ചർമ്മ മുഴ ലംപി സ്കിൻ ഡിസീസ്



അടുത്തിടെ കർഷകരുടെ പേടി സ്വപ്നമായി മാറിയിട്ടുള്ള അസുഖമാണ്. തൊലിപ്പുറത്ത് മുഴ, താടിയിൽ നീര്, കാൽ മുട്ടിൽ നീര്, നടക്കാൻ പ്രയാസം, തുടങ്ങി നിരവധി ലക്ഷണങ്ങൾ ഈ അസുഖമായി ബന്ധപ്പെട്ട് കണ്ടു വരുന്നു.

### ഉള്ളിൽ കൊടുക്കുവാന് 2 ഡോസിന്

| | |
|---|---|
| 1. വെളുത്തുള്ളി | 2 അല്ലി |
| 2. ചെറിയ ഉള്ളി | 2 അല്ലി |
| 3. മല്ലി | 10 ഗ്രാം |
| 4. ജീരകം | 10 ഗ്രാം |
| 5. കുരുമുളക് | 10 ഗ്രാം |
| 6. മഞ്ഞൾപ്പൊടി | 10 ഗ്രാം |
| 7. കറുവാപ്പട്ട ഇല ഉണക്കിപ്പൊടിച്ചത് | 10 ഗ്രാം |
| 8. കിരിയത്ത് ഉണക്കിപ്പൊടിച്ചത് | 30 ഗ്രാം |
| 9. വെറ്റില | 5 എണ്ണം |
| 10. രാമതുളസി | ഒരു പിടി |
| 11. ആര്യവേപ്പില | ഒരു പിടി |
| 12. തുളസി ഇല | ഒരു പിടി |
| 13. കൂവളത്തില | ഒരു പിടി |

ഇവ നന്നായി അരച്ച് 100 ഗ്രാം കറുത്ത ശർക്കര അരച്ച് ചേർത്ത് പകുതി, ചെറിയ ഉരുളകളാക്കി ഉരുളയുടെ പുറത്ത് അൽപ്പം കല്ലുപ്പ് പതിപ്പിച്ച് നാക്കിലും വായ്ക്കുള്ളിലും തേയ്ച്ച് ഉള്ളിൽ കൊടുക്കുക. ബാക്കി പകുതി മൂന്ന് മണിക്കൂറിനു ശേഷം ഇതു പോലെ നൽകുക. തുടർന്ന് വീണ്ടും തയ്യാറാക്കി 3 മണിക്കൂർ ഇടവിട്ട് നൽകികൊണ്ടിരിക്കുക. തുടർന്ന് രണ്ടാം ദിവസം മുതൽ ഒരു ഡോസ് അസുഖം മാറുന്നതു വരെ രാവിലെയും വൈകിട്ടും നൽകുക.

ചർമ മുഴ പൊട്ടി വ്രണമായാൽ താഴെപ്പറയുന്ന കൂട്ട് തയ്യാറാക്കി ഇടക്കിടെ പുരട്ടിക്കൊടുക്കുക.

വ്രണത്തിൽ പുരട്ടാൻ എണ്ണ തയ്യാറാക്കൽ

| | |
|---|---|
| 1. മഞ്ഞൾപ്പൊടി | 20 g |
| 2. കുപ്പമേനിയ | ഒരു പിടി |
| 3. വെളുത്തുള്ളി | 10 അല്ലി |
| 4. ആര്യവേപ്പില | ഒരു പിടി |
| 5. മൈലാഞ്ചിയില | ഒരു പിടി |
| 6. തുളസിയില | ഒരു പിടി |
| 7. വെളിച്ചെണ്ണ/നല്ലെണ്ണ | 500 മില്ലി. |



ചേരുവകൾ അരച്ച് എണ്ണയിൽ കലക്കി തിളപ്പിച്ച് എടുക്കുക. തണുത്തിനു ശേഷം വ്രണങ്ങൾ വൃത്തിയാക്കി പല പ്രാവിശ്യം പുരട്ടുക.

## II മസാല ബോളസ്

തമിഴ്നാട്ടിൽ പ്രചുര പ്രചാരം നേടിയിട്ടുള്ള ഒന്നാണ് ഇത്. ആരോഗ്യവും രോഗ പ്രതിരോധശക്തിയും വർദ്ധിപ്പിക്കാൻ ഉത്തമമാണ്. മാസത്തിൽ ഒരു പ്രാവശ്യമാണ് ഉള്ളിൽ നൽകേണ്ടത്.ദഹനംനന്നാക്കിവിശപ്പ്വർദ്ധിപ്പിക്കാനും പ്രതിരോധശക്തിക്കും, വന്ധ്യത തടയുന്നതിനും ആന്തരിക പരാദങ്ങളെ നിയന്ത്രിക്കുന്നതിനും, അകിടു വീക്കം തടയുന്നതിനും ഇത് നൽകുന്നത് സഹായകരമാണ്.

| | |
|---|---|
| 1. കുരുമുളക് | 10 g |
| 2. വറ്റൽ മുളക് | 50 g |
| 3. ജീരകം | 10 g |
| 4. മല്ലി | 20 g |
| 5. ഉലുവ | 20 g |
| 6. ഓമം | 10 g |
| 7. മഞ്ഞൾപ്പച്ച | 50 g |
| 8. ഇഞ്ചി | 50 g |
| 9. കറ്റാർ വാഴ | 00 g |
| 10. അമൃത് വള്ളിയും ഇലയും കൂടി | 100 g |
| 11. വെളുത്തുള്ളി | 50 g |
| 12. കറിവേപ്പില | 100 g |
| 13. തുളസിയില | 50 g |
| 14. വെറ്റില | 10 എണ്ണം |
| 15. ആവാരം(പൊന്നവിരാം) ഇലയും പൂവും | 100g |
| 16. തേങ്ങ ചിരകിയത് | 100 g |
| 17. ശർക്കര (കറുത്തത്) | 100 g |
| 18. ഇന്തുപ്പ് | 50 g |
| 19. അപ്പക്കാരം | 100 g |

ശർക്കര, ഇന്തുപ്പ് അപ്പക്കാരം ഇവ മാറ്റി വയ്ക്കുക ജീരകം, മല്ലി തുടങ്ങിയ ഉണക്ക സാധനങ്ങൾ ഒരുമിച്ച് നന്നായി പൊടിച്ചെടുക്കുക. പച്ചിലകളും ബാക്കിയുള്ളവയും നന്നായി ഒരുമിച്ച് അരച്ചെടുത്തവയും നന്നായി കൂട്ടിയോജിപ്പിക്കുക. തുടർന്ന് ശർക്കര, അപ്പക്കാരം, ഇന്തുപ്പ് ഇവ കൂടിച്ചേർത്ത് ഇളക്കുക.

100 ഗ്രാം ഭാരമുള്ള ഉരുളകളായി ഉരുട്ടി എടുക്കുക.

പശുക്കൾക്ക് ഒരു ഉരുളയും, ആട്, പശുക്കുട്ടികൾ ഇവക്ക് അര ഉരുളയും ശരീര ഭാരത്തിന് അനുസരിച്ച് കാലത്ത് വെറും വയറ്റിൽ നൽകുക.

### III അകിടു വീക്കം

കറവ മൃഗങ്ങളിൽ ഏറ്റവും അപകടകാരിയായിട്ടുള്ള അസുഖമാണിത്.ഉത്പാദനത്തിൽ വലിയ കുറവും അപൂർവമായി മരണവും സംഭവിക്കാം. ആന്റിബയോട്ടിക്കുകൾ നൽകിയിട്ടുള്ള ചികിത്സ വളരെ ചെലവേറിയതുമാണ്. ചികിത്സാഫലം ചിലപ്പോഴെങ്കിലും അനുകൂലമാവുകയുമില്ല. ചികിത്സാ സമയത്തും തുടർന്ന് നിശ്ചിത ദിവസത്തേക്കും പാലിൽ ആന്റി ബയോട്ടിക്കുകൾ കാണും എന്നതിനാൽ പാൽ ഭക്ഷ്യയോഗ്യമല്ലാതാകും. വലിയ അളവിലുള്ള ആന്റി ബയോട്ടിക് ഉപയോഗം പ്രതിരോധശേഷിയുള്ള സൂപ്പർ അണുക്കളുടെ ആവിർഭാവത്തിന് കാരണവും ആകാറുണ്ട്.

പാരമ്പര്യ ചികിത്സ ഈ അവസ്ഥക്ക് അങ്ങേയറ്റം ഫലപ്രദമാണ്. വിവിധ കൂട്ടുകൾ പ്രചാരത്തിലുണ്ടെങ്കിലും ഏറ്റവും ഫലപ്രദമെന്ന് കണ്ടെത്തിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. കറ്റാർവാഴ | 250 g |
| 2. മഞ്ഞൾപ്പൊടി | 50 g |
| 3.ചുണ്ണാമ്പ് (ഒരു നാടൻ നെല്ലിക്കാ വലിപ്പത്തിൽ) | 10 g |

കറ്റാർ വാഴ മിക്സിയിൽ അരച്ച് ജ്യൂസാക്കുക. മഞ്ഞളും ചുണ്ണാമ്പും ഒരു സ്റ്റീൽ പാത്രത്തിൽ (മറ്റ് ലോഹപ്പാത്രങ്ങൾ ഉപയോഗിക്കരുത്.) എടുത്ത് കറ്റാർ വാഴ ജ്യൂസ് ചേർത്ത് കുഴയ്ക്കുക. ഉരുളകളായി ഉരുട്ടി അടച്ച് സൂക്ഷിക്കുക. പത്ത് ഉരുളകളാക്കേണ്ടതാണ്. അകിട് കഴുകി വൃത്തിയാക്കി (തുടച്ച് വെള്ളം കളയരുത്) ഒരു ഉരുള മറ്റൊരു സ്റ്റീൽ പാത്രത്തിലെടുത്ത് അൽപ്പം നീട്ടിക്കലക്കി അകിടിന്റെ നാലു ഭാഗത്തും കാമ്പിലും നന്നായി തേച്ച് കൊടുക്കുക. മരുന്ന് നനവു കാരണം തുള്ളികളായി ഇറ്റണം.

ഒരു മണിക്കൂർ ഇടവിട്ട് പാലും, പഴുപ്പും പിഴിഞ്ഞ് കളഞ്ഞ്, അകിടു കഴുകി വീണ്ടും ഒരു ഉരുള എടുത്ത് കലക്കി പുരട്ടുക. ഇത് ഓരോ മണിക്കൂറും ആവർത്തിക്കുക. 24 മണിക്കൂറിനുള്ളിൽ നല്ല വ്യത്യാസം കാണാൻ കഴിയും.

അകിടു വീക്കം മൂലം കല്ലിപ്പ് സംഭവിച്ചിട്ടുണ്ടെങ്കിൽ ചങ്ങലംപരണ്ടയുടെ മൂക്കാത്ത രണ്ടു കഷണം കൂടി ചേർത്ത് അരക്കണം.

5 ദിവസം തുടർച്ചയായി ഉപയോഗിക്കണം.

2 ചെറുനാരങ്ങാ വീതം ഇതോടൊപ്പം ഉളളിൽ നൽകുന്നത് ഫലപ്രാപ്തി വർദ്ധിപ്പിക്കും.

### IV വ്രണങ്ങൾ

1. ചർമ്മമുഴയ്ക്ക് പുറത്ത് പുരട്ടാൻ പറഞ്ഞിട്ടുള്ള കൂട്ട് ഉപയോഗിക്കുക
2. വ്രണത്തിൽ പുഴു ഉള്ള പക്ഷം ആത്ത ഇല അരച്ച് പുരട്ടി പുഴുക്കളെ നശിപ്പിക്കേണ്ടതാണ്. പച്ച കർപ്പൂരം ഇട്ട് തിളപ്പിച്ച് എടുത്ത എണ്ണയും പുഴുക്കളെ നശിപ്പിക്കാൻ നല്ലതാണ്.

### V കുളമ്പുരോഗം / വായ്പ്പുണ്ണ്

| | | |
|---|---|---|
| 1. | മഞ്ഞൾപ്പൊടി | 10 ഗ്രാം |
| 2. | കുരുമുളക് | 10 ഗ്രാം |
| 3. | ജീരകം | 10 ഗ്രാം |
| 4. | ഉലുവ | 10 ഗ്രാം |
| 5. | വെളുത്തുള്ളി | 2 അല്ലി |
| 6. | നാളികേരം ചിരകിയത് | 1 നാളികേരം |
| 7. | ശർക്കര | 120 ഗ്രാം |

കുരുമുളക് ഉലുവ, ജീരകം എന്നിവ വെള്ളത്തിൽ കുതിർത്ത് വെളുത്തുള്ളി ചേർത്ത് അരച്ച് എടുക്കുക. ചിരകിയ നാളികേരവും ശർക്കരയും ചേർത്ത് കുഴച്ച് എടുക്കുക. ഇത് വായ്ക്കുള്ളിലും, അണ്ണാക്കിലും ഉള്ള വൃണങ്ങളിൽ തേച്ച് കൊടുക്കുക. വീണ്ടും തയ്യാറാക്കി ഒരു ദിവസം മൂന്ന് പ്രാവശ്യം ആവർത്തിക്കണം.

കുളമ്പിലെ വ്രണങ്ങൾക്ക് നേരത്തേ പ്രതിപാദിച്ച വൃണങ്ങൾക്കുള്ള കൂട്ട് പുരട്ടിക്കൊടുക്കുക

### VI ദഹനക്കുറവ് / വായുകോപം

| | |
|---|---|
| 1. കുരുമുളക് | 10 ഗ്രാം |
| 2. വറ്റൽ മുളക് | 2 എണ്ണം |
| 3. ജീരകം | 10 ഗ്രാം |
| 4. മഞ്ഞൾപ്പൊടി | 10 ഗ്രാം |
| 5. ചെറിയ ഉള്ളി | 100 ഗ്രാം |
| 6. വെളുത്തുള്ളി | 10 അല്ലി |
| 7. ഇഞ്ചി | 100 ഗ്രാം |
| 8. വെറ്റില | 10 എണ്ണം |

കുരുമുളകും ജീരകവും വെള്ളത്തിൽ കുതിർത്ത്, മറ്റുളളവ കൂടി ചേർത്ത് അരച്ച് എടുക്കുക. 100 ഗ്രാം ശർക്കര ചേർത്ത് ഉരുളകളാക്കി കല്ലുപ്പ് ചേർത്ത് ഉള്ളിൽ കൊടുക്കുക. 3-4 പ്രാവശ്യം ദിവസവും ആവർത്തിക്കുക.



### VII വയറിളക്കം പശുക്കുട്ടികളിൽ

| | |
|---|---|
| 1. കുരുമുളക് | 10ഗ്രാം |
| 2. ജീരകം | 10ഗ്രാം |
| 3. ഉലുവ | 10ഗ്രാം |
| 4. മഞ്ഞൾ | 10ഗ്രാം |
| 5. കസ് കസ് | 5 ഗ്രാം |
| 6. കായം | 5 ഗ്രാം |
| 7. ചെറിയ ഉള്ളി | 1 എണ്ണം |
| 8. വെളുത്തുള്ളി | 1 എണ്ണം |
| 9. കറിവേപ്പില | 1 പിടി |
| 10.ചെറിയ ഉള്ളി | 2 എണ്ണം |
| 11.വെറ്റില | 5 എണ്ണം |
| 12.മഞ്ഞൾ | 10 ഗ്രാം |

ജീരകം, ഉലുവ, കസ് കസ് കായം ഇവ നല്ലവണ്ണം വറുത്ത് എടുക്കുക. എല്ലാം ചേർത്ത് നല്ലവണ്ണം അരയ്ക്കുക. 100 ഗ്രാം ശർക്കര ചേർത്ത് കല്ലുപ്പ് പതിച്ച് ഉള്ളിൽ കൊടുക്കുക. ദിവസം ഒരു നേരം നൽകിയാൽ മതിയാകും.



### VIII പനി

| | |
|---|---|
| 1.കുരുമുളക് | 10 ഗ്രാം |
| 2.ജീരകം | 10 ഗ്രാം |
| 3.മല്ലി | 10 ഗ്രാം |
| 4.വെളുത്തുള്ളി | 2 അല്ലി |
| 5.തുളസി ഇല | ഒരു പിടി |
| 6.വേപ്പില | ഒരു പിടി |
| 7.കർപ്പൂര തുളസി | ഒരു പിടി |
| 8.ഉണങ്ങിയ കറുവ ഇല | ഒരു പിടി |
| 9.കിരിയാത്ത് ഇല പൊടി | 20 ഗ്രാം |

കുരുമുളക്, ജീരകം, മല്ലി എന്നിവ വെള്ളത്തിൽ കുതിർത്ത് എല്ലാം കൂട്ടി അരച്ച് 100 ഗ്രാം ശർക്കര ചേർത്ത് ചെറിയ ഉരുളകളാക്കി കല്ലുപ്പ് പതിച്ച് ഉള്ളിൽ കൊടുക്കുക. ദിവസവും കാലത്തും വൈകിട്ടും നൽകണം.

### IX വന്ധ്യത മാറ്റുന്നതിന്

മദി ലക്ഷണം കണ്ട് 24 മണിക്കൂറിനകം ചികിത്സ തുടങ്ങണം.

1. വെള്ള മുളങ്കി (പച്ചക്കറി) ഒന്നു വീതം കീറി കല്ലുപ്പ് വിതറി കാലത്തും വൈകിട്ട് 4-5 ദിവസം കൊടുക്കുക.
2. ഒരു കറ്റാർ വാഴ ഇല വീതം അടുത്ത 4 ദിവസം ഉപ്പ് ചേർത്ത് തിന്നാൻ കൊടുക്കുക
3. 4 പിടി മുരിങ്ങയില അരച്ച് അടുത്ത 4 ദിവസം ഉപ്പ് ചേർത്ത് തിന്നാൻ കൊടുക്കുക
4. 4 പിടി മൂക്കാത്ത ചങ്ങലം പരണ്ട തണ്ട് അരച്ച് അടുത്ത 4 ദിവസം ഉള്ളിൽ കൊടുക്കുക
5. 4 പിടി കറിവേപ്പില അരച്ച് അടുത്ത 4 ദിവസം അൽപ്പം മഞ്ഞളും കല്ലുപ്പ് ചേർത്ത് ഉള്ളിൽക്കൊടുക്കുക

മദി ലക്ഷണം കൃത്യമായി ശ്രദ്ധിച്ച് ലക്ഷണം തുടങ്ങി 12 മളിക്കൂർ ആകുമ്പോൾ വെറ്ററിനറി ഡോക്ടറെ കൊണ്ട് കുത്തി വയ്പിക്കുക

### X എഴുന്നേൽക്കാൻ ബലക്ഷയം

2 മുട്ട തോട് സഹിതം 4 പിടി മുരിങ്ങയിലയും 4 പിടി ചങ്ങലം പരണ്ട തണ്ടും ചേർത്ത് അരച്ച് കല്ലുപ്പ് ചേർത്ത് ഉള്ളിൽ നൽകുക

തുടർന്ന് മുട്ട ഒഴിവാക്കി 2 മണിക്കൂർ ഇടവിട്ട് ഉള്ളിൽ കൊടുക്കുക മേൽവിവരിച്ച പാരമ്പര്യ പ്രയോഗങ്ങൾ പ്രാഥമിക ആരോഗ്യ സംരക്ഷണത്തിനും അസുഖം തടയുന്നതിനുമാണ് പ്രയോജനപ്പെടുന്നത്. ഒരു വെറ്ററിനറി ഡോക്ടറുടെ സേവനം അസുഖം തിരിച്ചറിയാനും കൂടുതൽ ചികിത്സയ്ക്കും തീർച്ചയായും ഉറപ്പു വരുത്തേണ്ടതാണ്.

കടപ്പാട്: തമിഴ് നാട് വെറ്ററിനറി യൂണിവേഴ്സിറ്റിയും, ബാംഗ്ലൂർ ട്രാൻസ് ഡിസിപ്ലിനറി സർവകലാശാലയും നടത്തുന്ന പാരമ്പര്യ മൃഗസംരക്ഷണ ഡിപ്ലോമ പാഠ്യ പദ്ധതി തമിഴ് നാട് മധുര സേവ സന്നദ്ധ സംഘടന.

◆



# അളവൊത്ത

## കുളമ്പുകളും ഉല്പാദന ക്ഷമതയും


**ഡോ. ഫ്ളമി. എ. ജയ്ക്കബ്**
വെറ്റിനറി സർജൻ
വെറ്റിനറി പോളിക്ലിനിക്
വടക്കാഞ്ചേരി


അളവൊത്ത വൃത്തിയുള്ള കുളമ്പുമായി തറയിൽ ശരിയായി ശരീരഭാരം ഊന്നി നിൽക്കുകയും നടക്കുകയും ചെയ്യുന്ന പശുക്കളിലെ പാലുൽപാദനം അങ്ങനെയല്ലാത്ത പശുക്കളെ അപേക്ഷിച്ച് വളരെ കൂടുതലായി കാണുന്നു. അതിനാൽ തന്നെ പശുക്കളുടെ കുളമ്പു പരിചരണത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് പാലുൽപാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ കാര്യത്തിൽ വളരെ പ്രധാനമാണ്. ഒരു കർഷകനെ സംബന്ധിച്ച് പശുവിന്റെ കുളമ്പ്കേടിന് ചികിത്സ തേടി പോകുന്നതിനേക്കാൾ എളുപ്പവും ധനലാഭവും ശരിയായ കുളമ്പു പരിചരണം തന്നെയാണ്.

പലവിധ കാരണങ്ങൾ കൊണ്ട് പശുക്കളുടെ കുളമ്പുകൾക്ക് കേടുപാടുകൾ സംഭവിക്കാം. ആവശ്യത്തിന് വ്യായാമമില്ലാതെ കോൺക്രീറ്റ് തറകളിലും റബ്ബർ പായകളിലും കാലൂന്നി നിൽക്കുന്ന പശുക്കളിൽ കുളമ്പുകളുടെ അമിത വളർച്ച കാണപ്പെടാറുണ്ട്. ഇത് പശുക്കളുടെ ശരിയായ നിൽപ്പിനെയും പിന്നീട് കുളമ്പുകേടിനും കുളമ്പ് പൊട്ടൽ, കുളമ്പ് ചീയൽ, മുറിവുകൾ, അണുബാധ, മുടന്ത്, കുളമ്പ് ദ്രവികരിക്കൽ എന്നിവയ്ക്കും കാരണമായി തീരാറുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളും, അശാസ്ത്രീയമായ തീറ്റക്രമവും, കുളമ്പിലുണ്ടാകുന്ന രോഗങ്ങളും, പാരമ്പര്യവും എല്ലാം തന്നെ കുളമ്പ്കേടിലേയ്ക്ക് വിരൽ ചൂണ്ടുന്ന ഘടകങ്ങളാണ്. പാലുൽപാദനം കൂടുതലുള്ള പശുക്കളിൽ അടുത്ത പ്രസവത്തിനു ശേഷം കുളമ്പുകേട് വരുന്നതായി കാണുന്നു. ശരീരത്തിൽ നിന്നും ആവശ്യമുള്ള പല ധാതുക്കളും നഷ്ടപ്പെട്ടു പോകുന്നതാണ്. അത്തരം പശുക്കളിൽ കുളമ്പുകളിൽ കേടുപാടുകൾ സംഭവിക്കുന്നതിന് കാരണമാകുന്നത്. പുല്ലിന്റെ അളവ് കുറച്ച് സാന്ദ്രീകൃതാഹാരത്തിന്റെ (concentrate) അളവ് കൂടുമ്പോഴും കുളമ്പുകൾക്ക് ക്ഷതം സംഭവിക്കാം. അമ്ലതയേറിയ ഭക്ഷണം കൂടുതൽ തീറ്റയിൽ ഉൾപ്പെടുത്തുന്നത് നല്ലതല്ല.

മുടന്തിയുള്ള നടപ്പും, കുളമ്പുകേടും, അണുബാധയും പശുവിന്റെ പാലുൽപാദനത്തിൽ ഗണ്യമായ കുറവുണ്ടാക്കുമെന്ന വസ്തുത മറന്നുകളയരുത്. അമിതമായി വളർന്നു കാണുന്ന കുളമ്പുകൾ ഒരു വെറ്ററിനേറിയന്റെ നിർദ്ദേശത്തോടെയും മേൽനോട്ടത്തോടെയും ചെത്തി മിനുക്കുകയും കുളമ്പിനടി വശം ഹൂഫ് പിക്ക് ഉപയോഗിച്ച് വൃത്തിയാക്കുകയും, ആന്റിസെപ്റ്റിക് ലായിനിയിൽ മുക്കി വച്ച് അണുനശീകരണം നടത്തുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. വർഷത്തിൽ രണ്ട് തവണയെങ്കിലും ഈ വിധത്തിൽ ചെയ്യുന്നത് കുളമ്പ്കേട് വരാതിരിക്കാനും അങ്ങനെ പശുവിന്റെ പാലുൽപാദനം കൂടാനും തത്ഫലമായി കർഷകന് സാമ്പത്തിക നേട്ടമുണ്ടാകാനും കാരണമാകും. ◆





# വേനൽക്കാല പരിരക്ഷ പക്ഷിമൃഗാദികൾക്കും


**ഡോ.ബീന.ഡി**
ഡെപ്യൂട്ടി ഡയറക്ടർ(റിട്ട),
മൃഗസംരക്ഷണ വകുപ്പ്.


ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും ഭൂമിയിലെ ആവാസ വ്യവസ്ഥകളേയും ജീവജാലങ്ങളേയും ഒരു പോലെ ബാധിക്കുന്ന കാലങ്ങൾ ആണ് വരാനിരിക്കുന്നത്. പ്രവചനങ്ങൾക്കപ്പുറമുള്ള കൊടിയ മഴയും കനത്ത വേനലും ഇന്ന് ഭൂമിയെ ഗ്രസിക്കുന്നു. വരും മാസങ്ങളിലെ കടുത്ത വേനലിനെ നേരിടാൻ പക്ഷിമൃഗാദികളേയും സജ്ജരാക്കേണ്ടതുണ്ട്. ജലദൗർലഭ്യവും പച്ച പുല്ലിന്റെ കുറവുമെല്ലാം കന്നുകാലികളുടെ ഉൽപ്പാദനത്തേയും പ്രത്യുൽപാദനത്തേയും ബാധിക്കാറുണ്ട്. ഉയർന്ന അന്തരീക്ഷതാപനിലയും ആർദ്രതയും കന്നുകാലികളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. മനുഷ്യരിലെന്ന പോലെ സൂര്യതപത്തിന്റെ പ്രത്യാഘാതങ്ങൾ മൃഗങ്ങളിലും കണ്ടുവരുന്നു. കന്നുകാലികളുടെ മരണത്തിന് വരെ ഇത് കാരണമാകാറുണ്ട്. അന്തരീക്ഷ ഊഷ്മാവ് കൂടുംതോറും കന്നുകാലികൾ തീറ്റയെടുക്കുന്നതിന് വിമുഖത കാണിക്കും. ചൂടു കൂടുംതോറും ഇത് മൂലമുള്ള പ്രത്യാഘാതങ്ങൾ കൂടുകയും ചെയ്യും.

തുറസ്സായ പ്രദേശങ്ങൾ, വയലുകൾ എന്നിവടങ്ങളിൽ മേയാൻ വിടുന്ന കന്നുകാലികൾക്ക് സൂര്യാഘാതം ഉണ്ടാകാം. വിയർപ്പു ഗ്രന്ഥികൾ മൃഗങ്ങളിൽ താരതമ്യേന കുറവായതിനാൽ ശരീരം ചൂടിനെതിരെ പല രീതിയിൽ പ്രതികരിക്കും. ദീർഘനേരം നേരിട്ടുള്ള സൂര്യരശ്മികൾ കന്നുകാലികളുടെ ദേഹത്ത് പതിക്കുമ്പോൾ ശ്വസന നിരക്ക് കൂടുന്നു. അണപ്പ്/കിതപ്പ്, വായിൽ നിന്നും ഉമിനീർ ഒഴുക്ക് എന്നീ ലക്ഷണങ്ങൾ തുടക്കത്തിൽ കാണിക്കുകയും നിർജലീകരണം ഉണ്ടാവുകയും പിന്നീട് വിറയൽ അനുഭവപെടുകയും കൈകാലുകളുടെ ശേഷി ഇല്ലാതാവുകയും ചെയ്യുന്നത് മൂലം പശു വീണുപോവുകയും തുടർന്ന് മരണമടയുകയും ചെയ്യും. നേരിട്ടുള്ള സൂര്യാതപം മൂലം കന്നുകാലികളുടെ തൊലിപുറത്ത് പൊള്ളൽ ഏൽക്കാറുമുണ്ട്.

### പ്രതിവിധികൾ

* ദാഹിക്കുമ്പേഴൊക്കെ കുടിക്കുവാൻ വെള്ളം അരികത്ത് ഉണ്ടായിരിക്കണം ഒരു പശുവിന് ഒരു ദിവസം 60 ലിറ്റർ വെള്ളം വേണം. കറവപ്പശുവിന് ഇതിന് പുറമേ ഓരോ ലിറ്റർ പാലിനും 4 ലിറ്റർ വീതം വെള്ളം ആവശ്യമാണ്.

രാവിലെ 11 മുതൽ വൈകിട്ട് 4 വരെ മൃഗങ്ങളെ തുറസായ സ്ഥലങ്ങളിൽ മേയാൻ വിടരുത്.

പകൽ സമയത്ത് തൊഴുത്തിന് പുറത്ത് മരത്തണലുകളിലും നല്ല കാറ്റു വാഴ്ചയുള്ള സ്ഥലങ്ങളിലും കന്നുകാലികളെ കെട്ടാം. തൊഴുത്തുകളിൽ ഫാൻ, മിസ്റ്റ് സംവിധാനം മുതലായവ

ഉപയോഗിക്കുന്നത് നന്നായിരിക്കും. തൊഴുത്തിന്റെ മേൽക്കൂരയിൽ ഓല അല്ലെങ്കിൽ 75% ഷെയ്ഡ് നെറ്റ് എന്നിവ വിരിക്കാം. തൊഴുത്തിന്റെ വശങ്ങളിൽ നനവുള്ള ചണ ചാക്കോ കട്ടിയുള്ള തുണിയോ തൂക്കിയിടാം. ഇങ്ങനെ ചെയ്യുമ്പോൾ തൊഴുത്തിൽ വേണ്ടത്ര വായുസഞ്ചാരം ലഭിക്കുന്നുണ്ടെന്ന് കൂടി ഉറപ്പാക്കണം.

ദിവസം 2 നേരം പശുവിനെ കുളിപ്പിക്കണം പകൽ സമയങ്ങളിൽ ഇടയ്ക്കിടെ ദേഹത്ത് വെള്ളം തളിച്ചു കൊടുക്കുകയോ ഒരു നനഞ്ഞ ചണച്ചാക്ക് ദേഹത്ത് ഇട്ടു കൊടുക്കുകയോ ചെയ്യാം.

കന്നുകാലികൾക്കുള്ള ഖരാഹാരം / സമീകൃത തീറ്റ രാവിലെ 7 മണിക്ക് മുമ്പും വൈകിട്ട് 5 മണിയ്ക്ക് ശേഷവും മാത്രം നൽകുക. വൈക്കോൽ നൽകുന്നത് രാത്രിയിലും അതിരാവിലേയും ആക്കുക.

പച്ചപ്പുൽ പരമാവധി നൽകുക. പച്ച പുല്ലിന്റെ അഭാവത്തിൽ മറ്റ് ഇലകൾ നൽകാം. വാഴമാണം, വാഴയില, ഈർക്കിൽ മാറ്റിയ പച്ചോല, നെയ് കുമ്പളം എന്നിവ നൽകാവുന്നതാണ്.

25 മുതൽ 30 ഗ്രാം ധാതുലവണ മിശ്രിതം ദിവസവും നൽകണം. 25 ഗ്രാം അപ്പക്കാരം, 50 ഗ്രാം ഉപ്പ് എന്നിവ കഞ്ഞി വെള്ളത്തിലോ കാടിയിലോ ചേർത്ത് ദിവസവും നൽകണം.

കന്നുകാലികൾക്ക് സൂര്യാതപം ഉണ്ടായാൽ എത്രയും പെട്ടെന്ന് വിദഗ്ദ്ധചികിൽസ ലഭ്യമാക്കണം. നിർജലീകരണം മൂലം ഷോക്ക് ഉണ്ടാകുന്നത് വഴി മരണം സംഭവിക്കാറുണ്ട്.

**നായ്ക്കളിൽ**

വിയർപ്പ് ഗ്രന്ഥികൾ പൊതുവേ കുറഞ്ഞിരിക്കുന്നതിനാൽ അമിതമായ ചൂട് നായ്ക്കളേയും ബാധിക്കാറുണ്ട്. കിതപ്പോട് കൂടിയുള്ള ശ്വാസോഛ്വാസം, ഛർദ്ദി, നാക്കും മോണകളും ചുവന്ന നിറത്തിലാവുക, വായിൽ നിന്നും കൊഴുത്ത ഉമിനീർ ഒഴുകൽ, ഉയർന്ന ഹൃദയമിടിപ്പ് എന്നിവ കണ്ടുവരുന്നു

**പ്രഥമ ശുശ്രൂഷ**

നായയുടെ ശരീരം തണുത്ത തുണി അല്ലെങ്കിൽ ഐസ് പാഡ് എന്നിവ ഉപയോഗിച്ച് തണുപ്പിക്കുക. നായ വെള്ളം കുടിക്കുന്നുവെങ്കിൽ ധാരാളം വെള്ളം നൽകുക. എത്രയും പെട്ടെന്ന് വെറ്ററിനറി സഹായം തേടുക

**പക്ഷികളിൽ**

കോഴി കൂടുകൾ/പക്ഷി കൂടുകളിൽ നല്ല വായു സഞ്ചാരം ഉണ്ടായിരിക്കണം പകൽ സമയത്ത് കൂടുകളിൽ കുടിക്കുവാനുള്ള ശുദ്ധജലം എപ്പോഴും ലഭ്യമാക്കണം. കൂടുകളുടെ മേൽക്കൂരയിൽ തണുപ്പ് നൽകണം വള്ളിച്ചെടികളും മറ്റും കൂടിന് മുകളിൽ വളർത്തി വിടുന്നത് കൂടിനുള്ളിലെ ചൂട് കുറയ്ക്കുവാൻ സഹായിക്കും

◆








# മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ

ഡോ. ജി.ആർ. ഹരികൃഷ്ണകുമാർ
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

## മൃഗചികിത്സാ രംഗത്ത് വകുപ്പിന്റെ ഒരു സുവർണ്ണ നേട്ടം

ഇന്ന് കേരളത്തിൽ എല്ലാ പഞ്ചായത്തിലും മൃഗാശുപത്രികളുണ്ട്. എല്ലാ മൃഗാശുപത്രികളും മൃഗചികിത്സാ രംഗത്ത് വളരെ നല്ല സേവനങ്ങളാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. ആശുപത്രികൾ പഞ്ചായത്തുകളെ ഏൽപ്പിച്ചതോടെ ഡോക്ടർമാർക്ക് പഞ്ചായത്തിന്റെ പദ്ധതികളുടെ നടത്തിപ്പ് ചുമതല കൂടി ഏറ്റെടുക്കേണ്ടി വന്നു. അതുകൊണ്ട് തന്നെ ഒരു മൃഗത്തിന് അസുഖം വന്ന് ആശുപത്രിയിൽ എത്തിച്ചാൽ അത്യാവശ്യ ചികിത്സകൾ നൽകുക എന്നല്ലാതെ ലബോറട്ടറി ടെസ്റ്റ് നടത്തി ചികിത്സിക്കാനോ, അൾട്രാ സൗണ്ട്, എക്സ്റേ തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ചികിത്സിക്കാനോ സാധിക്കാതെ വരുന്ന ഒരു സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. ഇതിന് ഒരു പരിഹാരം കാണണമെന്ന ചിന്തയിലിരുന്നപ്പോഴാണ് പതിമൂന്നാം കേന്ദ്ര ധനകാര്യ കമ്മീഷൻ മൃഗസംരക്ഷണ വകുപ്പിന്റെ വികസനങ്ങൾക്കായി ഏകദേശം പതിമൂന്നുകോടി രൂപ അനുവദിച്ചത്. മൃഗസംരക്ഷണ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർക്ക് അന്ന് വേറൊന്നും ചിന്തിക്കേണ്ടി വന്നില്ല. മൃഗസംരക്ഷണ വകുപ്പിന് കീഴിൽ എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആശുപത്രി പണിയുക. അതിന് പറ്റിയ സ്ഥലം കുടപ്പനക്കുന്നിൽ മൃഗസംരക്ഷണ വകുപ്പിന്റെ തന്നെ കന്നുകാലി വളർത്തൽ ഫാമിനടുത്ത് മതിയാകുമെന്ന് തീരുമാനിച്ചു. അങ്ങനെയാണ് തിരുവനന്തപുരത്ത് മാത്രമല്ല സമീപ ജില്ലകളിലെ ആൾക്കാർക്കും വളരെ ഉപകാരപ്രദമായ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ രൂപം കൊണ്ടത്.

**ചരിത്രം**

2015 ൽ പണി പൂർത്തിയാക്കിയ കെട്ടിടം ആശുപത്രിയായി മാറ്റിയെടുക്കാൻ വീണ്ടും മൂന്ന് വർഷം കൂടി കാത്തിരിക്കേണ്ടി വന്നു. പ്രധാന കടമ്പ ജീവനക്കാരെ നിയമിക്കുന്നതിലായിരുന്നു. പുതിയ തസ്തികകൾ സൃഷ്ടിച്ചതുകൊണ്ട് ധനവകുപ്പിന്റെ പ്രതിരോധം മറികടക്കാൻ ഒരുപാട് താമസം നേരിടേണ്ടി വന്നു. എല്ലാ കടമ്പ

കളും കടന്ന് 2018 ആഗസ്റ്റ് മാസം 9ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ നാടിന് സമർപ്പിച്ചു.



### റഫറൽ ആശുപത്രി എന്ന സങ്കൽപ്പം

മനുഷ്യരെ വിദഗ്ധ ചികിത്സയ്ക്കായി പ്രൈമറി ഹെൽത്ത് സെന്ററുകളിൽ നിന്ന് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നതു പോലെ മൃഗാശുപത്രികളിൽ നിന്ന് ആധുനിക ചികിത്സയ്ക്കായി റഫർ ചെയ്യാനുള്ള ഒരു ആശുപത്രിയായി മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിനെ മാറ്റുക എന്നതായിരുന്നു ഉദ്ദേശ്യം.

### സൗകര്യങ്ങൾ

- ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു സീനിയർ വെറ്ററിനറി സർജനും, സർജറിയിൽ ബിരുദാനന്തര ബിരുദമുള്ള രണ്ട് ഡോക്ടർമാരും ഗൈനക്കോളജിയിലും മെഡിസിനിലും, പതോളജിയിലും ബിരുദാനന്തര ബിരുദമുള്ള മൂന്ന് ഡോക്ടർമാരും സേവനം അനുഷ്ഠിച്ചു വരുന്നു. ഇവരെ സഹായിക്കുന്നതിന് 22 ആശുപത്രി ജീവനക്കാരുമുണ്ട്.
- സീനിയർ വെറ്ററിനറി സർജൻ നയിക്കുന്ന നല്ലൊരു കാർഡിയോളജി യൂണിറ്റും, അൾട്രാ സൗണ്ട് സ്കാനിംഗ് യൂണിറ്റും പ്രവർത്തന സജ്ജമാണ്.
- അത്യാധുനിക ഡിജിറ്റൽ എക്സ്റേ സംവിധാനം ലഭ്യമാണ്.
- ആധുനിക സാങ്കേതിക വിദ്യയിലൂടെ എക്സ്റേയെടുക്കുന്നതിനായി ഒരു എക്സ്റേ യൂണിറ്റ് പ്രവർത്തിക്കുന്നു
- എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ രണ്ട് ഓപ്പറേഷൻ തിയേറ്ററുകൾ എത് തരം ഓപ്പറേഷൻ നടത്തുന്നതിനും സജ്ജമാണ്.
- രാത്രി കാലങ്ങളിൽ മൃഗങ്ങളെ ചികിത്സിക്കുന്നതിനായി എല്ലാ സൗകര്യങ്ങളുമുള്ള ഒരു രാത്രികാല സർവ്വീസ് സംവിധാനം ഉണ്ട്.
- ഇതിനെല്ലാമുപരി നഗരത്തിന്റെ തിരക്കുകളിൽ നിന്നും മാറി സൗകര്യമായി വാഹനം പാർക്ക് ചെയ്യാമെന്നതും, മൃഗങ്ങൾക്കായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഒരു സംഘം ഉദ്യോഗസ്ഥരെ തങ്ങളുടെ അരുമ മൃഗങ്ങളുടെ ശുശ്രൂഷയ്ക്കായി ലഭിക്കുന്നുവെന്നതും പൊതുജനങ്ങൾക്കും കർഷകർക്കും ഒരനുഗ്രഹം തന്നെയാണ്.

◆








# തിരുവനന്തപുരം മൃഗശാലയിലൂടെ..

എം. ദിവിൻ മുരുകേശ്
ജൂനിയർ കൺസൾട്ടന്റ്
SIEMAT, തിരുവനന്തപുരം

ബിന്ധ്യ. എ.

ഇന്ത്യയിൽ ഏറ്റവും പഴക്കം ചെന്ന മൃഗശാലകളിൽ ഒന്ന്, തിരുവനന്തപുരത്തിന്റെ നഗര ഹൃദയത്തിൽ അതിന്റെ പ്രൗഢി ഒട്ടുംചോരാതെ 161 വർഷം പിന്നിടുമ്പോൾ ഒരുപാട് അറിയാനുണ്ട് പിന്നിട്ട വഴികളും പ്രത്യേകതകളും. 1857 ൽ സ്വാതിതിരുനാൾ ഭരണകാലത്തെ പ്രസിദ്ധമായ നേപിയർ മ്യൂസിയം ജനങ്ങൾക്കായി തുറന്നുകൊടുക്കുകയും പിന്നീട് സ്വീകാര്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി 1857–1859 കാലഘട്ടത്തിൽ മൃഗശാല സ്ഥാപിക്കുകയുമാണ് ചെയ്തത്. വിക്ടോറിയൻ മാതൃകയിൽ നിർമ്മിച്ച കൂടുകളും, പൂന്തോട്ടവും, തടാകവും മൃഗശാലയുടെ സവിശേഷതകളാണ്. തിരക്കേറിയ നഗര മധ്യത്തിലായിരുന്നിട്ടുപോലും വന്യമൃഗങ്ങളെ ഉൾകൊള്ളുന്ന ഇവിടം ചെറിയ ഒരു വനത്തിന്റെ പ്രതീതി തന്നെ നൽകുന്നു.

റോയൽ സൊസൈറ്റി, അസ്ട്രോനോമിയിലെ അലൻ ബ്രൗൺ എന്ന വ്യക്തിയാണ് ഇവിടെയൊരു മൃഗശാല എന്ന ആശയം മുന്നോട്ടു വച്ചത്. അതേത്തുടർന്ന് തിരുവിതാംകൂർ മഹാരാജാവ് മുൻകയ്യെടുത്ത് മൃഗശാല സജ്ജീകരിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ ബ്രിട്ടീഷ് നേതൃത്വത്തിലും പിന്നീട് അവർക്കു ശേഷം മുതിർന്ന ഉദ്യോഗസ്ഥർ മൃഗശാലയുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. ബ്രിട്ടീഷ് മാതൃകയിൽ രൂപകൽപ്പന ചെയ്ത മൃഗശാല പിന്നീട് കാലോചിതമായ രൂപമാറ്റങ്ങൾ വരുത്തി. കൂടുകളിൽ താമസക്കാരായ ജീവജാലങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുകയും അതോടൊപ്പം തന്നെ സന്ദർശകർക്കുള്ള സൗകര്യങ്ങൾ ഒന്നുകൂടി മേന്മയുള്ളതാക്കി തീർക്കുകയും ചെയ്തു.

ആദ്യകാലത്തു ലോകത്തിന്റെ വിവിധ ഇടങ്ങളിൽ നിന്നുമായി ധാരാളം ജീവിവർഗ്ഗങ്ങളെ ഇവിടെ എത്തിച്ചിരുന്നു. മുന്നൂറിൽപരം ഇനങ്ങൾ വരെ ഒരുകാലത്തു തിരുവനന്തപുരം മൃഗശാലയിൽ ഉണ്ടായിരുന്നു. പിന്നീട് മൃഗശാലയുടെ പരിമിതികൾക്കനുസരിച്ച് ജീവിവർഗങ്ങളുടെ എണ്ണത്തിലും, ഇനത്തിലും കുറവുവരുത്തുകയും അതുവഴി മൃഗങ്ങളുടെ പരിപാലനത്തിലും, പരിചരണത്തിലും ശരിയായ സന്തുലനാവസ്ഥ കൊണ്ടുവരാൻ സാധിക്കുകയും ചെയ്തു.

സെൻട്രൽ സൂ അതോറിറ്റിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് പല ജീവിവർഗങ്ങളുടെയും എണ്ണത്തിൽ നിയന്ത്രണം കൊണ്ടുവരുകയും ആനയെപോലെ ധാരാളം സ്ഥലം ആവശ്യംവരുന്ന ജീവികളുടെ പരിപാലനവും പ്രദർശനവും ഇവിടെ അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പക്ഷികൾ, സസ്തനികൾ, ഉരഗങ്ങൾ



തുടങ്ങി നൂറ്റിഅൻപതിൽപരം ജീവിവർഗ്ഗങ്ങൾ ഇവിടെ സംരക്ഷിക്കപ്പെടുന്നു.

പ്രവേശനകവാടം കടന്ന് അകത്തെത്തുന്ന സന്ദർശകരെ വരവേൽക്കുന്നത് സിംഹവാലൻ കുരങ്ങും (Lion-tailed Macaque), വലതുവശത്തായി പുതുതായി ഒരുക്കിയ ഇന്ത്യൻ കാട്ടുപോത്തിന്റെ(Indian Gaur)വിശാലമായഇടവുമാണ്. പിന്നീട് മുന്നോട്ടായി തണൽ വിരിച്ച മനോഹരമായ പാതയ്ക്ക് ഇരുവശവുമായാണ് വിവിധ ഇനം പക്ഷിമൃഗാദികളുടെ പല വലിപ്പത്തിലുള്ള സങ്കേതങ്ങൾ സജ്ജീകരിച്ചിരിക്കുന്നത്.

കുരങ്ങു വർഗ്ഗങ്ങളെയും, മലയണ്ണാനെയും ഒക്കെ കണ്ടുകൊണ്ട് മുന്നോട്ടു നീങ്ങുമ്പോൾ പഴയ വിക്ടോറിയൻ മാതൃകയിൽ നിർമ്മിച്ച കൂട്ടിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പക്ഷിവർഗങ്ങളെയും കാണാം. തട്ടുതട്ടായി താഴേക്ക് വഴിനീളുന്ന മൃഗശാലയിലെ തടാകത്തിനോട് ചേർന്ന ഇടങ്ങളിലാണ് ഇരപിടിയന്മാരായ പക്ഷികളുടെ താവളമുള്ളത്. തദ്ദേശീയരും, വിദേശിയരുമായ വിവിധ പക്ഷികളെ ഈ കൂടുകളിൽ കാണാം. (Bengal Vulture, White bellied sea eagle, Brahmini kite etc). ഇവയ്ക്കിടയിലായി തറനിരപ്പിൽ സജ്ജീകരിച്ചിരിക്കുന്ന കൂടുകളിൽ വിവിധയിനം മുതലകൾ വെള്ളത്തിലും കരയിലുമായി സ്ഥാനംപിടിച്ചിരിക്കുന്നു. മുതലയുടെ കൂടിന് പിന്നിലായി പുതുതായി നിർമ്മിച്ച കൂട്ടിൽ ഏവരെയും ആകർഷിക്കുന്ന കറുത്ത അരയന്നം (Black Swan). കൂടിനോട് ചേർന്ന്



വിശാലമായ തടാകവും അതിൽ നിറയെ ജലപക്ഷികളും സ്വാഭാവികത നഷ്ടമാകാതെ നിലനിർത്തിയിരിക്കുന്നു. തടാകത്തിലേക്ക് തള്ളി നിൽക്കുന്ന റാംപിലേക്ക് കയറി നിന്ന് ചില്ലുമതിലിലൂടെ സംരക്ഷിച്ചു നിർത്തിയ തടാകത്തിലെ ജലപ്പക്ഷികളെ നോക്കുമ്പോൾ പ്രകൃതിയിലുള്ളതുപോലെതന്നെ. ഇവിടെയും തദ്ദേശീയരും, വിദേശിയരുമായ പക്ഷികളുണ്ട് (Painted Stork, Adjutant stork, Pelicans, Oriental white ibis, Grey heron, Purple heron etc) അവരിൽ പലരും തടാകക്കരയിലെ മരങ്ങളിൽ കൂട് കൂട്ടി കുഞ്ഞുങ്ങളെ വിരിയിച്ചിറക്കാറുമുണ്ട്. മൃഗശാലയിലെ ഏറ്റവും മനോഹരമായ ഒരു ഇടംതന്നെയാണ് ഈ പച്ചപ്പുനിറഞ്ഞ തടാകം.

ജലപക്ഷികൂടിനോട് തൊട്ടടുത്തായി ജീവിതത്തിൻറെ ഭൂരിപക്ഷസമയവും വെള്ളത്തിൽ ചിലവഴിക്കുന്ന സസ്തനിയായ നീർനായയെ (Otter) കാണാം. മൃഗശാലയുടെ ഏറ്റവും താഴെ ഭാഗത്തായി ഒരു കൊച്ചു ദ്വീപുണ്ട്. അവിടെ



പുറത്തുനിന്നുമെത്തി കൂടുകൂട്ടുന്ന നീർപക്ഷികൾ ഒരു സ്ഥിരം കാഴ്ചയാണ്. പിന്നിട് മുന്നോട്ട് നടക്കുമ്പോൾ കാഴ്ചകളിലെ പ്രധാനികൾ 2017 ൽ കൊണ്ടുവന്ന രണ്ടു ഹിമാലയൻ കരടികളാണ് (Himalayan Black Bear). ഇവയെ നാഗാലാൻഡ് മൃഗശാലയിൽ നിന്നാണ് ഇവിടെ എത്തിച്ചത്. പിന്നീടെത്തുന്ന കാട്ടിലെ രാജാവിന്റെ ഇടം വളരെ പ്രത്യേകതകൾ ഉള്ളതാണ്, രണ്ടു തട്ടുകളിലായി നിർമ്മിച്ച ഇവിടം സിംഹങ്ങളുടെ ആവാസവ്യവസ്ഥക്ക് ചേരും വിധം ഒരുക്കിയിരിക്കുന്നു. അടച്ചിട്ട കൂട്ടിൽ നിന്നും തുറന്ന ഇടത്തേക്ക് മണ്ണിനടിയിലൂടെയുള്ള തുരങ്കപാതയും താഴ്ന്ന ഇടത്തു ചെറിയൊരു ജല സംഭരണിയും ഇതിന്റെ പ്രത്യേകതകളാണ്.

വിശാലമായ ഇടത്താണ് ഹിപ്പോപൊട്ടാമസിന്റെ കൂട് ഒരുക്കിയിരിക്കുന്നത്. കൂടുതൽ സമയവും വെള്ളത്തിൽ ചിലവഴിക്കുന്ന ഇവയ്ക്കായി നല്ലൊരു ജലസംഭരണി തന്നെ ഒരുക്കിയിട്ടുണ്ട് .

അസ്സമിലെ മൃഗശാലയിൽ നിന്നും 1993 ൽ ഇവിടെയെത്തിയ ഒറ്റക്കൊമ്പൻ കാണ്ടാമൃഗം (Indian One-horned Rhino) ഇവിടുത്തെ മറ്റൊരു പ്രധാനിയാണ്. ഹിപ്പോയുടെ കൂടിന് എതിർവശത്തായി വിശാലമായി തന്നെ കാണ്ടാമൃഗത്തിന്റെ ആവാസസ്ഥലം ഒരുക്കിയിരിക്കുന്നു. പിന്നീടുള്ള ഇടത്തായി മലമാനും (Sambar deer), ഇന്ത്യൻ കാട്ടുപോത്തും (Indian Gaur), പുള്ളിമാനും (Spotted deer). 2014 ൽ ലക്നൗ മൃഗശാലയിൽ നിന്നും കൊണ്ടുവന്ന ബാരസിംഗയും (Swamp Deer) കൃഷ്ണമൃഗവും (Black Buck) അതിൽ തന്നെ സഞ്ചാരികൾക്ക് കൗതുകം ഉണർത്തുന്ന വെള്ള കൃഷ്ണമൃഗവും (White Buck) എല്ലാം ചേർന്ന് കുളമ്പുള്ള (Ungulates) മൃഗങ്ങളുടെ ഒരു വൈവിധ്യം തന്നെ ഇവിടെ കാണാൻ സാധിക്കും. ആഫ്രിക്കൻ വി.ഐ.പിയായ കാട്ടുപോത്തും (African Cape Buffalo) ഈ കൂട്ടത്തിലെ പ്രധാന ആകർഷണമാണ്.

അതുകഴിഞ്ഞാൽ എത്തുന്നയിടം സന്ദർശകർക്ക് ഏറെ കൗതുകം നൽകുന്ന കാട്ടിലെ വമ്പന്മാരുടെ സങ്കേതമാണ്. ഇവിടെ കമാനാകൃതിയിൽ ഉള്ള ഇരുമ്പു വലകൊണ്ടു മൂടിയ കൂടിനുള്ളിൽ പുള്ളിപുലിയും അതിനപ്പുറത്തായി കടുവകളുടെ ഗർജ്ജനവും കേൾക്കാം. 2014 ൽ ഇവിടെ എത്തിയ വെളുത്ത സുന്ദരി മലർ എന്ന വെള്ളകടുവയും, 2015 ൽ എത്തിയ ശ്രാവൺ എന്ന 'വെള്ള' വരയനും ഒരുപാട് നേരം സന്ദർശകരെ പിടിച്ചു നിർത്തുന്ന കാഴ്ചകളാണ്. ഡൽഹി മൃഗശാലയിൽ നിന്നുവന്ന ഈ വെള്ള കടുവകൾക്ക് പകരമായി നമ്മുടെ കുറച്ചുപേരെ ഇവിടെ നിന്ന് അങ്ങോട്ടും കൈമാറ്റം ചെയ്തിരുന്നു. അതുകൂടാതെ ഇവിടെ ജനിച്ചുവളർന്ന അഞ്ചു കടുവകളും നമ്മുക്ക് ഉണ്ട്. ബ്രിട്ടീഷ് കാലഘട്ടത്തിൽ നിർമ്മിച്ച കൂടുകളിൽ പ്രൗഢിയോടെ തന്നെ ഇവർ വിഹരിക്കുന്നു.

പുള്ളിപ്പുലിയുടെ കൂടിനപ്പുറമായിത്തന്നെ വിശാലമായ മതിലുകളാൽ ചുറ്റപ്പെട്ട തുറന്നയിടത്ത് വിരഹിക്കുന്ന രാഹുൽ എന്ന കടുവ സന്ദർശകർക്ക് പ്രകൃതിയിലുള്ള കടുവകാഴ്ച സമ്മാനിക്കുന്നു. അതിനടുത്തായി കഴുതപുലിയുടെ സങ്കേതമാണ്. 2017 ൽ രണ്ട് കഴുതപുലികളെ നാലുജോഡി റിയ (Rhea) എന്ന പക്ഷിക്ക് പകരമായി കാൺപൂർ മൃഗശാലയിൽ നിന്നും ഇവിടെ എത്തിച്ചിട്ടുണ്ട്. നമ്മുടെ മൃഗശാലയിലേക്ക് ഒരുപാട് തരം മൃഗങ്ങളെ എത്തിക്കുന്നതിൽ റിയ(Rhea) പക്ഷി വഹിച്ച പങ്ക് ചെറുതല്ല. ഇന്ത്യയിൽ മറ്റൊരിടത്തും ഇല്ലാത്തത്ര, കാപ്പിയും വെളുപ്പും നിറത്തിലുള്ള റിയകൾ തിരുവനന്തപുരം മൃഗശാലയുടെ ആകർഷണത്തിൽ ഒന്നാണ്. മൂന്നെണ്ണം മാത്രമുണ്ടായിരുന്നിടത്ത് അറുപതിൽപരം റിയകൾ ഇവിടെ പ്രജനനം നടത്തിയതിന് പിന്നിൽ മൃഗശാലയുടെ വെറ്ററിനറി



ഡോക്ടറായ ജേക്കബ് അലക്സാണ്ടർക്ക് സുപ്രധാന പങ്കുണ്ട്. റിയ മുട്ടയിട്ടെങ്കിലും അടയിരിക്കാൻ കഴിയില്ല എന്ന് മനസിലാക്കിയ അദ്ദേഹം സ്വയം രൂപകല്പന ചെയ്ത ഇൻക്യുബേറ്ററിൽ വിരിയിച്ചെടുത്തത് അറുപതിൽപരം റിയ കുഞ്ഞുങ്ങളെയാണ്. പിന്നിട് മറ്റു പല മൃഗശാലകളിലേക്കും ഇവയെ കൈമാറി, ഇവിടെ ഇല്ലാത്ത പല മൃഗങ്ങളെയും മൃഗശാലയിൽ എത്തിക്കാൻ അധികൃതർക്ക് സാധിച്ചു. റിയയുടെ എണ്ണത്തിലുള്ള വർദ്ധനവ് ക്രമീകരിച്ചിട്ടുണ്ട്. ഇപ്പോൾ കിട്ടുന്ന മുട്ടകൾ മറ്റു മൃഗങ്ങൾക്ക് ഭക്ഷണമായി നല്കിപോരുന്നു.

തെക്കേ അമേരിക്കയിൽ നിന്നുള്ള റിയ കൂടാതെ പറക്കാൻ സാധിക്കാത്ത വലിയ പക്ഷികളായ ഒട്ടകപക്ഷി (Ostrich), എമു (Emu) തുടങ്ങിയവരും ഇവിടുത്തെ പ്രധാന ആകർഷണങ്ങളാണ്. ഉരഗങ്ങൾക്കായിത്തന്നെ മൃഗശാലയിൽ ഒരു ഇടം ഒരുക്കിട്ടുണ്ട്. ഒരു മാളത്തിനുള്ളിലൂടെ സഞ്ചരിക്കുന്ന പ്രതീതിയുളവാക്കുന്ന ഈ നിർമിതിക്കുള്ളിൽ വിവിധ അറകളിലായി ഉരഗങ്ങളെ പ്രദർശിപ്പിച്ചിരിക്കുന്നു. ഇവയിൽ ഏറ്റവും കൂടുതൽ ആകർഷകതയും വാർത്തകളിൽ നിറഞ്ഞു നിന്നിരുന്നതും ശ്രീലങ്കയിലെ ദെഹിവാള മൃഗശാലയിൽ (Dehiwala zoological park) നിന്നും 2014 ൽ എത്തിയ ഏഴ് അനാക്കോണ്ടകൾ ആണ്. അവിടെ നിന്നുള്ള ഒരു ഉപഹാരമായാണ് ഈ അപൂർവ്വ ഉരഗങ്ങൾ നമുക്ക് കിട്ടിയത്. ഇവയെ കൂടാതെ നമ്മുടെ നാട്ടിൽകണ്ടുവരുന്ന വിവിധ ഇനം പാമ്പുവർഗ്ഗങ്ങളും ഉരഗവർഗ്ഗങ്ങളും Reptile house ൽ പ്രദർശനത്തിനായി സംരക്ഷിച്ചുവരുന്നു.



ഇതുകൂടാതെ നീലക്കാള, വെള്ള മയിൽ, മുള്ളൻപന്നി, കാട്ടുനായ, കാട്ടുപൂച്ച, വെരുക് തുടങ്ങി മറ്റനേകം ജീവജാലങ്ങളെയും അവയുടെ ആവാസവ്യവസ്ഥക്ക് ചേരുംവിധം വിവിധ കൂടുകളിലായി സംരക്ഷിച്ചിരിക്കുന്നു.

പൂമ്പാറ്റകൾക്കായി ഒരു ശലഭോദ്യാനവും (Butterfly Park) മൃഗശാലയിൽ ഒരുക്കിട്ടുണ്ട്. ശലഭങ്ങളെ ആകർഷിക്കുന്നതിനായി വിവിധയിനം സസ്യങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഉദ്യാനം നിർമിച്ചിരിക്കുന്നത്.

സന്ദർശകരുടെ സൗകര്യാർത്ഥം മൃഗശാലയിലൂടെ സഞ്ചരിക്കുന്നതിനായി വൈദ്യുത കാർ, വിശ്രമിക്കുന്നതിനുമറ്റുമായുള്ള സൗകര്യങ്ങൾ, ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനായി Interpretation centre എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. സുരക്ഷയുടെ ഭാഗമായി CCTV, cotnrol room, wireless സംവിധാനങ്ങൾ എന്നിവയെല്ലാം ഒരുക്കിയിട്ടുണ്ട് .

അറിവിന്റെയും ആനന്ദത്തിന്റെയും വാതായനങ്ങൾ തുറന്നിട്ടുകൊണ്ട് മികവിന്റെ പടവുകൾ കയറുകയാണ് തിരുവനന്തപുര ഹൃദയത്തിലെ ഈ ജൈവലോകം. ◆







# കർഷകമനസ്സുമായി ജനസേവനം

**ഡോ.എ.വി.പ്രകാശൻ**
അസിസ്റ്റന്റ് ഡയറക്ടർ,
പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം,
സുൽത്താൻ ബത്തേരി

സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതു മുതൽ ഉള്ള ആഗ്രഹമായിരുന്നു കൽപ്പറ്റ എം.എൽ.എയും മൃഗസംരക്ഷണ മേഖലയിൽ വ്യാപൃതനുമായ ശ്രീ.ശശീന്ദ്രൻ എന്ന കൽപ്പറ്റക്കാരുടെ ശശിയേട്ടനെ പരിചയപ്പെടണമെന്നത്. അങ്ങനെയാണ് ശശിയേട്ടനെ വിളിക്കുന്നതും സമയം തരപ്പെടുത്തുന്നതും. സ്ഥലങ്ങളൊന്നും പരിചയമായിട്ടില്ല. ആയതിനാൽ തന്നെയാണ് മണ്ണുത്തി വെറ്ററിനറി കോളേജിലെ ക്ലാസ്സ്മേറ്റ് ഡോ.കെ.എസ്.പ്രേമനേയും കൽപ്പറ്റക്കാരൻ തന്നെയായ ഡോ.ജയകൃഷ്ണനെയും കൂട്ടിന് വിളിച്ചത്. രാവിലെ തിരക്കായിരിക്കുമെന്നതിനാൽ വൈകിട്ടാണ് സമയം ചോദിച്ചത്. അങ്ങനെ ഒരു വൈകുന്നേരം കൽപ്പറ്റ നിന്നും വലത്തോട്ട് തിരിഞ്ഞ്, മണിയങ്കോട് എന്ന സ്ഥലത്തു കൂടി നേരേ ചെന്ന് പൊന്നട എന്ന സ്ഥലത്ത് എത്തുന്നു. അവിടെ നിന്നും ഇടത്തോട്ട് തിരിഞ്ഞ് ഒരു ചെറിയ വഴിയുടെ അറ്റത്ത്, ഭജനമഠം എന്നെഴുതിയ ഒരു അയ്യപ്പൻ കോവിലിനു മുമ്പിൽ, നേരെ എതിരിൽ ഉഷസ്സ് എന്നെഴുതിയ ഒരു വീട്. നേരം ഇരുട്ടാറായിരിക്കുന്നു. ഭജന മഠത്തിൽ നിന്നും അറിയാതൊരു അയ്യപ്പഭക്തിഗാനം. ഗേറ്റെന്ന് പറയാനൊന്നുമില്ല. വേലിക്കു കുറകെ ഒരു മുളതണ്ട് മാത്രം. സന്ദേശം വ്യക്തം, ആർക്കും കടന്ന് ചെല്ലാവുന്നിടം.

ഞാൻ മുൻപ് ജോലി ചെയ്ത ഏലംകുളം പഞ്ചായത്തിലെ ഏതൊരു കർഷക ഭവനത്തിലേയ്ക്കും കേറി ചെല്ലുന്ന തോന്നൽ. തൊഴുത്തിലേയ്ക്ക് കയറുന്നതിനു മുമ്പായി എന്നാൽ ചായ കുടിക്കുകയല്ലേ എന്ന സൗഹൃദ ഭാവം. മുൻപരിചയമില്ലാതിരുന്നിട്ടു കൂടി നേരത്തേ അറിയുന്ന പോലുള്ള പെരുമാറ്റം. രാവിലെ പാൽ കറന്ന് സൊസൈറ്റിയിൽ കൊണ്ടു പോകുന്നു. സാമൂഹ്യപ്രവർത്തനങ്ങൾക്കു ശേഷം അരിസഞ്ചിയും തൂക്കി വീട്ടിലേയ്ക്കു വരുന്ന, നഗ്നപാദനായ ഈ എം.എൽ.എയെക്കുറിച്ച് ഏറെ





വായിക്കുകയും കേൾക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ സമകാലീക രാഷ്ട്രീയത്തിലോ, ചരിത്രത്തിലോ ഒരാളെ അടയാളപ്പെടുത്തുന്നത് ഇതൊന്നുമായിരിക്കില്ല എന്ന തോന്നൽ എന്തു കൊണ്ടോ വന്നു ചേർന്നു..

നമ്മുടെ വിഷയം അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയമോ, ആശയ മണ്ഡലമോ അല്ല. വയനാട് ജില്ലയിലെ അടിസ്ഥാന ജനവിഭാഗങ്ങളുടെ ജീവിത പ്രശ്നങ്ങളിൽ ഇടപെടുന്നതിനോടൊപ്പം മൃഗസംരക്ഷണ പ്രവർത്തനങ്ങളിലും ഏർപ്പെടുകയും ചെയ്യുന്നതിലെ വേറിട്ട രീതിയാണ് നമ്മുടെ ആകർഷണം. പരമ്പരാഗത കർഷകൻ പോലും മൃഗസംരക്ഷണ മേഖല ഉല്പാദനക്ഷമമല്ല എന്ന കാരണത്താൽ ഉപേക്ഷിച്ചു പോകുകയും, നവസംരംഭകർ ആശങ്കയാൽ കടന്നു വരാൻ മടിക്കുകയും ചെയ്യുന്ന കാലത്ത് ഈ മേഖലയിൽ തന്നെ ഉറച്ച് നിൽക്കുന്നതെന്താകാം എന്ന് നമ്മൾ ചിന്തിക്കാതിരിക്കില്ല.

സ്കൂൾ, കോളേജ് പഠനകാലത്ത് പനമരത്തെ വീട്ടിൽ പശുക്കൾ ഉണ്ടായിരുന്നതായി അദ്ദേഹം പറയുന്നു. കല്യാണം കഴിഞ്ഞതിനു ശേഷം ഒരു ജീവിതോപാധി എന്ന നിലയിൽ തന്നെയാണ് മൃഗസംരക്ഷണ മേഖലയിൽ വ്യാപൃതനാകുന്നത്. ഒന്നോ രണ്ടോ പശുക്കളുമായാണ് തുടങ്ങിയതെങ്കിലും കാസർഗോഡ് കുള്ളനും, വെച്ചൂരുമടങ്ങുന്ന സവിശേഷ ജനുസ്സുകളോടൊപ്പം ഏഴോളം സങ്കരയിനം എച്ച്.എഫ് ഇനങ്ങളാണ് തൊഴുത്തിലിപ്പോൾ. പുലർച്ചെ അഞ്ചു മണിയ്ക്ക് എഴുന്നേൽക്കുകയും മിൽക്കിംഗ് മെഷീൻ ഉപയോഗിച്ച് കറക്കുകയും അല്പം ലോക്കൽ മാർക്കറ്റിംഗ് ചെയ്യുകയും ബാക്കിയുള്ളത് സൊസൈറ്റിയിൽ കൊടുക്കുകയും ചെയ്യുന്നു. പശുക്കൾക്ക് പ്രത്യേക തീറ്റക്രമമൊന്നുമില്ല. അതാണ് രീതി.

പശുക്കളെ വളർത്തുന്നതോടൊപ്പം ചെറിയ രീതിയിൽ താറാവുകളെയും കോഴികളേയും വളർത്തുന്നുണ്ട്. കാടകളെ വളർത്തുന്നത് ടെറസിനു മുകളിൽ തയ്യാറാക്കിയ കൂടുകളിലാണ്. ടർക്കിക്കോഴികളും, ഗിനിക്കോഴികളും പേരിനു മാത്രം.

സമയം നന്നേ ഇരുട്ടി തുടങ്ങിയിരിക്കുന്നു. ഇവിടെയിരുന്നാൽ ഭജനമഠത്തിലെ ചെരാതുകളിൽ ഉലഞ്ഞ് തെളിയുന്ന ദീപങ്ങൾ കാണാം. സ്വാഭാവികമായും നമ്മൾ ഭൂമിയിലേയ്ക്കും, മനുഷ്യരിലേയ്ക്കും, പ്രകൃതിയിലേയ്ക്കും ഇപ്പോൾ ചോദ്യങ്ങൾ മാറ്റിക്കൂടായ്കയില്ല.

**കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച്**

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ ഭൂമികയായിരുന്ന കാവുകളും മറ്റു പച്ചത്തുരുത്തുകളും കാണാനേ ഇല്ല. ദിവസേനയെന്നോണം കുറഞ്ഞ് വരുന്ന വനഭൂമി. ഇപ്പോൾ നോക്കൂ നിരന്തരം കേൾക്കുന്ന മാൻ - ആനിമൽ കോൺഫ്ലിക്ട്. കുരങ്ങുകളുടെ ശല്യം തന്നെ ഉദാഹരണം. നമുക്ക് എന്താണ് ചെയ്യാനാകുക? തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തിൽ നിശ്ചിത സ്ഥലങ്ങളിൽ വനവത്ക്കരണം നടത്തുകയും കുരങ്ങുകൾക്ക് ഏറെ ഇഷ്ടമുള്ള പേരക്കാപോലുള്ള ഫലവൃക്ഷതൈകൾ വച്ചു പിടിപ്പിക്കുകയും കുരങ്ങുകളെ അങ്ങോട്ടു പുനരധിവസിപ്പിക്കുകയും ചെയ്യുക. ഫലപ്രദമായ രീതിയിൽ ഫെൻസിംഗ് കൂടി നടത്തണമെന്നും നമ്മൾ മറക്കാതിരിക്കുക



**പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച്**

ഭൂമി എല്ലാവരുടേതുമാണ്. അതിൽ മനുഷ്യരും മറ്റു അനേകകോടി ജീവി വർഗ്ഗങ്ങളും വസിച്ചു പോരുന്നു. സവിശേഷ ബുദ്ധിയുള്ള, ജൈവരൂപം എന്ന നിലയിൽ മറ്റു ജീവിവർഗ്ഗങ്ങളുടെ നിലനിൽപ്പ് ഉറപ്പാക്കേണ്ടത് മനുഷ്യന്റെ കടമയാണെന്ന സമഗ്ര വീക്ഷണമാണ് ഉള്ളത്.

*കാർബൺ ന്യൂട്രൽ ജില്ല എന്ന കൺസെപ്റ്റ് പറഞ്ഞു കേൾക്കാറുണ്ട്. അത് എന്താണ് അർത്ഥമാക്കുന്നത്?*

കാർബണിക വാതകങ്ങൾ നമ്മുടെ അന്തരീക്ഷത്തെ വിഷമയമാക്കുന്നുവെന്ന് അറിയാമല്ലോ. പ്രായോഗിക കാരണങ്ങൾ നിമിത്തം അതിന്റെ ഉല്പാദനം കുറയ്ക്കുക നമുക്ക് എളുപ്പമല്ല. എന്നാൽ ജൈവക്യഷിരീതികൾ പിൻതുടരുന്നതിലൂടെയും , ശാസ്ത്രീയവനവൽക്കരണ പരിപാടികളിലൂടെയും ഈ കാർബണിക വാതകങ്ങളെ ഫലത്തിൽ നിർവ്വീര്യമീക്കുന്ന ഓക്സിജൻ നമുക്ക് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ഇതാണ് കാർബൺ ന്യൂട്രൽ ജില്ലയെന്ന ആശയത്തിന്റെ കാതൽ.

**ഇനി അല്പം വ്യക്തി ജീവിതത്തിലേയ്ക്കാവാം**

ജനിച്ചു വളർന്നതെല്ലാം വയനാട് ജില്ലയിലെ പനമരം എന്ന സ്ഥലത്ത്. സ്കൂൾ വിദ്യഭ്യാസം കണിയാമ്പറ്റ യു.പി.സ്കൂളിലും, പനമരം ഗവ. ഹൈസ്കൂളിലും. സുൽത്താൻബത്തേരി സെന്റ മേരീസ് കോളേജിൽ നിന്നും പൊളിറ്റിക്കൽ സയൻസിൽ അടിസ്ഥാന ബിരുദം. ഭാര്യ ഉഷ ജില്ലാ സഹകരണ ബാങ്കിലെ പാർട്ട് ടൈം ജീവനക്കാരി. മക്കൾ അനഘ, ഗൗതം പ്രകാശ്.

സംസാരിച്ചു തീർന്നതിന്റെ മടുപ്പൊന്നും മുഖത്തില്ല. ഇനിയും സംസാരിക്കാമല്ലോ എന്ന നൈർമല്യമാർന്ന ചിരി മാത്രം. എങ്കിലും ഏറെ ഇരുട്ടിയിരിക്കുന്നു. അകമാകെ വെളിച്ചം നിറച്ച് ഞങ്ങൾ മൂന്നു പേരും പുറത്തെ ഇരുട്ടിലേയ്ക്കിറങ്ങി.

◆



**ഡോ. സി. ബാലുസാമി**
അസോസിയേറ്റ് പ്രൊഫ.ആന്റ് ഹെഡ്.
എൽ.പി.എം. ഡിപ്പാർട്ട്മെന്റ്,
വെറ്ററിനറി കോളേജ്, വയനാട്

# ശാസ്ത്രീയമായ പന്നിവളർത്തൽ

ഭക്ഷ്യസുരക്ഷയും, പോഷകാഹാര ലഭ്യതയും ഉറപ്പ് വരുത്തുകയെന്ന ദൗത്യം നിറവേറ്റുവാൻ മൃഗ പരിപാലനത്തിൽ സംയോജിത സമീപനം ആവശ്യമാണ്. പോഷക മൂല്യമുള്ള മാംസോൽപ്പാദകർ എന്ന നിലയിൽ ബ്രോയിലർ കോഴിക്ക് തൊട്ടുപിന്നിലായാണ് തീറ്റ പരിവർത്തന ശേഷിയിൽ പന്നികളുടെ സ്ഥാനം. ഇക്കാരണത്താൽ മാംസോല്പാദനത്തിൽ പന്നി വളർത്തലിന് വലിയ സാധ്യതകളുണ്ട്. മാംസത്തിനു പുറമേ, പന്നികളുടെ രോമത്തിനും, കാഷ്ഠത്തിനും, ആവശ്യക്കാരുണ്ട്. കാർഷികവൃത്തിയുടെ ഉപതൊഴിലായി പന്നി വളർത്തൽ ഏറ്റെടുക്കുന്നതിലൂടെ അധിക വരുമാനം നേടുന്നതിനും, അതുവഴി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, ഉള്ള അവസരം കർഷകർക്ക് ലഭിക്കുന്നു.

### എന്തുകൊണ്ട് പന്നിവളർത്തൽ ?

മറ്റേതു മൃഗത്തേക്കാളും വളർച്ചാ നിരക്ക് കൂടുതലുള്ളവയാണ് പന്നികൾ. കഴിക്കുന്ന ഭക്ഷണത്തെ, മാംസമാക്കി മാറ്റുന്നതിനുള്ള കഴിവ് അതായത് കൂടിയ തീറ്റ പരിവർത്തന ശേഷി, പന്നികൾക്കുണ്ട്. എല്ലാത്തരം പച്ചിലയിനങ്ങളും, പുല്ലും പൊതുവേ മറ്റ് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമല്ലാത്ത തീറ്റയും, ധാന്യങ്ങളും അവയുടെ ഉപോല്പന്നങ്ങളും, എന്തിന് ഭക്ഷണാവശിഷ്ടങ്ങൾ വരെ രുചികരവും പോഷക സമ്പുഷ്ടവുമായ മാംസമാക്കി മാറ്റുവാൻ പന്നികൾക്ക് സാധിക്കും. എന്ത് കഴിക്കണം എന്ന കാര്യത്തിൽ വിവേചനമില്ലാത്തതിനാൽ, പന്നികളെ പോറ്റുന്നതിനുള്ള ചെലവ് തുലോം കുറവാണ്.

വളരെ പെട്ടെന്ന് പെറ്റ് പെരുകുവാൻ ഉള്ള കഴിവാണ് മറ്റൊരു അഭിലഷണീയമായ ഗുണം. 114 ദിവസമാണ് ഇവയുടെ ഗർഭകാലം. 8-9 മാസം പ്രായമാകുമ്പോൾ തന്നെ പെൺ പന്നിയെ ഇണ ചേർക്കാനാകും. വർഷത്തിൽ 2 പ്രസവം, ഓരോ പ്രസവത്തിലും 6 മുതൽ 12 വരെ കുഞ്ഞുങ്ങൾ. മറ്റ് മൃഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, ഉയർന്ന ഡ്രെസ്സിംഗ് ശതമാനം ഉണ്ട് എന്നതും (65%-80%) പന്നി വളർത്തലിന് പ്രോത്സാഹനമേകുന്ന സംഗതിയാണ്. മാംസാവശ്യത്തിനായി വളർത്തുന്ന കുഞ്ഞുങ്ങളെ 6-8 മാസത്തിൽ തന്നെ വിപണനം ചെയ്യാൻ സാധിക്കുമെന്നതിനാൽ പെട്ടെന്നു തന്നെ വരുമാനം ലഭിച്ചു തുടങ്ങുന്നു.

### ഇന്ത്യൻ സമ്പദ് ഘടനയിൽ പന്നിവളർത്തലിനുള്ള പ്രാധാന്യം

2019 ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം രാജ്യത്തെ പന്നികളുടെ എണ്ണം, 9.06 മില്യൺ ആണ്. ഇത് ലോകമാകെയുള്ള എണ്ണത്തിന്റെ 2% ആണ്. ഇന്ത്യയിൽ ആകെ മാംസോൽപാദനത്തിൽ പന്നി മാംസത്തിന്റെ സംഭാവന 6.7% ആണ്. മാംസകയറ്റുമതി മേഖലയിൽ ഈ വിഭാഗത്തിന്റെ സംഭാവന തീർത്തും കുറവാണ്. 2014-15 ലെ സർക്കാർ കണക്കുകൾ പ്രകാരം ഇന്ത്യയിൽ പന്നിമാംസ ഉൽപ്പാദനം, 4,64,000 മെട്രിക് ടൺ ആണ്.

### പന്നി വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ആധുനികവും, ശാസ്ത്രീയവുമായ അറിവുകൾ, പരിശീലന മുറകൾ, വിജയിച്ച സംരംഭങ്ങളിൽ നിന്നും ലഭിച്ച അനുഭവജ്ഞാനങ്ങൾ ഇവയെല്ലാം സമന്വയിപ്പിച്ചു കൊണ്ട് മുന്നോട്ടു പോയാൽ മാത്രമേ, പന്നിവളർത്തൽ ലാഭകരമാക്കുവാൻ സാധിക്കുകയുള്ളു. പാർപ്പിടമൊരുക്കൽ, പ്രജനനത്തിനുള്ളവയെ തിരഞ്ഞെടുക്കൽ, തീറ്റക്രമം, അസുഖങ്ങളിൽ നിന്നുള്ള പരിരക്ഷ ഈ മേഖലകളിലൊക്കെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.

### പന്നികൾക്കായി കൂടൊരുക്കുമ്പോൾ

- ദൃഢമായതും ആവശ്യത്തിന് ഉയർച്ചയുള്ള പ്രതലത്തിലുമാകണം ഷെഡുകൾ പണിയേണ്ടത്. വെള്ളക്കെട്ടുള്ളതും, ചതുപ്പു നിലങ്ങളും നീർവാർച്ച കുറവുള്ളതുമായ സ്ഥലങ്ങൾ ഷെഡ് പണിയുന്നതിനായി ഉപയോഗിക്കരുത്.ഷെഡിന്റെ അരികു ഭിത്തികൾ (side walls) 4-5 അടി വരെ ഉയരത്തിൽ നിർമ്മിക്കാം. ബാക്കിയുള്ള ഭാഗത്ത് തടിയോ, ഇരുമ്പ് പൈപ്പുകളോ സ്ഥാപിക്കാം.
- ഭിത്തികൾ നനവ് തട്ടാതിരിക്കാൻ പ്ലാസ്റ്റർ ചെയ്യണം. മേൽക്കൂര കുറഞ്ഞത് 8-10 അടി വരെ പൊക്കമുള്ളതായിരിക്കണം.
- കൂട്ടിൽ നല്ല വായു സഞ്ചാരം ഉണ്ടായിരിക്കണം. തറ കട്ടിയുള്ളതും നിരപ്പായതും, വഴുക്കലില്ലാത്തതും, ഈർപ്പം വലിച്ചെടുക്കാത്തതുമായ പ്രതലമായിരിക്കണം. എപ്പോഴും വൃത്തിയായും, ഈർപ്പമില്ലാതെയും സൂക്ഷിക്കുന്നതിനായി 1 മീറ്ററിന് 3 സെ.മീ എന്ന കണക്കിൽ ചെരിവ് (slope) നൽകേണ്ടതാണ്.
- തീറ്റ തൊട്ടിയിൽ ഒരു പന്നിയ്ക്ക് 6-12 ഇഞ്ച് എന്ന കണക്കിൽ സ്ഥലം നൽകേണ്ടതാണ്.
- പന്നികൾക്ക് ഇറങ്ങി നടക്കാനായി പുറത്ത് തുറന്ന അങ്കണം നൽകേണ്ടതാണ്. (Open area) ഇവിടെ ഉൾഭാഗത്തിന്റെ (covered area) സ്ഥലമെങ്കിലുമുണ്ടായിരിക്കണം.
- തണലും, കുടിക്കുവാൻ ശുദ്ധജലവും ലഭ്യമാക്കണം.
- മൂത്രവും കാഷ്ഠവും, ഉചിതമായ രീതിയിൽ നീക്കം ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- ബ്രീഡിംഗിനായുള്ള ആൺ പന്നികൾക്കും പ്രസവിച്ച/പ്രസവം അടുക്കാറായ പെൺപന്നികൾക്കും ഒറ്റയ്ക്കുള്ള കൂടുകൾ നൽകേണ്ടതാണ്. മറ്റുള്ളവയെ ഒരുമിച്ച് പാർപ്പിക്കാവുന്നതാണ്. ആവശ്യത്തിനു സ്ഥലം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.



### പ്രജനനത്തിനായുള്ളവയെ തിരഞ്ഞെടുക്കുമ്പോൾ

- വ്യാവസായികാടിസ്ഥാനത്തിലുള്ള പന്നിവളർത്തലിന് മുന്തിയതും, സങ്കരയിനത്തിൽ പെട്ടതുമായ നല്ല ആരോഗ്യമുള്ള പന്നികളെ വേണം തിരഞ്ഞെടുക്കാൻ
- പെൺ പന്നിയെ തിരഞ്ഞെടുക്കുമ്പോൾ അതിജീവന സാധ്യതയുള്ള, കൂടുതൽ കുഞ്ഞുങ്ങളെ ഒരു പ്രസവത്തിൽ നൽകുന്നവയെ തിരഞ്ഞെടുക്കുക. ഇവയുടെ കുഞ്ഞുങ്ങൾ 6 മാസം പ്രായമാകുമ്പോൾ മാംസത്തിനായി വിപണനം ചെയ്യാൻ സാധിക്കുന്ന തരത്തി

ലുള്ളവയായിരിക്കണം. ഇതിനായി രേഖകൾ പരിശോധിക്കുകയും, വെറ്ററിനറി ഡോക്ടറുടെ സഹായം തേടുകയും ആവാം. പുതുതായി വാങ്ങുന്ന പന്നിയെ വേർതിരിച്ചറിയുന്നതിന് ഉചിതമായ അടയാളങ്ങൾ നൽകുക.

- ആവശ്യമായ വാക്സിനുകൾ നൽകുക
- പുതിയതായി കൊണ്ടുവന്നവയെ 2 ആഴ്ച നിരീക്ഷണത്തിൽ സൂക്ഷിച്ച് പ്രത്യേകം പാർപ്പിക്കുക. പ്രശ്നങ്ങൾ ഒന്നും ഇല്ല എന്നു റപ്പായ ശേഷം മാത്രമേ മറ്റുള്ളവയുമായി സമ്പർക്കം അനുവദിക്കാവൂ.
- പന്നികളെ രണ്ടു ബാച്ചുകളായി മൂന്ന് മാസത്തെ ഇടവേള നൽകി വേണം വാങ്ങുവാൻ
- ഉൽപ്പാദനം കുറവുള്ളതിനേയും അസുഖം/ അവശത ഉള്ളതിനേയും ഒക്കെ വിവേക പൂർണ്ണമായി ഒഴിവാക്കുകയും (culling) ആരോഗ്യമുള്ളവയെ പകരം വയ്ക്കുകയും ചെയ്യുക. 10-12 പ്രസവം കഴിഞ്ഞ, പ്രായമായവയെ ഒഴിവാക്കുക.
- പന്നികൾക്ക് ആവശ്യത്തിന് വ്യായാമം നൽകുക

### തീറ്റക്രമം

- ഗുണമേന്മയുള്ള തീറ്റ നൽകുക. ആവശ്യത്തിന് ധരാഹാരവും, വിറ്റാമിനുകളും, മിനറലുകളും തീറ്റയിൽ ഉൾപ്പെടുത്തുക. എല്ലാ സമയവും ശുദ്ധമായ വെള്ളം കുടിക്കാൻ നൽകുക
- പന്നിക്കുഞ്ഞുങ്ങൾക്ക് ഗുണമേന്മയുള്ളതും പോഷക സമ്പുഷ്ടവുമായ തീറ്റ നൽകേണ്ടത് വേണ്ടത്ര വളർച്ച ലഭിക്കുവാൻ അത്യന്താപേക്ഷിതമാണ്.
- ഗർഭകാല തീറ്റ പോഷക മൂല്യമുള്ളതായിരിക്കണം. തീറ്റ വേണ്ടത്ര അളവിൽ നൽകുന്നത് ആരോഗ്യമുള്ള, അതിജീവിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണം കൂടുന്നതിന് സഹായകമാണ്.
- തീറ്റച്ചെലവു കുറയ്ക്കാനായി അടുക്കള/ഹോട്ടൽ/കോൾഡ് സ്റ്റോറേജ് എന്നിവിടങ്ങളിൽ നിന്നുള്ള ഭക്ഷണാവശിഷ്ടങ്ങൾ നൽകാവുന്നതാണ്. ഇങ്ങനെ നൽകുമ്പോൾ വേവിച്ചതോ, പാകം ചെയ്തതോ ആയ ഭക്ഷണം മാത്രം കൊടുക്കുവാൻ ശ്രദ്ധിക്കുക.
- എല്ലാ പ്രായത്തിലുള്ള പന്നികളുടെയും പോഷകാവശ്യകത കണക്കിലെടുത്ത് വേണം തീറ്റക്രമം തയ്യാറാക്കാൻ



### രോഗങ്ങളിൽ നിന്നും പരിരക്ഷ

- അടുത്തുള്ള മൃഗചികിത്സാ കേന്ദ്രവുമായി ബന്ധം സൂക്ഷിക്കുകയും, ആവശ്യമുള്ളപ്പോൾ വെറ്ററിനറി ചികിത്സാ സഹായം തേടുകയും ചെയ്യുക.
- പകർച്ച വ്യാധികൾ ഉണ്ടാകുന്ന അവസരത്തിൽ അസുഖം ബാധിച്ചവയെയും, ആരോഗ്യമുള്ളവയെയും പ്രത്യേകമായി മാറ്റി പാർപ്പിക്കുക. അസുഖം പടരാതിരിക്കാൻ അവശ്യം അനുവർത്തിക്കേണ്ട നടപടികൾ സ്വീകരിക്കുക. ഇത് വെറ്ററിനറി ഡോക്ടറുടെ ഉപദേശ പ്രകാരം ചികിത്സ, പ്രതിരോധ കുത്തിവയ്പ്, ഒഴിവാക്കൽ എന്നിവയിലേതുമാകാം.
- വിരമരുന്ന് കൃത്യമായ ഇടവേളകളിൽ നൽകുക. പ്രായപൂർത്തിയായ പന്നികളുടെ കാഷ്ഠം, ആന്തരിക പരാദങ്ങൾ ഉണ്ടോയെന്നറിയാൻ ഇടയ്ക്കൊക്കെ പരിശോധിക്കുകയും, ആവശ്യമെങ്കിൽ മരുന്നുകൾ നൽകുകയും ചെയ്യുക
- പന്നികളെ കുളിപ്പിക്കുകയും, വൃത്തിയായി പരിപാലിക്കുകയും ചെയ്യുക.
- കൃത്യമായി വാക്സിനുകൾ നൽകുക

### പ്രജനനത്തിനായുള്ള പരിപാലനം

വർഷത്തിൽ രണ്ടു പ്രാവശ്യം പ്രസവിക്കണം എന്ന കണക്കിലാകണം. പ്രജനനത്തിനായി വളർത്തുന്നവയുടെ പരിപാലന രീതികൾ അവലംബിക്കേണ്ടത്. പത്ത് പെൺപന്നികൾക്ക് ഒരു ആൺപന്നി എന്നതാണ് കണക്ക്.

### പ്രജനന പട്ടിക

| | ആൺ | പെണ്ണ് |
|---|---|---|
| പ്രായ പൂർത്തിയാകുന്ന സമയം | 5-7 മാസം | 6-8 മാസം |
| ഇണ ചേർക്കാവുന്ന പ്രായം | 10-12 മാസം | 8-10 മാസം |
| ശരീര ഭാരം | 80-110 കിലോ (100) | 80-100 കിലോ (90) |
| മദിചക്രം | | 21 ദിവസം (18-24 ദിവസം) |
| മദിസമയം | | 2 ദിവസം (2-3) |
| ഗർഭകാലം | | 114 ദിവസം(111-117 ദിവസം) |
| പ്രസവ സമയം | | 3 മണിക്കൂർ (2-12 മണിക്കൂർ വരെ) |
| ഒരു പ്രസവത്തിലെ കുഞ്ഞുങ്ങളുടെ എണ്ണം | | 8 (6-18 വരെ) |
| കുഞ്ഞുങ്ങളുടെ ജനനഭാരം | 1.1 കി.ഗ്രാം | 0.92 കി.ഗ്രാം |
| മുലകുടി മാറ്റിയ ശേഷം മദി ലക്ഷണം പ്രകടിപ്പിക്കുന്നത് | | 3-8 ദിവസം (5 ദിവസം) |

ആൺ പെൺ അനുപാതം 1:10 / 1:12

പാലൂട്ടുന്ന കാലം 40-45 ദിവസം (42)

### പ്രസവകാല പരിരക്ഷ

പ്രസവ തീയതിയ്ക്ക് ഒരാഴ്ച മുൻപ് തന്നെ പെൺ പന്നിയെ പ്രസവ മുറിയിലേയ്ക്ക് മാറ്റേണ്ടതും, അവിടെ ആവശ്യത്തിന് സ്ഥല ലഭ്യത, തീറ്റ, വെള്ളം ഇവയൊക്കെ ഉറപ്പാക്കേണ്ടതുമാണ്. പ്രസവത്തിനു 3-4 ദിവസം മുൻപ് തന്നെ മുറി അണു നശീകരണം ചെയ്യേണ്ടതും, സൗകര്യപ്രദമായ ബെഡ്ഡിംഗ് നൽകേണ്ടതുമാണ്.

### കുഞ്ഞുങ്ങളുടെ പരിപാലനം

- കൂട്ടിൽ ഗാർഡ് റെയിലുകൾ ( guard rail) സ്ഥാപിക്കേണ്ടതാണ്. തള്ള പന്നി അബദ്ധത്തിൽ കുഞ്ഞുങ്ങളുടെ മേൽ കിടന്ന് മരണപ്പെടുന്നത് ഒഴിവാക്കുന്നതിന് ഇത് ആവശ്യമാണ്.
- പുക്കിൾക്കൊടി വേർപെട്ടാലുടൻ തന്നെ ടിഞ്ചർ അയഡിൻ പുരട്ടി അണു വിമുക്തമാക്കുക. അധിക സമയം ആകുന്നതിനു മുമ്പുതന്നെ സൂചിപ്പല്ലുകൾ (needle teeth) മുറിച്ചു മാറ്റുക.
- അമ്മയുടെ പാലിനൊപ്പം തന്നെ ക്രീപ്പ് തീറ്റ കൂടി നൽകുക. വിളർച്ച (piglet anaemia) ഒഴിവാക്കുന്നതിനായി അയൺ (ഇരുമ്പ്) അടങ്ങിയ മരുന്നുകൾ ക്രമമായി നൽകേണ്ടതാണ്.
- കഠിനമായ ചൂടിൽ നിന്നും കുഞ്ഞുങ്ങളെ സംരക്ഷിക്കുക. പ്രത്യേകിച്ച് ആദ്യത്തെ രണ്ടു മാസങ്ങളിൽ. തണുപ്പുള്ള സ്ഥലങ്ങളിൽ , ചൂട് ലഭിക്കാനായി മുറിയുടെ ഒരു ഭാഗത്ത് ഇൻഫ്രാറെഡ് വിളക്കുകളോ (Infrared lamp), ചൂട് നൽകുന്ന ബൾബുകളോ, കനലുകളോ ഉപയോഗിക്കാവുന്നതാണ്. ഇത് വഴി ന്യൂമോണിയയും മരണവും ഒഴിവാക്കാൻ സാധിക്കും.
- പ്രജനനാവശ്യത്തിനായി വിൽക്കുന്ന പന്നികളെ (breeder stock) പ്രത്യേകം പാർപ്പിച്ച് പരിപാലിക്കേണ്ടതാണ്.
- പ്രജനനത്തിനല്ലാത്ത ആൺ പന്നി ക്കുഞ്ഞുങ്ങളെ 3-4 ആഴ്ച പ്രായത്തിൽ വരിയുടയ്ക്കേണ്ടതാണ്.

### വിരമരുന്ന് നൽകേണ്ട സമയം

പന്നികളിൽ കാണപ്പെടുന്ന വിരകൾ മനുഷ്യർക്ക് രോഗബാധയുണ്ടാക്കാം. കൃത്യമായി വിരമരുന്ന് പന്നിക്കുട്ടികൾക്ക് നൽകേണ്ടതാണ്. പന്നികളിൽ സാധാരണയായി കണ്ടു വരുന്ന പരാദരോഗങ്ങളാണ് അസ്കാരിയാസിസ്, സ്ട്രോംഗലോസിസ്, കോക്സീഡിയോസിസ്, മെയ്ഞ്ച് എന്നിവ.

താഴെ പറയുന്ന രീതിയിൽ വിരമരുന്ന് നൽകേണ്ടതാണ്:

| | |
|---|---|
| പ്രജനനത്തിനായുള്ള ആൺപന്നിയ്ക്ക് | 6 മാസത്തിലൊരിക്കൽ |
| പ്രജനനത്തിനായി വളർത്തുന്ന പെൺ പന്നികൾക്ക് | അമ്മയിൽ നിന്നും മാറ്റി ഒരാഴ്ച കഴിഞ്ഞ്, പിന്നീട് 3 മാസം പ്രായമാകുമ്പോഴും, 7 മാസം പ്രായമാകുമ്പോഴും. വീണ്ടും ഇണ ചേർക്കുന്നതിന് രണ്ടാഴ്ച മുൻപും<br>പ്രസവത്തിന് 2 ആഴ്ച മുമ്പും പ്രസവ ശേഷം, കുഞ്ഞുങ്ങളെ മാറ്റിക്കഴിഞ്ഞാലുടനും. |
| കുഞ്ഞുങ്ങൾക്ക് | മുലകുടി മാറ്റി ഒരാഴ്ച കഴിഞ്ഞ് |
| മാംസാവശ്യത്തിനായി വളർത്തുന്നവയ്ക്ക് | അമ്മയിൽ നിന്നും മാറ്റി ഒരാഴ്ച കഴിഞ്ഞും പിന്നീട് 3 മാസത്തിനു ശേഷവും |

## അസുഖങ്ങളും ആരോഗ്യ പരിപാലനവും

ഫാമിൽ ഭീമമായ നഷ്ടം ഒഴിവാക്കുന്നതിന് ഉചിതമായ ആരോഗ്യ പരിരക്ഷാ മുറകൾ അനുവർത്തിക്കേണ്ടത് ആവശ്യമാണ്. ആന്തരിക പരാദങ്ങൾ ബാക്ടീരിയ, വൈറസ് രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയൊക്കെ കാരണം വളർച്ചക്കുറവും, മരണവും പന്നികളിൽ സംഭവിക്കാം. ഉത്സാഹക്കുറവ്, തീറ്റയെടുക്കാനുള്ള മടി, എഴുന്നേൽക്കാനും നടക്കാനും ബുദ്ധിമുട്ട്, വൃത്തിയില്ലാത്ത ത്വക്ക്, പനി എന്നിവയാണ് പൊതുവെയുള്ള അസുഖ ലക്ഷണങ്ങൾ

## പകർച്ച വ്യാധികൾ

നമ്മുടെ നാട്ടിൽ പന്നികളിൽ സാധാരണയായി കണ്ടു വരുന്ന പകർച്ച വ്യാധികൾ താഴെപ്പറയുന്നവയാണ്

**1. ക്ലാസിക്കൽ സൈ്വൻ ഫീവർ (ഹോഗ് കോളറ)**

പന്നിപ്പനി എന്ന് പരക്കെ അറിയപ്പെടുന്ന ഈ അസുഖം വളർത്തു പന്നികളിലും, കാട്ടുപന്നികളിലും കാണപ്പെടുന്നു. പനി, തൊലിപ്പുറത്തും ആന്തരികാവയവങ്ങളിലും രക്തസ്രാവം കാരണം ഉണ്ടാകുന്ന പാടുകൾ, വിറയൽ, വേച്ചു പോകുക, തളർവാതം എന്നിവയാണ് ലക്ഷണങ്ങൾ. ചിലപ്പോൾ ലക്ഷണങ്ങൾ ഒന്നും പ്രകടിപ്പിക്കാതെ പെട്ടെന്ന് മരണപ്പെട്ടു പോകാനും സാധ്യതയുണ്ട്. അസുഖം വരാതിരിക്കാൻ യഥാ സമയം കുത്തിവെയ്പ് എടുക്കുക എന്നതാണ് പ്രതിരോധ മാർഗ്ഗം.

**2. ന്യൂമോണിയ**

പാസ്ച്ചെറല്ല എന്ന ബാക്ടീരിയ ഉണ്ടാക്കുന്ന ഈ രോഗം, ഉദാസീനത , വിശപ്പില്ലായ്മ, പനി, ചുമ, തുമ്മൽ, ശ്വാസം എടുക്കുന്നതിന് ബുദ്ധിമുട്ട്, കണ്ണുകളിൽ പീള കെട്ടുക എന്നീ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നു. ലാബ് ടെസ്റ്റുകൾ ചെയ്ത ശേഷം ഉചിതമായ ആന്റിബയോട്ടിക് ചികിത്സ നൽകുകയാണെങ്കിൽ നല്ല ഫലം ലഭിക്കുന്നു.

**3. കോളിബാസില്ലോസിസ് (പന്നികളിലുണ്ടാകുന്ന വയറിളക്കം)**

ഇ കോളൈ എന്ന ബാക്ടീരിയ ഉണ്ടാക്കുന്ന ഈ അസുഖം പ്രധാനമായും പ്രസവിച്ച് അധിക നാൾ ആകാത്ത പന്നിക്കുഞ്ഞുങ്ങളിലും ചെറിയ പ്രായത്തിലുള്ള പന്നിക്കുട്ടികളെയും ബാധിക്കുന്നു. വയറിളക്കമോ, മലബന്ധമോ, ചൈതന്യമില്ലാത്ത കണ്ണുകൾ, കൂട്ടത്തിൽ നിന്നും മാറി നിൽക്കാനുള്ള പ്രവണത തീറ്റമടുപ്പ് ഇതൊക്കെയാണ് അസുഖങ്ങളുള്ളവയെ തിരിച്ചറിയാൻ സഹായിക്കുന്ന ലക്ഷണങ്ങൾ. പ്രസവത്തിനു ശേഷം ആദ്യ മണിക്കൂറുകളിൽ തന്നെ ആവശ്യത്തിനു കന്നിപ്പാൽ നൽകുന്നതും, കൂട്ടിൽ അണു നശീകരണം നടത്തുന്നതും ഈ അസുഖം പ്രതിരോധിക്കുന്നതിൽ സഹായിക്കും.

ത്വക്ക് രോഗങ്ങളാണ് പന്നികളെ അലട്ടുന്ന മറ്റൊരു പ്രശ്നം. പേൻ, പട്ടുണ്ണി,മൈറ്റ് എന്നിങ്ങനെയുള്ള ബാഹ്യ പരാദങ്ങൾ ത്വക്ക് രോഗങ്ങൾക്ക് കാരണമാകുന്നു. മൈറ്റ് എന്ന സൂക്ഷ്മ പരാദം ഉണ്ടാക്കുന്ന രോഗമാണ് മെയിഞ്ച്. മുഖം, ചെവി, കൈകാലുകൾ, വാൽ എന്നീ ഭാഗങ്ങളിൽ തുടങ്ങുന്ന രോഗം യഥാസമയം ചികിത്സിച്ചില്ലെങ്കിൽ ദേഹമാസകലം പടരുന്നു. ബാഹ്യ പരാദങ്ങളുടെ ചികിത്സ മരുന്നു ലായനിയിൽ പന്നിയെ മുക്കിയോ സ്പ്രേ ചെയ്തോ മരുന്ന് പന്നിയുടെ ദേഹത്ത് തേച്ച് പിടിപ്പിക്കുന്ന രീതിയിലോ ചെയ്യാവുന്നതാണ്. അകിട് വീക്കം, വയറിളക്കം, സാൽമൊണെല്ലോസിസ് എന്നിവയാണ് സാധാരണയായി കണ്ടു വരുന്ന മറ്റ് അസുഖങ്ങൾ. യഥാസമയം വെറ്ററിനറി ഡോക്ടറുടെ ചികിത്സ ഇവ ഉണ്ടാകുകയാണെങ്കിൽ തേടേണ്ടതാണ്.

പന്നികളിൽ ഉണ്ടാകുന്ന പല രോഗങ്ങളും പ്രതിരോധിക്കുവാൻ ശുചിയായ പരിപാലന മുറകൾ അനുവർത്തിക്കുന്നത് വഴിയും, ക്രമമായ പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതു വഴിയും സാധിക്കും. അസുഖമുള്ളവയെ പാർപ്പിക്കാൻ ഒരു പ്രത്യേക കൂട് ഉണ്ടായിരുക്കണം.

## മറ്റ് പരിപാലന മുറകൾ

**ഉൽപ്പാദനക്ഷമതയില്ലാത്തവയെ ഒഴിവാക്കൽ (culling)**

ഉൽപ്പാദനക്ഷമതയില്ലാത്തവയെ പെട്ടെന്ന് തന്നെ ഫാമിൽ നിന്നും ഒഴിവാക്കേണ്ടതാണ്. അവയെ വീണ്ടും ഫാമിൽ നിർത്തുന്നത് തീറ്റച്ചെലവും മറ്റ് പരിപാലന ചെലവുകളും വർദ്ധിപ്പിക്കുന്നു. പ്രസവശേഷം, ഒഴിവാക്കേണ്ടവയെ കുട്ടികളുടെ പാൽകുടി മാറ്റിയ ശേഷം അകിട് പൂർവ്വസ്ഥിതിയിലാകുന്ന അവസ്ഥയിൽ അറവുശാലയിലേയ്ക്ക് മാറ്റുന്നതാണ് ഉചിതം. . ഇതുവരെ പ്രസവിച്ചിട്ടില്ലാത്ത പന്നികളെ ഇവയ്ക്ക് പകരം വയ്ക്കാം.

**താഴെപ്പറയുന്ന അവസ്ഥകളിൽ ഒഴിവാക്കൽ (Culling) അവംലബിക്കാം**

- മദി ലക്ഷണം കാണിക്കാത്തപ്പോൾ
- ഗർഭമലസൽ
- മുടന്ത്
- ഉൽപ്പാദനക്കുറവ് ( കുഞ്ഞുങ്ങളുടെ എണ്ണം കുറയുക, തൂക്കം വയ്ക്കാതിരിക്കുക)
- പ്രായാധിക്യം
- അസുഖം
- പാലുൽപ്പാദനം ഇല്ലാതിരിക്കുക

**അസുഖമുള്ളവയെ മാറ്റി പാർപ്പിക്കുക**

അസുഖമുള്ളവയെ മാറ്റി പാർപ്പിക്കാൻ ഒരു പ്രത്യേക ഷെഡ് ഉണ്ടായിരിക്കണം

**രേഖകൾ സൂക്ഷിക്കൽ**

ഫാമിൽ ഉള്ള എല്ലാ വിഭാഗം പന്നികളുടെയും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കണം. ഇതിനായി ഓരോന്നിനേയും തിരിച്ചറിയാൻ ചെവിയിൽ അടയാളങ്ങൾ ഉണ്ടാക്കുകയോ, കമ്മൽ ഇടുകയോ, റ്റാറ്റൂ ചെയ്യുകയോ, മൈക്രോചിപ്പ് ഘടിപ്പിക്കുകയോ ആകാം.

ജനന രജിസ്റ്റർ, ലൈവ്സ്റ്റോക്ക് രജിസ്റ്റർ, ചികിത്സാ രജിസ്റ്റർ, സെയിൽസ് രജിസ്റ്റർ എന്നീ രേഖകൾ അവശ്യം ഉണ്ടായിരിക്കണം.



**വിപണനം**

പ്രജനനത്തിനുള്ള പന്നിക്കുട്ടികൾ, മാംസാവശ്യത്തിനുള്ള പന്നിക്കുട്ടികൾ, മാംസത്തിനായി വിൽക്കുന്നവ, കള്ളിംഗ് വഴി ഒഴിവാക്കിയവ ഈ നാല് വിഭാഗത്തിലാണ് ഒരു പന്നി ഫാമിലെ ഉൽപ്പന്നങ്ങൾ. മാംസമായി വിപണനം ചെയ്യുമ്പോൾ ശാസ്ത്രീയമായ അറവു രീതികൾ അവലംബിക്കുന്ന അറവുശാലകളും, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങളും ഉണ്ടായിരിക്കണം.

2–3 മാസം പ്രായമായ പന്നിക്കുട്ടികളെ വിൽക്കുന്നത് ഫാമിലേയ്ക്ക് പെട്ടെന്ന് വരുമാനം എത്തിക്കുന്നു. പ്രജനനത്തിനായുള്ള പന്നികളുടെ ശാസ്ത്രീയമായ പരിപാലനം വഴി കുട്ടികളുടെ എണ്ണം കൂടുകയും അതുവഴി സംരംഭം ലാഭകരമാകുകയും ചെയ്യുന്നു.

**ലൈസൻസ്**

5 പന്നികളെ കൂടുതൽ വളർത്തുന്നതിന് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത് അധികൃതരുടെ പക്കൽ നിന്നും ഉള്ള ലൈസൻസ് ഉണ്ടാവേണ്ടതാണ്. മൃഗങ്ങൾക്കായുള്ള ഫാമുകൾ തുടങ്ങുന്നതും, നടത്തുന്നതും കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ അടിസ്ഥാനത്തിലാണ്.

### പ്രതിരോധ കുത്തിവയ്പുകൾ ചാർട്ട്

| അസുഖം | പ്രായം | വാക്സിൻ | നൽകേണ്ട രീതി | റിമാർക്ക്സ് |
|---|---|---|---|---|
| Swine fever | 6-8 ആഴ്ചയ്ക്ക് മേൽ ആദ്യ ഡോസ് പിന്നീട് വർഷം തോറും ആവർത്തിക്കുക | IAH & VB, Palode Lapinized freezed vaccine | 1 ml 1/m | ഗർഭാവസ്ഥയിൽ ഉള്ളവയ്ക്ക് വാക്സിനേഷൻ ഒഴിവാക്കുക |
| Foot and Mouth Disease | 3-4 മാസം ആദ്യഡോസ് പിന്നീട് എല്ലാ 6-9 മാസ ഇടവേളയിൽ ആവർത്തിക്കുക | Oil adjant vaccine (IIL, Hyderabad) | 2 ml 1/m | പ്രതിരോധ ശേഷി നിലനിൽക്കുന്നത് 6 മാസം മാത്രം |
| Haemorehagic septicemia | 6 മാസത്തിൽ ആദ്യഡോസ് പിന്നീട് വർഷം തോറും ആവർത്തിച്ച് നൽകുക | IAH & VB | 2-3 ml 1/ m | മഴക്കാലമെത്തും മുമ്പ് ഏപ്രിൽ മേയ് മാസങ്ങളിൽ നൽകുക |
| Swine erysipelas | 3-4 ആഴ്ചയിൽ ആദ്യഡോസ് പിന്നീട്<br>3-6 ആഴ്ചയ്ക്ക് ശേഷം ആവർത്തിക്കുക പിന്നീട് 6-9 മാസങ്ങളുടെ ഇടവേളകളിൽ നൽകുക | | | രോഗബാധ റിപ്പോർട്ട് ചെയ്താൽ മാത്രമാണ് വാക്സിനേഷൻ ചെയ്യാറുള്ളത് |

കേരള വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ RKVY (രാഷ്ട്രീയ കൃഷി വികാസ് യോജന) പ്രകാരം "Improvement in Rural Livelihood Securtiy by Establishment of Satellite Piggery Unit" എന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം ഷെഡ് പണിയുന്നതിന് 110 ലക്ഷം രൂപ, തീറ്റ വാങ്ങുന്നതിന് 52.92 ലക്ഷം രൂപ, പെൺ പന്നികളെ വാങ്ങുന്നതിനായി 6.3 ലക്ഷം രൂപ, ഫാം ഉപകരണങ്ങൾ വാങ്ങുന്നതിന് 0.78 ലക്ഷം രൂപയും അനുവദിച്ചിട്ടുള്ളത് നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് വിനിയോഗിച്ചു. (ആകെ 170 ലക്ഷം രൂപ) ഒരു മെയിൻ മോഡൽ ഫാം ആയി പൂക്കോട് യൂണിവേഴ്സിറ്റിയിൽ തുടങ്ങുകയും, വയനാട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽസാറ്റലൈറ്റ് യൂണിറ്റുകൾ തുടങ്ങുകയും ചെയ്ത്, ഗ്രാമീണ കർഷകരുടെ വരുമാനം ഉയർത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

ന്യൂക്ലിയസ് ഫാം വിപുലമായ അടിസ്ഥാന സൗകര്യങ്ങളോടു കൂടി ആരംഭിക്കുകയും, ലാർജ്ജ് വൈറ്റ് യോക്ക്ഷെയർ, ലാൻഡ്റേസ് എന്നിവയുടെ പെൺപന്നികളെ വാങ്ങുകയും അവയ്ക്ക് കൃത്രിമ ബീജാധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

പൂക്കോട് വെറ്ററിനറി കോളേജിലെ എൽ.പി.എം. ഡിപ്പാർട്ട്മെന്റ്, അസോസിയേറ്റ് പ്രൊഫ.ആന്റ് ഹെഡ്. ഡോ. സി. ബാലുസാമിയാണ് ഈ പദ്ധതി നടത്തിപ്പിന്റെ മുഖ്യ ഗവേഷകൻ.ഡോ. സെന്തിൽ മുരുകൻ, ഡോ.ജോൺ എബ്രഹാം, ഡോ.ദിനേശ് സി.എൻ എന്നിവർ സഹ. ഗവേഷകരാണ്.

പരിഭാഷ - ഡോ. മീര അൺവിൻ

*കടപ്പാട്*

***ഡോ അലക്സ് എബ്രഹാം***
*വെറ്ററിനറി സർജൻ, വലവൂർ, കോട്ടയം*

***ഡോ കിരൺ എസ് എസ്***
*വെറ്ററിനറി സർജൻ, ജേഴ്സി ഫാം, വിതുര*

***ഡോ സൗമ്യ വിജയകുമാർ***
*വെറ്ററിനറി സർജൻ*
*മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്*

***ശ്രീമതി ഷമീന എൻ ഐ***
*മൃഗസംരക്ഷണ പരിശീലനകേന്ദ്രം, കുടപ്പനക്കുന്ന്*

***ശ്രീമതി സുനില എസ്***
*മൃഗസംരക്ഷണ പരിശീലനകേന്ദ്രം, കുടപ്പനക്കുന്ന്*

***ശ്രീ വിനോദ്കുമാർ സി യു***
*മൃഗസംരക്ഷണ പരിശീലനകേന്ദ്രം, കുടപ്പനക്കുന്ന്*

***ഡോ ജി മധുസൂദനൻ***
*ഡെപ്യൂട്ടി ഡയറക്ടർ (റിട്ട), മൃഗസംരക്ഷണ വകുപ്പ്*





# കുരിശുമലയിലെ വിജയഗാഥ

**ഡോ. എസ്. ജയചന്ദ്രൻ**
ഡെപ്യൂട്ടി ഡയറക്ടർ,
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ്
സെന്റർ കുടപ്പനക്കുന്ന്

മലങ്കര സിറിയൻ കത്തോലിക്കാ സഭയിലെ തിരുവല്ല അതിരൂപതയുടെ ഭാഗമാണ് കുരിശുമല ആശ്രമം. സീറോ മലങ്കര കാത്തലിക് ചർച്ചിന്റെ ആഭിമുഖ്യത്തിൽ 1958 ൽ ഇവർ ഇടുക്കി ജില്ലയിലെ വാഗമണ്ണിൽ കുരിശുമലയിൽ 88 ഏക്കർ സ്ഥലം ഏറ്റെടുത്തു. ഇംഗ്ലണ്ടിലെ ജഴ്സിയിൽ നിന്നും കൊണ്ടുവന്ന പശുക്കളുമായി അവർ ഒരു ഫാം തുടങ്ങിയതാണ് കുരിശുമല ഫാം. വാഗമൺ ഈരാറ്റുപേട്ട റോഡിൽ കുരിശുമലയ്ക്ക് അടുത്താണ് ഈ ഫാം..

ഇന്ന് ഫാമിന്റെ മുഴുവൻ ചുമതലയും നിർവഹിക്കുന്നത് ഫാദർ ക്രിസ്തുദാസാണ്. നിലവിൽ ഹോൾസ്റ്റെയിൻ ഫ്രീഷ്യൻ ഇനത്തിലുള്ള ഇരുന്നൂറോളം പശുക്കളും, സഹിവാൾ, ഗീർ തുടങ്ങിയ ഇനങ്ങളും ഫാമിൽ ഉണ്ട്. ഇവയിൽ അറുപത് എണ്ണത്തോളം കറവയിലുണ്ട്. ഒരു ദിവസം ആയിരം ലിറ്ററോളം പാലും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഫാമിലെ ശരാശരി പാലുല്പ്പാദനം 16 ലിറ്റർ ആണ്. ഉൽപ്പാദിപ്പിക്കുന്ന പാൽ 'കുരിശുമല പാൽ' എന്ന ലേബലിൽ പാക്കറ്റുകളിലാക്കി പാല, ഈരാറ്റുപേട്ട തുടങ്ങിയ സ്ഥലങ്ങളിൽ വിൽക്കുന്നു.



പശുക്കൾക്ക് സാന്ദ്രീകൃത തീറ്റയാണ് നൽകി വരുന്നത്. ഇതിനോടൊപ്പം ബിയർ വേസ്റ്റു കൂടി ഉൾപ്പെടുത്തുന്നു. കോംഗോ സിഗനൽ, നേപ്പിയർ, CO3 തുടങ്ങിയ പുല്ലിനങ്ങളും നൽകി വരുന്നു. രാവിലെ 7 മണി മുതൽ വെയിൽ പരക്കുന്നത് വരെ തുറന്ന സ്ഥലത്ത് പശുക്കളെ വിടുന്നു.

ഫാമിൽ ഉണ്ടാകുന്ന കന്നുകുട്ടികളെ തന്നെ നല്ല പരിചരണം നൽകി നല്ല പശുക്കളായി വളർത്തിയെടുക്കുന്നു. കുളമ്പുരോഗത്തിനും മറ്റസുഖങ്ങൾക്കുമെതിരെ പ്രതിരോധ കുത്തിവയ്പുകൾ മുടങ്ങാതെ നൽകുന്നു.

ഫാദർ ക്രിസ്തുദാസിന്റെ അഭിപ്രായത്തിൽ നല്ല ഉല്പാദനശേഷിയുള്ള കന്നുകുട്ടികളെ ഫാമിൽ തന്നെ വളർത്തിയെടുക്കുന്നതാണ് പാൽ ഉൽപാദനം വർദ്ധിപ്പിക്കവാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം



കേരളാ സർക്കാർ

മൃഗസംരക്ഷണ വകുപ്പ്

## മൃഗസംരക്ഷണ പരിശീലന കേന്ദ്രങ്ങൾ

| സ്ഥലം | ഫോൺ |
|---|---|
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം<br>കുടപ്പനക്കുന്ന്, തിരുവനന്തപുരം | 04712732918<br>9188522701 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം<br>കൊട്ടിയം | 04742537300<br>9188522702 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം<br>തലയോലപ്പറമ്പ് | 04829234232<br>9188522706 |
| സെൻട്രൽ ഹാച്ചറി, ചെങ്ങന്നൂർ | 04792452277/2457778<br>9188522703 |
| ഡക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, മഞ്ചാടി, തിരുവല്ല | 9188522704 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം, ആലുവ | 04842631355<br>9188522708 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം വാഗൺ | 9188522707 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം, മലമ്പുഴ | 04912815454<br>9188522709 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം, മുണ്ടയാട്<br>കണ്ണൂർ | 04972763473<br>9188522712 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം,<br>സുൽത്താൻബത്തേരി, വയനാട് | 04936220399<br>9188522710 |
| മൃഗസംരക്ഷണ പരിശീലന കേന്ദ്രം,<br>ആതവനാട്, മലപ്പുറം | |

Jeevajalakam is Printed and published by Dr. K.M.Dileep, owned by Department of Animal Husbandry and Printed at Kerala Books and Publication Society, Kakkanad, Kochi - 30
Published at Livestock Management Training Centre, Kudappanakunnu, Thiruvananthapuram - 695 043
Editor Dr. Meera Unwin Antony